## "ഗുരുനാഥൻ അനുബന്ധം"



കൊച്ചിയിലെ വിദ്യാഭ്യാസഡയറക്ടർ

ഐ. എൻ. മേനോൻ അവർകൾ എം. എ.

UNIVERSITY LIBRARY
29 FEB
MADRAS

UNIVERSITY ... 29 FEB 1932

ഗുരുനാഥൻ.

| പുസ്തകം 11 | 1107 വൃശ്ചികം | ലക്കം 4 |
|---|---|---|

# വഞ്ചിവിണ്ണയിലെ മഞ്ജുളാലാപം.

(കുറത്തിപ്പാട്ട്—ലഘുമയം)

(വൈ. നാരായണയ്യർ)

അമരരാജദിക്കമൃതരശ്മിയിലമലനീരാട്ടുകഴിക്കവേ,
അരുണഭാസ്വരകിരണമാലയാലലമലംകൃതമാകവേ,
അനഘസുന്ദരവിഹഗകാകളീയവിരളാശിസ്സങ്ങരുളവേ,
അനിലനൻപോടുസുരഭിലോല്ലസസുമമൃദുസ്മിതമുതിർക്കവേ,
മധുപമഞ്ജുളവല്ലകീക്വണമഹിതഝംകൃതിപൊഴിയവേ,
ചതുരകുക്കുടഗളഭേരീരാഥിതജയജയധ്വനിയുയരവേ,
പവനചാലിതതരുലതാഗണംപരിചിൽനൃത്തമാടവേ,
വാരിധീശ്വരസഞ്ചലവീചികൾവിജയദുന്ദുഭിയടിക്കവേ,
ഭുവനകല്പകതരുകുലംതലയുലച്ചുചാമരംവീശവേ,
സരസിജാംഗനാമണികളുൽഫുല്ലകുസുമത്താലങ്ങളെടുക്കവേ,
ജലദനിസ്സൃതശിശിരശീകരപ്പനിനീർമാരിപൊഴിക്കവേ,
ഒരുസഹസ്രവുംശതവുമേഴുമങ്ങൊരുമിക്കുംശുഭവത്സര,
വരിഷ്ഠമാംതുലാമിരുപതായിടുംദിനവിഭാതവുമണഞ്ഞുതേ.
തിരുവിതാംകൂറിൻസുരുചിരോത്സവസുഭഗസൂചകമഹന്മുഖം,
വിലസദത്ഭുതവിശദചിത്രർക്ഷനവരവെൺപൂകളംശുകം,
ഉലകിനാകവേ കുളിരുനൽകിടുംമലയമാരുതപോതകം,
തിരുമൂലാവനീരമണനാണൊന്നൊരുചിരതപഃഫലതല്ലജം,
തിരുവഞ്ചിക്ഷ്മാജനവേഴാമ്പലിൻതൃഷതീർത്തിടുമജ്ജലധരം,
അരിയചിത്തിരസ്സുകൃതതാരകാകൃതാർത്ഥതാമണിപേടകം,
വളരെക്കാലമായിവർപ്രതീക്ഷിച്ചവളർക്ഷപക്ഷസുധാകരൻ,

തിരുമൂപ്പേററിതാ!കുളുർവെൺചന്ദ്രികവിതറിട്ടനിത്തുനിർഭരം!
കമലനാഭാംഘ്രികമലബംഭരം,കമനീയഗുണഡംബരം,
വിജയമന്ദിരം,വിലസദിന്ദിരം,വിനതജനഭാഗ്യകന്ദരം.
തിരുമൂപ്പേററതിൻതൃതീയവാസരംഇരുപതാംവയസ്സേല്ക്കുന്നു.
കരകവിയുന്നകരളിൽമോദമീക്കനകസൗഭാഗ്യഘടനയിൽ.
വിലയേറുന്നൊരീയവസരംനമ്മൾ വിഫലമാക്കായ്വിൻതോഴരേ!
നിലവിട്ടുവരുംമദിക്കുംമാദകദ്രവമീച്ചിത്രമഹോത്സവം!
വിജയമോതുവിൻ!വിളിതുടരുവിൻകരതാളങ്ങളുമടിക്കുവിൻ!
വിജയിച്ചീടട്ടെനവമഹാരാജൻ'വിജയിച്ചീടട്ടെചിത്രജൻ!
വിജയിച്ചീടട്ടെവിമലകീർത്തിമാൻ!വിജയിക്കാഞ്ചിരാസവൻ!
വിജയിച്ചീടട്ടെവിപുലാരോഗ്യവുംവിമലസൗഖ്യവുമായ്ച്ചിരം!
നവനൃപൻനിജനഖരാഗ്രങ്ങളെനയിച്ചുവഞ്ചിവിപഞ്ചിയിൽ
ഇനിയരാഗങ്ങൾപലതുമാലാപിച്ചുലകിന്നാനന്ദമരുളട്ടെ!
ജയിക്കട്ടെചിരം!ജയിക്കട്ടെചിരം!ജയിക്കട്ടെചിരം!ചിത്രജൻ.
ജയിക്കട്ടെചിരം!ജയിക്കട്ടെചിരം!!ജയിക്കട്ടെപൊന്നു
തമ്പുരാൻ.!!!

# പഠിത്തവും പ്രവൃത്തിയും.

2.

(പ്രോജക്റ്റ് മെത്തേഡ്)

(ജി. രാമൻമേനോൻ എം. എ., ബി. എൽ.)

പ്രോജക്റ്റ് മെത്തേഡിന്റെ ചില പ്രധാനതത്വങ്ങളെക്കുറിച്ച് മുൻലേഖനത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതിനെ സാധാരണ വിദ്യാഭ്യാസത്തിൽ പ്രയോഗിക്കുന്നതിന് ചില ഉദാഹരണങ്ങൾ ചുരുക്കമായി വിവരിക്കാം. നമ്മുടെ നാട്ടിൽ, മിയ്ക്ക വിദ്യാത്ഥികളുടെയും ജീവിതത്തിൽ കൃഷിയെപ്പററി ചില കാര്യങ്ങളെങ്കിലും അനുഭവപ്പെടുന്നതാണ്. അതുകൊണ്ട് ഇവിടെ കൃഷി സംബന്ധിച്ച പ്രോജക്ററുകളിൽ കുട്ടികളെ ഏർപ്പെടുത്തുന്നതു നന്നായിരിക്കും. പള്ളിക്കൂടപ്പുരയിടത്തിൽ ഓരോ ക്ലാസിന്റെ

യും വകയായി ഓരോ കായ്കറി കൃഷിത്തോട്ടം തുടങ്ങണമെന്നുള്ള ഉദ്ദേശം കുട്ടികൾതന്നെ പുറപ്പെടുവിക്കത്തക്കവണ്ണം അദ്ധ്യാപകന് അവരുടെ ശ്രദ്ധയെ ഉണർത്തുകയും നിയന്ത്രിക്കയും ചെയ്യാം. ഏതെങ്കിലും കൃഷിക്കാരന്റെയോ സ്ക്കൂളിന്റെയൊ വകയായി, പള്ളിക്കൂടത്തിന്റെ അടുക്കലുള്ള ഒരു നല്ല കായ്കറി കൃഷിത്തോട്ടം സന്ദർശിക്കുന്നതിന് കുട്ടികളെ കൊണ്ടുപോയി, അവിടത്തെ സസ്യങ്ങളേയും കൃഷിരീതികളേയും കുട്ടികളെ കാണിച്ചു മനസ്സിലാക്കിയാൽ, അവരുടെ വകയായും ഒരു കൃഷിത്തോട്ടം നടത്തിയാൽ കൊള്ളാമെന്ന് സ്വാഭാവികമായി അവക്കു താല്പര്യം തോന്നും. ഇതുസംബന്ധിച്ച സ്ഥലം തിരഞ്ഞെടുക്കുക, വേലികെട്ടുക, വിത്തുകൾ ശേഖരിച്ചുകൊണ്ടുവരിക, നടുക, വെള്ളംകോരുക മുതലായ ജോലികളെല്ലാം അദ്ധ്യാപകന്റെ സഹായത്തോടുകൂടി കഴിയുന്നിടത്തോളം കുട്ടികൾതന്നെ ചെയ്യണം. വേലിക്കു പത്തൽ ഇത്ര വേണം, ഇത്രയടി വീതം അകലംവിട്ട് വിത്തുകൾ നടാൻ കുഴിയുണ്ടാക്കണമെങ്കിൽ ഇത്ര കുഴിയ്ക്കു സ്ഥലമുണ്ട്, എന്നും മറ്റും കണക്കുകൾ ചെയ്തു കണ്ടുപിടിക്കുന്നതിനും ഇതിൽ സന്ദർഭം ലഭിയ്ക്കുന്നതാണ്. ഇന്ന സമയത്ത് ഇന്ന സസ്യകൃഷികൾ നടത്താം, ഇന്ന സസ്യം വിത്തിൽനിന്നു മുളയ്ക്കുന്നതിന് ഇത്ര ദിവസം വേണം, ഓരോ തരം സസ്യങ്ങളുടെ വളർച്ചയുടെ ഓരോ ഘട്ടത്തിലും അതിന്റെ ഇലയുടേയും മറ്റും രൂപം, നിറം മുതലായവ ഇന്ന വിധത്തിലിരിക്കും എന്നിങ്ങനെ പ്രകൃതിപാഠങ്ങളും ഈ പ്രോജക്റ്റു വഴിയായി ലഭിക്കുന്നതിനിടയുണ്ട്. കൃഷിചെയ്തുണ്ടാകുന്ന സാമാനങ്ങളുടെ ഉപയോഗം, അവയെ വിറ്റോ മറ്റോ മുതലാക്കാനുള്ള മാർഗ്ഗം മുതലായ കാര്യങ്ങളെക്കുറിച്ചും കുട്ടികളെക്കൊണ്ട് അന്വേഷണവും ചിന്തനവും ചെയ്യിച്ചു കാര്യങ്ങൾ അവരെക്കൊണ്ടുതന്നെ നടത്തിക്കുന്നതു് പല തരത്തിലും നല്ല വിദ്യാഭ്യാസമായിരിക്കും. ഇതുസംബന്ധിച്ചു വരവുചിലവുകൾക്ക് ശരിയായി കണക്കെഴുതുന്നതിനും കുട്ടികളെ പഠിപ്പിക്കാം.

കുട്ടികൾക്ക് ആവശ്യമുള്ള കടലാസ്സ്, മഷി, പേന, പെൻസിൽ, പുസ്തകങ്ങൾ മുതലായവ സൗകര്യപ്രദമായി വില്ക്കുന്ന ഒരു പരസ്പരസഹായഷാപ്പ് പള്ളിക്കൂടത്തിൽ തന്നെ നടത്താം. ഇതുസംബന്ധിച്ചും സാധാരണജീവിതത്തിൽ അത്യാവശ്യമുള്ള പല അറിവുകളും പരിശീലനങ്ങളും കുട്ടികൾക്കു സിദ്ധിക്കുന്നതാണ്.

കൃഷിഡിപ്പാർട്ടുമെന്റിൽനിന്ന് കൃഷിസംബന്ധിച്ചു നൽകുന്ന ഏതെങ്കിലും ഒരു നിർദ്ദേശം തന്റെ കൃഷിയിൽ ലാഭപ്രദമായിരിക്കുമോ എന്ന് ഒരു കൃഷിക്കാരന് കണ്ടുപിടിക്കണമെന്ന് താല്പര്യമുണ്ടെന്നു വിചാരിക്കുക. ഈ കാര്യം തീർച്ചപ്പെടുത്തുന്നതിന് ഏതെല്ലാം കാര്യങ്ങൾ അറിയണം;

അതിന് ഏതെല്ലാം പുസ്തകങ്ങൾ പരിശോധിച്ചുനോക്കണം എന്നിങ്ങനെയുള്ള സംഗതികളെപ്പററി അദ്ധ്യാപകൻ വേണ്ട സഹായങ്ങൾ നൾകുന്നപക്ഷം ഈ പ്രശ്നത്തിന് കുട്ടികളെക്കൊണ്ടുതന്നെ ഉത്തരം കണ്ടുപിടിപ്പിക്കാം. നെൽകൃഷിയാണ് വിഷയം എന്നു വിചാരിക്കുക. പുതിയ രീതി പരിശോധിച്ചുനോക്കിയാൽ കൊള്ളാമെന്നു താല്പര്യമുള്ള കൃഷിക്കാരന്റെ നിലത്തിന്റെ സ്വഭാവം ആദ്യം പരിശോധിച്ചറിയണം. ആ മാതിരി നിലത്തിൽ, കൃഷിവകുപ്പിൽനിന്നു നടത്തീട്ടുള്ള പരീക്ഷണകൃഷികളെപ്പററിയുള്ള റിക്കാർട്ടുകൾ പരിശോധിച്ചും മററും ഏതുതരം വളം ഉപയോഗിച്ചാലാണ് കൃഷി അധികം ലാഭപ്രദമായിരിക്കുക എന്ന് കണ്ടുപിടിക്കാം. സാധാരണമായ ചാരവും ചാണകവും മാത്രം വളമായി ഉപയോഗിച്ചാൽ, ഏക്കറിൽ 70 പറ നെല്ലുവീതം ഉണ്ടാകുന്നുവെന്നും, അത്രയും ചാരവും ചാണകവും ഇടുന്നതിനു പുറമേ ഏക്കറിന് ഒരു കണ്ടിവീതം മരവട്ടിപ്പിണ്ണാക്കുകൂടെ പൊടിച്ചു വിതറിയാൽ ഏക്കറിനു നാല്പതു പറ നെല്ല് കൂടുതൽ കിട്ടുമെന്നും, ഒരു കമ്പനിക്കാർ ഉണ്ടാക്കി വില്ക്കുന്ന കൂട്ടുവളം മാത്രം ഒരേക്കറിൽ രണ്ടു കണ്ടി വിതറിയാൽ, ഏക്കറിന് നൂററിഇരുപതു പറ നെല്ലു കിട്ടുമെന്നും കൃഷിവകുപ്പുവക റിക്കാർട്ടുകൾകൊണ്ടു കാണുന്നതായി വിചാരിക്കുക. നമ്മുടെ കൃഷിക്കാരൻ ഇതിൽ ഏതു രീതി സ്വീകരിക്കണമെന്നു തീർച്ചയാക്കാൻ ഇനിയും എന്തെല്ലാം കാര്യങ്ങൾ അറിയണം.? മരവട്ടിപ്പിണ്ണാക്കിനു കണ്ടിക്ക് എന്തു വിലവച്ചും കമ്പനിക്കാരുടെ കൂട്ടുവളം കണ്ടിക്ക് എത്ര രൂപാ വച്ചും ആ കാലത്തു കൃഷിസ്ഥലത്ത് കൊണ്ടുവരാൻ സാധിക്കുമെന്ന് അറിയേണ്ടിയിരിക്കുന്നു. നെല്ലിനു പറയ്ക്ക് എന്തു വില കിട്ടും, വളംവാങ്ങുന്നതിനു വേണ്ട പണം കൃഷിക്കാരൻ കടംവാങ്ങേണ്ടിയിരിക്കുന്നുവെങ്കിൽ പണത്തിനു പലിശ എന്തു കൊടുക്കണം, എന്നിങ്ങനെയുള്ള കാര്യങ്ങളും അറിയണം. ഇതൊക്കെ വളം വില്പനക്കാർ ബാങ്കുകാർ മുതലായവരോടും കൃഷിക്കാരനോടും മററും ചോദിച്ചു റിക്കാർട്ടു ചെയ്താൽ, കാര്യം തീരുമാനിക്കുന്നതിന് അങ്കഗണിതക്രിയകൊണ്ടു സാധിക്കും.

ഒരു കണ്ടി മരവട്ടിപ്പിണ്ണാക്ക് പത്തു രൂപാ വിലയ്ക്കു കൃഷിസ്ഥലത്തു കൊണ്ടുവരാമെന്നും, കമ്പനിക്കാരുടെ രണ്ടു കണ്ടി വളം കൃഷിസ്ഥലത്തു കൊണ്ടുവരണമെങ്കിൽ വിലയുൾപ്പെടെ മുപ്പതു രൂപായാകുമെന്നും, ഒരേക്കറിലേക്കു വേണ്ട ചാരത്തിനും ചാണകത്തിനും പത്തു രൂപാ ചിലവാകുമെന്നും നെല്ലിനു പറയ്ക്ക് അര രൂപാ വില കിട്ടുമെന്നും വിചാരിക്കുക. അപ്പോൾ ഒരേക്കറിൽ വളത്തിന് പത്തുരൂപാ ചിലവാക്കിയാൽ എഴുപതു പറ നെല്ലും, ഇരുപതു രൂപാ ചിലവാക്കിയാൽ നൂററിപത്തു പറ നെല്ലും, മുപ്പതു രൂപാ ചിലവാക്കിയാൽ നൂററിഇരുപതു പറ നെല്ലും കിട്ടുമെ

ന്നു കാണുന്നു. അതുകൊണ്ട് പ്രസ്തുത കൃഷിക്കാരന്റെ കാര്യത്തിൽ രണ്ടാമതു പറഞ്ഞ രീതിയിലുള്ള കൃഷിയായിരിക്കും ലാഭപ്രദം. 10 രൂപാ കൂടെ ചിലവാക്കി 10 പറ നെല്ലു കൂടുതൽ കിട്ടുന്നതു് നെല്ലിന്റെ വില ഒരു പറക്ക് ഒരു രൂപായിൽ കുറഞ്ഞാൽ പ്രത്യക്ഷമായി നഷ്ടപ്രദമാണല്ലോ. കമ്പനിക്കാരുടെ വളം ഇരുപതോ ഇരുപത്തിരണ്ടോ രൂപായ്ക്കു് കിട്ടുന്ന സ്ഥലങ്ങളിൽ, അതുപയോഗിക്കുന്നതായിരിക്കും കൃഷിക്കാരന് അധികം ലാഭപ്രദം. വളത്തിനു പണം കടംവാങ്ങേണ്ടിയിരിക്കയും, പണത്തിന് അക്രമമായ പലിശ കൊടുക്കേണ്ടിയിരിക്കയും ചെയ്താലും, കൃഷിക്കാരൻ വളത്തിന് അധികം പണം ചിലവാക്കുന്നതു നഷ്ടപ്രദമായി വന്നേക്കും. ഇതിനും ഉദാഹരണങ്ങൾ കണ്ടുപിടിക്കാവുന്നതാണ്.

ഇങ്ങനെ സാധാരണജീവിതത്തിൽ അനുഭവപ്പെടുന്ന പ്രവൃത്തികളേയും കാര്യങ്ങളേയും കണക്കുകളേയും ഉപയോഗിച്ചു് വിദ്യാഭ്യാസം നല്കുന്നതാണ് കുട്ടികൾക്കും ചെറുപ്പക്കാർക്കും അധികം ഉപയോഗപ്രദവും രസപ്രദവുമായിരിക്കുക.

പള്ളിക്കൂടത്തിലും അതിനു വെളിയിലും ശരിയായ ജീവിതത്തിലെല്ലാം മിക്കപ്പോഴും പഠിത്തം അല്ലെങ്കിൽ അഭ്യസനം നടന്നുകൊണ്ടിരിക്കുന്നു. കുട്ടികളുടേയും പ്രായപൂർത്തി വന്നവരുടേയും പഠിത്തങ്ങൾക്കു തമ്മിൽ അന്തസ്സ്വഭാവത്തിൽ വ്യത്യാസമില്ല. പഠിത്തം രസപ്രദവും പ്രയോജനപ്രദവും തൃപ്തികരവുമായിരിക്കണമെങ്കിൽ, അതു പഠിക്കുന്നയാളുടെ താല്പര്യങ്ങളേയും ആലോചന മുതലായ മാനസികശക്തികളേയും പ്രവൃത്തിശക്തികളേയും ഉപയോഗിക്കുന്നതായിരിക്കണം. കുട്ടികളുടെ വിഷയത്തിലും യഥാർത്ഥസ്ഥിതി ഇങ്ങനെയാണ്. കുട്ടികൾക്ക് ഇന്നതാണു നല്ലതെന്ന് അദ്ധ്യാപകരോ രക്ഷാകർത്താക്കളോ പറഞ്ഞാൽ മാത്രം പോരാ, അതു് കുട്ടികളെക്കൂടെ ബോദ്ധ്യപ്പെടുത്തണം. കുട്ടികളും ആലോചിക്കുന്നുണ്ട്. മറ്റുള്ളവരുടെ നിർബന്ധത്തെ മാത്രം അടിസ്ഥാനപ്പെടുത്തി, കുട്ടികൾ പഠിക്കുന്നതോ പ്രവർത്തിക്കുന്നതോ, ഇവരുടെ മനസ്സിനെ ഗാഢമായി സ്പർശിക്കുന്നില്ല. അതുകൊണ്ട് അഭ്യസനം എന്ന നിലയിൽ അതിനു പ്രയോജനവും കുറവാണ്. കുട്ടികളെക്കൊണ്ട് ആലോചിപ്പിക്കയും, അവരുടെ ആലോചനയിൽ തന്നെ അഭിലഷണീയമെന്നു തോന്നുന്ന പ്രവർത്തികളെ അവരെക്കൊണ്ട് വിജയപ്രദമായി നടത്തിക്കയും ചെയ്യുന്നതാണ് ഏററവും ഫലപ്രദമായ വിദ്യാഭ്യാസം. വായിക്കാനും എഴുതാനും ഉള്ള പരിശീലനം പോലും, അതുകൊണ്ടുള്ള പ്രയോജനം കുറേശ്ശെയായി കുട്ടികളെ മനസ്സിലാക്കിക്കൊണ്ടും, അവർക്കു രസപ്രദമായ ഉദ്ദേശ്യങ്ങൾ സാധിക്കുന്നതിനായും നടത്താവുന്നതാണ്. ഇങ്ങനെ ചെയ്താൽ കുറെക്കൂടി വേഗത്തി[illegible] സുഗമമായും കുട്ടികൾക്ക്, ഈ പരിശീലനം സിദ്ധിക്കും. തിരുവിതാം

ക്കൂർ ഗവൺമെണ്ടുവക പുതിയ മലയാളം ഒന്നാംപാഠപുസ്തകം ഒട്ടൊക്കെയെങ്കിലും ഈ തത്വത്തെ അനുസരിക്കുന്നുണ്ടു്. എന്നാൽ, എഴുത്തുപള്ളിയിൽവച്ചു് അക്ഷരങ്ങൾ പഴയ രീതിയിൽ പഠിച്ച കുട്ടികളെ ഈ ഒന്നാംപാഠപുസ്തകം പഠിപ്പിക്കുന്നതിൽ സമയംകളയുന്നതു ഭോഷത്വമാണു്. ഭാഷാപഠനത്തിന്റെ ആരംഭംതന്നെ ഈ പുസ്തകത്തിലെ രീതിയിലായിരിക്കണം. അക്ഷരം എഴുതാനും വായിക്കാനും പഠിച്ചിട്ടില്ലാത്ത കുട്ടികളെ സർക്കാർപള്ളിക്കൂടത്തിലൊ, ഗ്രാന്റുപള്ളിക്കൂടത്തിലൊ ചേർക്കാൻ കൊണ്ടുവന്നാൽ അദ്ധ്യാപകന്മാർ സന്തോഷപൂർവം സ്വീകരിക്കയാണു വേണ്ടതു്. ഇങ്ങനെയുള്ള കുട്ടികളെയുംകൊണ്ടു ചെല്ലുന്ന രക്ഷാകർത്താക്കളോടു് "എഴുത്തുപള്ളിയിൽ കുട്ടിയെ അയച്ചു്, അക്ഷരം പഠിപ്പിച്ചിട്ടു് ഇവിടെ ചേർക്കാൻ കൊണ്ടുവരണം" എന്നുംമററും പറഞ്ഞുവിടുന്ന ചില അദ്ധ്യാപകന്മാരുടെ അലസതയും, അജ്ഞതയും പരിതാപകരമാണെന്നേ പറയാനുള്ളു. അടുത്തുള്ള എഴുത്തുപള്ളികളിലും ഈ പുതിയ രീതിയിൽ അദ്ധ്യയനം നടത്താൻ അറിവുള്ള സർക്കാർസ്കൂൾ അദ്ധ്യാപകരും മററും ഉപദേശിക്കയും സഹായിക്കയും ചെയ്യേണ്ടതാണു്. അങ്ങനെ ചെയ്താൽ, കുട്ടികളുടെ ആയുസ്സിൽ രണ്ടോ അധികമൊ കൊല്ലം ഒന്നാംക്ലാസിലെ പഠിത്തത്തിനായി ചിലവാക്കാതെ എഴുത്തുപള്ളിയിൽനിന്നു വരുന്ന കുട്ടികളെ രണ്ടാംക്ലാസിൽ ചേർത്തു പഠിപ്പിക്കുന്നതിനു് സാധിക്കും. സാമാന്യവിദ്യാഭ്യാസവും, കുറച്ചു് ഒഴിവുസമയവും ഉള്ള രക്ഷാകർത്താക്കൾ കുറച്ചു ശ്രദ്ധിച്ചാൽ അവരുടെ കുട്ടികൾക്കു്, 1—ം 2—ം ക്ലാസിലെ പരിശീലനം ഒന്നോ ഒന്നരയോ കൊല്ലംകൊണ്ടു നൽകി, ഇവരെ ഒരു പാഠശാലാവർഷത്തിന്റെ ആരംഭത്തിൽ പള്ളിക്കൂടത്തിൽ 3-ാംക്ലാസിൽ ചേർക്കാൻ സാധിക്കും. ഇതിനിടയ്ക്കു കുട്ടികൾ ഗൃഹജീവിതത്തിൽനിന്നു്, അത്യാവശ്യമായ പല കാര്യങ്ങൾ കൂടുതലായി മനസ്സിലാക്കുന്നതിനും ഇടയുണ്ടു്.

കുട്ടികൾക്കു് എല്ലാം വെറും കളിയും നേരംപോക്കും ബോധിച്ചപോലുള്ള ഏർപ്പാടുകളുമായിരിക്കരുതു്. ലോകത്തിൽ പലപ്പോഴും ബുദ്ധിമുട്ടുള്ളതും രസംകുറഞ്ഞതുമായ കാര്യങ്ങൾ മനുഷ്യർക്കു നടത്താനുണ്ടു്. അതുകൊണ്ടു വിദ്യാഭ്യാസകാലത്തും നല്ല ഉദ്ദേശങ്ങൾ സാധിക്കുന്നതിനായി ബുദ്ധിമുട്ടി പ്രയത്നിക്കുന്നതിനു്, കുട്ടികളെയും ചെറുപ്പക്കാരെയും ശീലിപ്പിക്കണം. എന്നാൽ ഉദ്ദേശമില്ലാത്ത ബുദ്ധിമുട്ടുകൾ അവർക്കു നൽകുന്നതു് ദോഷപ്രദമായിരിക്കും. നല്ല കാര്യങ്ങൾ സാധിക്കുന്നതിൽ കുട്ടികളുടെ ശ്രദ്ധയെ പതിപ്പിച്ചാൽ, അവയ്ക്കായി വലിയ മുഷിച്ചിൽ കൂടാതെ അവർ ധാരാളമായി ബുദ്ധിമുട്ടി പ്രയത്നിക്കുന്നതാണു്.

# മണ്ടക്കാട്ടമ്മനും കൊടയും.

(കവിതിലകൻ കൊട്ടാരത്തിൽ ശങ്കുണ്ണി)

മണ്ടക്കാട്ട് എന്ന സ്ഥലം തിരുവിതാംകൂർ സംസ്ഥാനത്ത് ഇരണിയൽ (ഇപ്പോൾ കല്ക്കുളം) താലൂക്കിന്റെ തെക്കെ അററവും സമുദ്രതീരവുമാണ്. ഇവിടെ ഒരു ബ്രാഹ്മണാലയവും നാലഞ്ചു നായർഗൃഹങ്ങളും ഏതാനും വാണിയന്മാരുടെ പാർപ്പിടങ്ങളും പലതരക്കാരായ ഒട്ടുവളരെ കീഴ്ജാതിക്കാരുടെ വാസസ്ഥലങ്ങളും ഇവയുടെ ഇടയ്ക്ക് ഒരു അമ്മൻകോവിലും (ഭഗവതീക്ഷേത്രവും) ഒരു ശാസ്താംകോവിലും (ശാസ്താവിന്റെ അമ്പലവു)മുണ്ട്.

ഇനി അവിടെ ഈ അമ്മൻകോവിലുണ്ടായത് എങ്ങനെയെന്നു പറയാം. ഇരണിയൽ മുതലായ പ്രദേശങ്ങളിൽ, കന്നുകാലികളെ മേയ്ക്കുന്ന പുലയർ മുതലായവർക്ക് "കട്ടയടി" എന്നൊരു കളിയുണ്ട്. അതു ഏകദേശം പന്തുകളിപോലെ തന്നെയാണ്. പന്തിനു പകരം അവർ ഉപയോഗിക്കുന്നത് പനന്തേങ്ങാ(കരിമ്പനയുടെ കായ്)ആണ്. കന്നുകാലികളെ മേയ്ക്കുന്നവർ രണ്ടുഭാഗമായി നിന്നു മദ്ധ്യഭാഗത്ത് ഒരു പനന്തേങ്ങയിട്ടു അങ്ങോട്ടുമിങ്ങോട്ടും അടിച്ചു കളിക്കുക ആ ദിക്കുകളിൽ സാധാരണമാണ്. ഒരിക്കൽ അങ്ങനെയടിച്ച ഒരു പനന്തേങ്ങ അവിടെ അടുത്തുണ്ടായിരുന്ന ഒരു ചിതൽപ്പുററിന്മേൽ ചെന്നു കൊള്ളുകയും പുററ് സ്വല്പം പൊട്ടുകയും ആ പൊട്ടിയ സ്ഥലത്തുനിന്നു രക്തം പ്രവഹിച്ചുതുടങ്ങുകയും ചെയ്തു. കളിച്ചുകൊണ്ടു നിന്നിരുന്ന പുലയർ ആ രക്തപ്രവാഹം കണ്ടു ഭയവിഹ്വലരായി ഉറക്കെ നിലവിളിച്ചു. ചിലർ ബോധംകെട്ട് അവിടെത്തന്നെ വീഴുകയും ചെയ്തു. അപ്പോഴേക്കും ഈ വർത്തമാനമറിഞ്ഞു ആ സ്ഥലത്തിന്റെയും കന്നുകാലികളുടേയും ഉടമസ്ഥന്മാരും മററനേകം ജനങ്ങളും താലൂക്കിൽനിന്ന് തഹശീൽദാർ മുതലായവരും ആ സ്ഥലത്തെത്തി. അപ്പോഴും പുററിൽനിന്നു രക്തം പ്രവഹിച്ചുകൊണ്ടുതന്നെയിരുന്നു. അപ്പോൾ അമ്മന്റെ ഒരു ഭൂതം ഒരു മനുഷ്യന്റെ ദേഹത്തിന്മേൽ ആവേശിച്ച് അയാൾ തുള്ളി. ഈ പുററു സാക്ഷാൽ അമ്മന്റെ വിഗ്രഹമാണെന്നും അമ്മൻ വൽമീക(പുററു)രൂപത്തിൽ ഇവിടെ ആവിർഭവിച്ചിരിക്കുകയാണെന്നും ഈ പുററു ദേവി (ഭദ്രകാളി) തന്നെ എന്നു വിശ്വസിച്ച് പൂജിക്കുകയും വന്ദിക്കുകയും പ്രാർത്ഥിക്കുകയും ചെയ്താൽ മനുഷ്യർക്ക് സകലാഭീഷ്ടങ്ങളും സിദ്ധിക്കുമെന്നും ഈ ചിതൽപ്പുററു പൊട്ടിയിരിക്കുന്ന സ്ഥലത്ത് ചന്ദനമരച്ചു തേച്ചു വിടവടച്ചാൽ രക്തപ്രവാഹം നില്ക്കുമെന്നും താൻ ആ

മ്മൻെറ ഒരു ഭൂതമാണെന്നും പറഞ്ഞു. ഉടനെ തഹശീൽദാരും മററും കൂടി ഒരു നല്ല പ്രശ്നക്കാരനെ വരുത്തി പ്രശ്നം വാശ്ശിച്ചു നോക്കിക്കുകയും ആ മനുഷ്യൻ തുള്ളിപറഞ്ഞതെല്ലാം വാസ്തവമാണെന്നു പ്രശ്നക്കാരൻ വിധിക്കുകയും അപ്പോൾ ഈ പുററ് അമ്മൻതന്നെയെന്നു എല്ലാവക്കും വിശ്വാസമാവുകയും ചെയ്തു.

അനന്തരം ആ സ്ഥലത്തിൻെറ ഉടമസ്ഥൻ ബ്രാഹ്മണരെക്കൊണ്ട് രണ്ടുമൂന്നു തുലാം ചന്ദനമരപ്പിച്ചു പുററിൻെറ വിടവ് അടപ്പിക്കുകയും അപ്പോൾ രക്തപ്രവാഹം നില്ക്കുകയും ചെയ്തു. പിന്നെ അമ്മന് മുറയ്ക്കു പൂജയും തുടങ്ങിച്ചു. ഇപ്രകാരമാണ് മണ്ടക്കാട്ടു അമ്മൻെറ ആഗമം

അമ്മൻെറ വിഗ്രഹമായ ആ പുററു നനയാതെയിരിക്കുന്നതിനും അവിടെ അശുദ്ധിയും മററും ബാധിക്കാതെയിരിക്കുന്നതിനുമായി സ്ഥലത്തിൻെറ ഉടമസ്ഥൻതന്നെ തല്ക്കാലം ഓലമച്ചിലായിട്ട് ഒരു മേൽപുര ഉണ്ടാക്കിക്കുകയും ചുററും വേലി കെട്ടിക്കുകയും ചെയ്തു.

പതിവായി പൂജയും മററും തുടങ്ങിയപ്പോൾ അവിടെ അമ്മൻെറ ചൈതന്യം വദ്ധിച്ചുതുടങ്ങി. അപ്പോൾ ജനങ്ങൾ അവിടെച്ചെന്ന് അമ്മനെ വന്ദിക്കുകയും സേവിക്കുകയും ഓരോ കായ്യങ്ങൾ സാധിക്കുന്നതിനായി പ്രാത്ഥിക്കുകയും വഴിപാടുകൾ കഴിക്കുകയും മററും തുടങ്ങി. അമ്മൻ ജനങ്ങളുടെ അപേക്ഷകളെല്ലാം സാധിപ്പിച്ചു കൊടുത്തുംതുടങ്ങി. അങ്ങിനെയായപ്പോൾ മണ്ടക്കാട്ടു അമ്മൻെറ അടുക്കൽ അപേക്ഷിച്ചാൽ സകല കായ്യങ്ങളും സാധിക്കുമെന്നൊരു വിശ്വാസം ജനങ്ങളുടെ മനസ്സിൽ ദൃഢീഭവിച്ചു. മണ്ടക്കാട്ടമ്മൻ എന്നുള്ള പ്രസിദ്ധി ലോകത്തിൽ സവ്വത്ര പരക്കുകയും ചെയ്തു. അപ്പോൾ ദേവീദശനത്തിനായും അവിടെ ഭജിക്കുന്നതിനായും വഴിപാടുകൾ നടത്തുന്നതിനായും മററും ദൂരസ്ഥലങ്ങളിൽനിന്നും ജനങ്ങൾ അവിടെ വന്നുതുടങ്ങി. അപ്പോൾ ചൊവ്വാഴ്ച വെള്ളിയാഴ്ച ഇങ്ങനെയുള്ള വിശേഷദിവസങ്ങളിൽ അവിടെക്കൂടുന്ന ജനങ്ങൾക്കു സംഖ്യയില്ലാതെയായി. അതിനാൽ പണമായിട്ടും പണ്ടങ്ങളായിട്ടും മററു സാധനങ്ങളായിട്ടുമുള്ള നടവരവും അസാമാന്യമായി വദ്ധിച്ചു. അവയെല്ലാം ആ സ്ഥലത്തിൻെറ ഉടമസ്ഥന് എടുക്കുകയും യഥേഷ്ടം ഉപയോഗിക്കുകയും ചെയ്യാമായിരുന്നതുകൊണ്ട് അയാൾ വലിയ ധനവാനായിത്തീരുകയും ചെയ്തു.

അമ്മനു പതിവായി പൂജയും മററും തുടങ്ങിയപ്പോൾ അമ്മൻെറ വിഗ്രഹം (പുററ്) ക്രമേണ വളന്നുതുടങ്ങി. ഇപ്പോൾ അതു് ഒരു ചെറിയ പവ്വതം പോലെയായിട്ടുണ്ട്. 'അതിനിപ്പോൾ ഏകദേശം ഇരുപതടി പൊക്കവും നാല്പതടി ചുററളവും അഗ്രഭാഗത്ത് രണ്ടുമൂന്നു ശിഖരങ്ങളുമുണ്ട്. ആ കൊടുമുടികൾ അതിന്നൊരു ഭൂഷണമായിത്തന്നെ ശോഭിക്കുന്നു.

ഇത്രയുമായിട്ടും അമ്മന്റെ വളർച്ച നിന്നിട്ടില്ല. ഇപ്പോഴും വളർന്നുകൊണ്ടു തന്നെയാണിരിക്കുന്നതു്.

അമ്മൻകോവിലന്റെ ഉടമസ്ഥാവകാശം സിദ്ധിച്ചിരുന്ന കുടുംബക്കാർ നടവരവുകൊണ്ടുംമററും വലിയ ധനവാന്മാരായിത്തീർന്നപ്പോൾ അവർക്കു പണം സമ്പാദിക്കുന്നതിലുള്ള ആഗ്രഹം വർദ്ധിക്കുകയും ദേവിയെക്കുറിച്ചുള്ള ഭക്തിയും ദേവീകാര്യങ്ങളിലുള്ള ശ്രദ്ധയും കുറയുകയും ചെയ്തു. നേരനീക്കം കൂടാതെ പൂജയും മററും നടത്തിക്കണമെന്നുള്ള വിചാരംപോലും അവർക്കില്ലാതെയായി. അപ്പോൾ അവിടെ സർക്കാരിൽനിന്നു പ്രവേശിച്ചു് അമ്മൻ കോവിലും ആ സ്ഥലവുംമററും സർക്കാരിൽ ചേർത്തു. അതിനെക്കുറിച്ചു് ഉടമസ്ഥന്മാർ മഹാരാജാവു തിരുമനസ്സിലെ സന്നിധിയിൽ സങ്കടമറിയിക്കുകയാൽ കല്പനപ്രകാരം അവർക്കു് ഏതാനും പണംകൊടുത്തു് അവരുടെ ഉടമസ്ഥാവകാശം സർക്കാരിലേയ്ക്കു് എഴുതിവാങ്ങി. അങ്ങനെ ആ അമ്മൻ കോവിലും അതിനോടുചേർന്ന സ്ഥലവുമെല്ലാം തിരുവിതാംകൂർ സർക്കാർവകയായിത്തീർന്നു. പിന്നെ സർക്കാരിൽനിന്നു കോവിലിലെ നിത്യനിദാനം, മാസവിശേഷം, ആട്ടവിശേഷം മുതലായവയെല്ലാം പതിവുകൾ നിശ്ചയിക്കുകയും അതുപ്രകാരം സകലതും ശരിയായി നടത്തിത്തുടങ്ങുകയും ചെയ്തു.

പൂജയുംമററും ശരിയായി നടത്തിത്തുടങ്ങിയപ്പോൾ അവിടെ അമ്മന്റെ ശക്തിയും ചൈതന്യവും പൂർവ്വാധികം വർദ്ധിച്ചു. ദേവിക്കു "ഭയങ്കരി" എന്നുള്ള നാമം യഥാർത്ഥമായിത്തീർന്നു. നട്ടുച്ചസമയത്തുപോലും ഭയനിമിത്തം ജനങ്ങളവിടെ പോകാതെയായി. അപ്പോൾ ദേവിയുടെ ശക്തി കുറയുന്നതിനായി പതിവായിട്ടുള്ള പൂജ കുരുക്കൾ എന്ന ജാതിക്കാർ നടത്തുന്നതിനും ബ്രാഹ്മണരുടെ പൂജ വിശേഷദിവസങ്ങളിൽ മാത്രം മതിയെന്നും നിശ്ചയിച്ചു. അങ്ങിനെ നടത്തിത്തുടങ്ങിയപ്പോൾ അമ്മന്റെ ശക്തി കുറഞ്ഞു. യഥാപൂർവ്വം പാകത്തിലായി. അതിനാൽ ഇപ്പോഴും അങ്ങിനെ തന്നെ നടന്നുവരുന്നു.

ഇനി കൊടയെക്കുറിച്ചു പറയാം. "മണ്ടക്കാട്ടു കൊട" എന്നു പറഞ്ഞാൽ മണ്ടക്കാട്ടമ്മന്റെ പരിവാരങ്ങളായ ഭൂതപ്രേതപിശാചാദികൾക്കു് ആടുംകോഴിയും വെട്ടി ബലി കൊടുക്കുകയാണു്. ദേവി വസൂരിവിത്തു് തന്റെ പരിവാരങ്ങളിൽ കൊടുക്കുകയും അവർ കൊണ്ടുപോയി ജനങ്ങളുടെ മേൽ വിതയ്ക്കുകയും ചെയ്യുന്നു എന്നും അങ്ങനെയാണു ജനങ്ങൾക്കു് വസൂരി, അല്ലെങ്കിൽ മസൂരി ഉണ്ടാകുന്നതെന്നും ദേവിയുടെ പരിവാരങ്ങൾക്കു ബലികൊടുത്തു് പ്രസാദിപ്പിച്ചുകൊണ്ടാൽ ആ ദീനം ഉണ്ടാവുകയില്ലെന്നും ഈ പരിവാരങ്ങളെ പ്രസാദിപ്പിക്കുന്നതു ദേവിക്കും സന്തോഷകരമാണെന്നുമാണു് ജനങ്ങളുടെ വിശ്വാസം.

അമ്മൻകോവിലിൽ പ്രധാനദിവസം ചൊവ്വാഴ്ചയാണ്. വിശേഷിച്ചു മാസംതോറും ഒടുവിലത്തെ ചൊവ്വാഴ്ച അതിപ്രധാനമാണ്. അതിനാൽ ചൊവ്വാഴ്ചതോറുമാണ് അവിടെ ദർശനത്തിനും വഴിപാടുകൾ നടത്താനുമായി ജനങ്ങൾ വന്നുകൂടുന്നത്. എല്ലാ ചൊവ്വാഴ്ചകളും അവിടെ സ്ത്രീകളും പുരുഷന്മാരുമായി അഞ്ഞൂറിൽ കുറയാതെ ജനങ്ങൾ കൂടുന്നുണ്ട്. ഒടുവിലത്തെ ചൊവ്വാഴ്ചകൾ കൂടുന്ന ജനങ്ങളുടെ സംഖ്യ ആയിരത്തിൽ ഒട്ടും കുറവായിരിക്കയില്ല. ഒടുവിലത്തെ ചൊവ്വാഴ്ചതോറും അവിടെ അമ്മനെ എഴുന്നള്ളിക്കുകയും പതിവാണ്. അതൊരു പതിവടിയന്തിരമാകയാൽ അതിനു വലിയ ഘോഷമൊന്നുമില്ല. ചെറിയ ശ്രീകോവിൽപോലെ അല്ലെങ്കിൽ പഴക്കാമണ്ഡപംപോലെ ഒരു വാഹനം കെട്ടിയുണ്ടാക്കി അലങ്കരിച്ച് അതിൽ ദേവിയുടെ പള്ളിശ്ശൂലം വച്ചാണ് എഴുന്നള്ളിക്കുന്നത്. ശ്രീകോവിൽപോലെ കെട്ടിയുണ്ടാക്കുന്ന വാഹനത്തിന് അവിടെ പറയുന്ന പേർ "ചപ്രം" എന്നാണ്. ചൊവ്വാഴ്ചക്ക് അവിടെ കൂടുന്ന ജനങ്ങൾ അരിവീതിച്ചെടുത്തു കഞ്ഞിവെച്ച് പാവങ്ങൾക്കു കൊടുക്കുകയും പതിവാണ്. അതും ദേവീപ്രസാദകരമായ ഒരു വഴിപാടാണ്. ഇങ്ങനെ കഞ്ഞികൊടുക്കുന്നതിന് മാസംതോറും ഏകദേശം മുപ്പതു നാല്പതുപറ അരിയോളം വേണ്ടിവരും. ഇതുകൊണ്ട് അവിടെക്കൂടുന്ന അഗതികളും കുറച്ചൊന്നുമല്ലെന്നു സ്പഷ്ടമാകുന്നുണ്ടല്ലോ.

കൊട കുംഭമാസത്തിൽ ഒടുവിലത്തെ ചൊവ്വാഴ്ച നടത്തണമെന്നാണു വെച്ചിരിക്കുന്നത്. എന്നാൽ അന്ന് ഏകാദശിയാണെങ്കിൽ കൊട അതിന്റെ മുമ്പിലത്തെ ചൊവ്വാഴ്ചയാക്കും. കൊടയുടെ പത്തുദിവസം മുൻപു വരുന്ന ഞായറാഴ്ച കൊടിയേറി പത്തു ദിവസത്തെ ഉത്സവവും അതിനിടയ്ക്കുവരുന്ന വെള്ളിയാഴ്ചദിവസം "വലിയ പടുക്ക" എന്നൊരടിയന്തിരവും പതിവുണ്ട്. ഒട്ടുവളരെ മലരും പഴവും അട, വട, അപ്പം, തിരളി മുതലായവയുമുണ്ടാക്കി നടയിൽ കൊണ്ടുചെന്നു കൂട്ടുന്നതിനാണ് "വലിയ പടുക്ക" എന്നു പറയുന്നത്. ഇതും ദേവിയുടെ പരിവാരങ്ങൾ പ്രസാദിക്കാനായിച്ചെയ്യുന്നതാണ്. കൊടയുടെ ദിവസമറിഞ്ഞു ദൂരസ്ഥലങ്ങളിൽനിന്നുകൂടി ജനങ്ങൾ വന്നുചേരേണ്ടതാകകൊണ്ട് കൊട, കൊടിയേറ്റ്, വലിയ പടുക്ക ഇവയുടെ ദിവസങ്ങൾ രണ്ടുമൂന്നു മാസം മുൻപേ നോക്കിയറിഞ്ഞു "ഇരുമ്പിലിആശാൻ" എന്ന സ്ഥാനി താലൂക്കിലേക്ക് എഴുതിയയക്കുകയും അതു തഹശീൽദാർ എഴുതിയയച്ചു സർക്കാർഗസറ്റിൽ ചേർത്തു പ്രസിദ്ധപ്പെടുത്തുകയും പതിവാണ്. ഗസറ്റിലെ പരസ്യം കണ്ടു കൊടിയേറ്റുമുതൽ ജനങ്ങൾ മണ്ടക്കാട്ടു വന്നു കൂടിത്തുടങ്ങും. പല സ്ഥലങ്ങളിൽ നിന്നും ജനങ്ങൾ വരുന്നുണ്ട്. എങ്കിലും കൊല്ലത്തുനിന്നാണ് അധി

കമാളുകൾ അവിടെ വന്നുകൂടുന്നത്. അതിനാൽ ഏതു ദിക്കിൽനിന്നു വരുന്നവരെയും ആ ദിക്കുകാർ പറയുന്നതു "കൊല്ലത്തുകാർ" എന്നാണ്. കൊല്ലത്തുകാർ വന്നുതുടങ്ങി, കൊല്ലത്തുകാർ പോയിത്തുടങ്ങി എന്നു പറയുക അവിടെ സാധാരണമാണ്. കൊടയ്ക്കായി മണ്ടക്കാട്ട വന്നു കൂടുന്നത് അധികവും താഴ്ന്ന ജാതിക്കാരാണ്. ഉയർന്ന ജാതിക്കാരായ ഹിന്ദുക്കൾ വളരെ ചുരുക്കമായിട്ടേ വരാറുള്ളൂ. അടുത്ത ദേശക്കാരിൽ അധികം അവിടെ വന്നുകൂടുന്നത് കളച്ചൽവെട്ടികളും കീഴ്ക്കര കൃഷ്ണൻവകക്കാരെന്നു പറയപ്പെടുന്ന ജാതിക്കാരുമാണ്. ഇവരൊക്കെ വരുന്നത് പല തരത്തിലുള്ള ആടുകളേയും കോഴികളേയും കൊണ്ടാണ്. അവർക്ക് ആടുകളേയും കോഴികളേയും വെട്ടി വധിക്കുന്നതിന് കൊടദിവസംതന്നെ വേണമെന്നും കോവിലിന്റെ സമീപത്തു വെന്നിട്ടു വേണമെന്നുമറവുമില്ല. അവർ ആ ദേശത്തു കടക്കുമ്പോൾ മുതൽ ആടുകളേയും കോഴികളേയും വെട്ടി വധിച്ചുതുടങ്ങുക പതിവായിരുന്നു. കൊടിയേററു മുതൽ കൊടദിവസം കഴിയുന്നതുവരെ ആ ദേശത്തെല്ലാം സദാ ആടുകളുടേയും കോഴികളുടേയും മരണവേദനയോടുകൂടിയ രോദനം കേട്ടിരുന്നു. കരുണാനിധിയായ സേതുലക്ഷ്മീഭായി മഹാരാജ്ഞി തിരുമനസ്സിലെ ഭരണകാലത്തുണ്ടായ ജീവകാരുണ്യസംയുക്തമായ കല്പന നിമിത്തം ഇപ്പോൾ അവിടെ ഇതു നിശ്ശേഷം നിന്നുപോയിരിക്കുന്നു. എന്നാൽ കൊട സംബന്ധിച്ചുള്ള മററു ചടങ്ങുകൾക്കും ഉത്സവം, വലിയ പടുക്ക മുതലായവയ്ക്കും യാതൊരു കുറവും വ്യത്യാസവും വന്നിട്ടില്ല. അവയെല്ലാം യഥാപൂർവം ഇപ്പോഴും നടന്നുവരുന്നുണ്ട്.

മുൻപു മണ്ടക്കാട്ടമ്മന് മീനമാസത്തിൽ ഭരണിനാൾ തൂക്കം എന്നൊരു വഴിപാട് പതിവുണ്ടായിരുന്നു. അത് ഏററവും ഭയങ്കരവും ആപൽക്കരവുമായിരുന്നതിനാൽ ഏതാനും കൊല്ലങ്ങൾക്കു മുമ്പ് അതും സക്കാരിൽനിന്നു നിറുത്തലാക്കി. ഇതൊന്നുകൊണ്ടും അവിടെ അമ്മന്റെ ചൈതന്യവും ശക്തിയും കുറഞ്ഞിട്ടില്ല. അവ ഇപ്പോഴും വർദ്ധിച്ചുകൊണ്ടു തന്നെയാണിരിക്കുന്നത്.

മണ്ടക്കാട്ട് അമ്മൻകോവിൽ സക്കാർവകയായതിൽപിന്നെ അവിടെ വളരെ പരിഷ്കാരം വന്നിട്ടുണ്ട്. കോവിലിന്റെ മേച്ചിൽ ഓലയാക്കിയിരുന്നതു മാററി ഓടാക്കി. കോവിലിന്റെ ചുററുമുള്ള തിരുമുററത്തിന് വിസ്താരം വളരെ വർദ്ധിപ്പിച്ചു. കോവിലിന്റെ ദർശനം വടക്കോട്ടാകയാൽ ആ വശത്തു നല്ലതായിട്ട് ഒരു കളിത്തട്ടുണ്ടാക്കിച്ചു. അതിനടുത്തുള്ള ആൽവൃക്ഷങ്ങൾക്കെല്ലാം തറ കെട്ടിച്ചു. അവിടെ പടിഞ്ഞാറു മാറിയുള്ള ശാസ്താങ്കോവിലിന്റെ ജീർണ്ണോദ്ധാരണം കഴിപ്പിച്ചു. അവിടെയിപ്പോഴും അടുത്തെങ്ങും ഉയർന്ന ജാതിക്കാരായ ഹിന്ദുക്കളുടെ വാസമില്ലെന്നു

ള്ള ഒരു ദോഷം മാത്രമേ ഉള്ളു. കാലക്രമേണ ആ ദോഷവും നീങ്ങിപ്പോകുമായിരിക്കാം.

കടുത്ത വേനൽക്കാലമാകുമ്പോൾ (മീനം മേടം ഈ മാസങ്ങളിൽ) അമ്മൻെറ വിഗ്രഹം (ആ ചിതൽപ്പുററ്) ചില ഭാഗങ്ങളിൽ പൊട്ടി വിടവുണ്ടാവുക പതിവാണ്. ദേവിയുടെ പരിവാരങ്ങൾ വസൂരിവിത്ത് കൊണ്ടുപോയി മനുഷ്യരുടെ ദേഹത്തിൽ വിതച്ചു കഴിഞ്ഞിട്ടു മിച്ചം വരുന്നതു് അക്കാലത്തു തിരിയെ കൊണ്ടുചെന്നു ദേവിയെ ഏല്പിക്കും. അതു വാങ്ങി ദേവി തൻെറ ദേഹത്തിലാക്കി സൂക്ഷിക്കും. അതുകൊണ്ടാണ് ദേവിയുടെ ദേഹത്തിൽ ഈ പൊട്ടലുണ്ടാകുന്നതെന്നാണ് ഭക്തജനങ്ങളുടെ വിശ്വാസം. ഇങ്ങനെ പൊട്ടലുണ്ടായാൽ ബ്രാഹ്മണനെക്കൊണ്ടു ചന്ദനമരപ്പിച്ചു തേപ്പിച്ച് ആ വിടവുകളടക്കുക പതിവാണ്. ഇതിന് മുപ്പതു, നാല്പതു തുലാം ചന്ദനം വേണ്ടിവരും. ആ വിടവുകൾ ഇങ്ങനെ അടക്കാതെയിരുന്നാൽ വസൂരിവിത്തു തന്നെ പൊട്ടി പുറത്തേയ്ക്കു തെറിച്ച് സർവ്വത്ര വ്യാപിക്കും. വേനൽക്കാലങ്ങളിൽ ചിലപ്പോൾ ദക്ഷിണതിരുവിതാംകൂറിൽ വസൂരി കലശൽ കൂട്ടുന്നതു് ഈ വിടവുകളടയ്ക്കാൻ താമസിച്ചിട്ടാണത്രെ. ഇങ്ങനെ മണ്ടക്കാട്ടമ്മൻെറ കഥകൾ ഇനിയും വളരെപ്പറയാനുണ്ടു്. ഇപ്പോഴത്തെ പുതിയ പരിഷ്കാരികൾക്ക് ഈ വകയിലൊന്നും വിശ്വാസമില്ലാത്തതിനാൽ ഇനി അധികം വിസ്തരിക്കുന്നില്ല.

# ഹരിദ്വാരത്തിലെ ഗുരുകുലവിദ്യാലയം.

(സി. പി ഗോവിന്ദപ്പിള്ള എം ആർ., ഏ. എസ്സ്.)

ഇപ്പോഴത്തെ വിദ്യാഭ്യാസരീതി രാജ്യക്ഷേമത്തിനു പര്യാപ്തമല്ലെന്നും അതിനാൽ ഇതിനെ കാലത്തിനു യോജിച്ച വിധം പരിഷ്കരിക്കണമെന്നും ഉള്ള അഭിപ്രായം ഭാരതഖണ്ഡത്തിൻെറ ഈ ഒഴിഞ്ഞ കോണിൽ പോലും വ്യാപിച്ചിരിക്കുന്നു. ഭാവിയിൽ പൗരന്മാരായിത്തീരേണ്ട കുട്ടികളുടെ വിദ്യാഭ്യാസവിഷയത്തിൽ മാർഗ്ഗനിർദ്ദേശം ചെയ്യാൻ ഏതു കാലത്തും ഉള്ള മഹാന്മാർ അവരുടെ ബുദ്ധിശക്തിയെ വേണ്ടപോലുപയോഗിച്ചിട്ടുണ്ടു്. ഒരു ജനതയുടെ ഔന്നത്യം ആ ജനത അംഗീകരിച്ചു പ്രയോഗിക്കുന്ന വിദ്യാഭ്യാസരീതിയെയാണ് ആശ്രയിക്കുന്നതു്. കുട്ടികൾക്ക് ഈ വി

ഷയത്തിൽ സുകരമായ മാർഗ്ഗം കണ്ടറിയാനുള്ള പ്രയത്നത്തെക്കാൾ പരിശുദ്ധമായി മററൊരു കൃത്യവുമില്ല. മനുഷ്യവർഗ്ഗത്തിന് യഥാർത്ഥോപകാരികൾ വിദ്യാഭ്യാസപ്രവർത്തകരാകുന്നു. ബുദ്ധിയും ശരീരവും അന്യോന്യം യോജിച്ച് അഭിവൃദ്ധിപ്പെടാനുള്ള ശക്തിയെ നാട്ടിൽ വ്യാപിപ്പിക്കുന്നതു് അവരാകുന്നു. ഭാരതഖണ്ഡം പണ്ടുപണ്ടേ ഒരു ആദർശഭൂമിയാണ്. ഇവിടെ മനു മുതലായ പ്രാചീനാദർശപുരുഷന്മാർ വിദ്യാഭ്യാസത്തെ അധികരിച്ച് ഏർപ്പെടുത്തിയ നിയമങ്ങളിൽ ചിലതു ബുദ്ധമതകാലത്തെ സർവ്വകലാശാലകളെപ്പോലും ബാധിച്ചിരുന്നു. ആര്യസന്തതികളായ ഭാരതീയരുടെ ഭാഗ്യത്തെ സ്മൃതികൾ ഭരിച്ചുകൊണ്ടിരിക്കുമ്പോഴാണ് അറബ് രാജ്യത്തിൽ അവതരിച്ച നബിയുടെ ആദർശങ്ങളെ ആദരിക്കുന്ന ആളുകൾ അസംഖ്യമുണ്ടായി. ആ മുഹമ്മദീയമതക്കാർ കിഴക്കൻയാത്രയ്ക്കുദ്ദേശിച്ച മുഹൂർത്തം സ്മൃതികളുടെ ശക്തിക്ഷയാരംഭകാലമായി ഗണിക്കാം. സ്വൈരവിഹാരം ചെയ്തിരുന്ന സ്മൃതിയുടെ സ്വാധീനശക്തിക്കു മുഹമ്മദീയജനത മൂലം ഒരു വിപരീതശക്തി ആവിർഭവിച്ച് അനുവാസരം വളർന്നു. അനന്തരം യൂറോപ്യന്മാരുടെ വരവായി. അവരുടെ രാജ്യതന്ത്രപ്രാഭവം ഇവിടെ സ്ഥാപിക്കപ്പെട്ടതോടുകൂടി സ്മൃതിനിയമങ്ങളുടെ സ്വച്ഛന്ദകേളിക്ക് എതിർശക്തി വേറൊന്നുകൂടി സംഭവിച്ചു. വിദ്യാഭ്യാസവിഷയത്തിലും ഈ വിദേശീയശക്തികൾ ഭാരതത്തെ സ്വാധീനപ്പെടുത്താൻ തുടങ്ങി. കാലാന്തരംകൊണ്ട് ഭാരതീയരുടെ പുരാതനവിദ്യാഭ്യാസാദർശം മങ്ങിമറഞ്ഞു. ആംഗ്ലവിദ്യാഭ്യാസത്തിന് ഇവിടെ അടിയുറപ്പിച്ച മെക്കാളിപ്രഭുവിന്റെ പ്രശംസകസൈന്യം കെട്ടി ഉയർത്തിയ പ്രാകാരങ്ങളെ ഭേദിക്കാൻ സ്മൃത്യാദർശങ്ങൾക്കു ശക്തിയില്ലാതെ പ്രാചീനകാലങ്ങളെല്ലാം തമസ്സിൽ മുങ്ങി ലയിച്ചു. അങ്ങനെ ആര്യധർമ്മഹാനി ഭവിച്ചപ്പോൾ ഹൈന്ദവധർമ്മസ്ഥാപനത്തിന് ഒരു നവാവതാരം ഉണ്ടായി. സ്വാമി ദയാനന്ദസരസ്വതിയുടെ ആ ഉദയം ഹൈന്ദവകലകളെ അല്പാല്പമായി പ്രകാശിപ്പിക്കാൻ തുടങ്ങി. അന്ധകാരത്തിലേയ്ക്ക് ആണ്ടുപോകുന്ന മാതൃഭൂമിയെ ഉയർത്താൻ പല ആലോചനകളും നടത്തിക്കൊണ്ടിരിക്കുമ്പോൾ ഇവിടെ പ്രചാരത്തിലിരിക്കുന്ന വിദ്യാഭ്യാസരീതിയാണ് അവശ്യം ഭേദപ്പെടുത്തേണ്ടതെന്ന് അദ്ദേഹത്തിനു തോന്നി. പഴയ വർണ്ണാശ്രമജീവിതസമ്പ്രദായത്തെ പുനരുജ്ജീവിപ്പിച്ചെങ്കിലല്ലാതെ ഭാരതഖണ്ഡത്തിനു രക്ഷയില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം.

മതരക്ഷയ്ക്കും ഈ പദ്ധതിയാണ് അത്യന്താപേക്ഷിതമായി അദ്ദേഹം കണ്ടതു്. അക്കാലത്തു് ഋഷിപ്രോക്തങ്ങളായ വിജ്ഞാനങ്ങളെല്ലാം അസ്തമിയ്ക്കുകയും പടിഞ്ഞാറൻപരിഷ്കാരമുറകളെ കൈക്കൊള്ളാൻ ജനതാ

മൌഢ്യപ്രബലമായ അഭിനിവേശം വേരൂന്നുകയും ചെയ്തിരുന്നു. മൂന്നു തലമുറ കൊണ്ടു് നമ്മുടെ ഭാഷയേയും സാഹിത്യത്തേയും തട്ടിത്തകർക്കാൻ ഇംഗ്ലീഷുവിദ്യാഭ്യാസത്തിന്നു് ശക്തിയുണ്ടായതു നോക്കുമ്പോൾ വിദേശീയാശയപ്രചരണം കുറെക്കാലം നീണ്ടു നില്ക്കയാണെങ്കിൽ വേദം, ദർശനം, സ്മൃതി, ഇതിഹാസം എന്നിവയുടെ ഗതി എന്തായിരിക്കും. വരാൻപോകുന്ന ആ ആപത്തിനെ തടുക്കാൻ പൌരസ്ത്യവിജ്ഞാനവിദഗ്ദ്ധന്മാർ ചെയ്തുപോരുന്ന പ്രയത്നങ്ങളെ സ്വാമി ദയാനന്ദസരസ്വതി ആദരിച്ചുവെങ്കിലും അവയൊന്നും ഉദ്ദേശ്യസാദ്ധ്യത്തിന്നു പര്യാപ്തമല്ലെന്നു തോന്നിയിട്ടാണു് അദ്ദേഹം ഗുരുകുലവിദ്യാഭ്യാസസരണിയെ അംഗീകരിക്കാൻ ഉറച്ചതു്. അദ്ദേഹത്തിന്റെ ആദർശപ്രകാരമുള്ള ആ സ്ഥാപനം ഫലപ്രദായകമായിത്തീരുന്നതു കണ്ടു് കൃതകൃത്യനാകാൻ സ്വാമിജിക്കു സാധിച്ചില്ല. മൃത്യുവിന്റെ നിർദ്ദയകരം ഭാരതമാതാവിന്റെ ഈ അപൂർവ്വസന്താനത്തിൽ പതിച്ചുവല്ലൊ. സ്വാമിജിയുടെ ജീവിതോദ്ദേശ്യം നിർവ്വഹിക്കാനുള്ള ഭാരം അന്തേവാസികളായ മററു ചില മാന്യന്മാരിൽ മാറുകയാൽ അവരുടെ ശ്രമഫലമായി മുപ്പതുകൊല്ലം മുൻപു ഹരിദ്വാരത്തിനടുത്തു് കാംഗ്രി എന്ന സ്ഥലത്തു സ്ഥാപിക്കപ്പെട്ട വിശിഷ്ടവിദ്യാലയത്തെപററിയാണു് ചില കാര്യങ്ങൾ ഇവിടെ കുറിക്കുന്നതു്.

സ്ഥാപകന്റെ ത്യാഗം.

സ്വാമിജി ദിവംഗതനായി പതിനെട്ടു കൊല്ലം കഴിഞ്ഞ ശേഷമേ അദ്ദേഹത്തിന്റെ ഈ ഐഹികാശ ഫലവത്താകാൻ ഇടവന്നുള്ളു. ജലന്ധറിലെ ഒരു അഭിഭാഷകപ്രധാനിയായ ലാലാമുൻഷിറാം ആണു് ഈ വിദ്യാലയസ്ഥാപകൻ. ഇതിലേയ്ക്കായി അദ്ദേഹം ചെയ്ത ത്യാഗം വാചാമഗോചരമാകുന്നു. ഈ ലോകത്തു് തന്റെ വകയായുള്ള സർവ്വവും എന്നല്ല, സ്വപുത്രന്മാരെപ്പോലും ത്യജിച്ചാണു് അദ്ദേഹം ഇതു സ്ഥാപിച്ചതു്. മുപ്പതിനായിരം രൂപാ ശേഖരിക്കാമെങ്കിൽ കാലോചിതമായ പരിഷ്കാരങ്ങളോടുകൂടിയ ഒരു ഗുരുകുലവിദ്യാലയം ഏർപ്പെടുത്താനുള്ള പ്രാരംഭകൃത്യത്തിൽ പ്രവേശിക്കാമെന്നു് പഞ്ചാബിലെ ആര്യപ്രതിനിധിസഭ 1898-ാം വർഷത്തിൽ ഒരു പ്രമേയം പാസാക്കി. ഇതറിഞ്ഞ ഉടനെ മുൻഷിറാം അഹർവൃത്തിക്കുള്ള തൊഴിലുപേക്ഷിച്ചിട്ടു് ഇത്രയും തുക ഉണ്ടാകാതെ ഗൃഹത്തിൽ കാലു കുത്തുന്നതല്ലെന്നുള്ള പ്രതിജ്ഞയോടുകൂടി പുറത്തേയ്ക്കിറങ്ങി. മഹൽകാര്യങ്ങളെ ഉദ്ദേശിച്ചു സഞ്ചരിക്കുന്നവരുടെ മാർഗ്ഗം കണ്ടകപൂർണ്ണമാണല്ലൊ. അദ്ദേഹത്തിന്നു് അനവധി കഷ്ടപ്പാടുകൾ ഒന്നിനു പിറകെ മ

ററൊന്നായി വന്നു ചേൎന്നു. ശത്രുക്കൾ പഴിച്ചു. മിത്രങ്ങൾ ഹസിച്ചു. അനൎഹമായ നിന്ദയും തീക്ഷ്ണമായ അധിക്ഷേപവും മാത്രം ഈ പ്രയത്നത്തിനു പ്രതിഫലമായി കിട്ടിക്കൊണ്ടിരുന്നിട്ടും അദ്ദേഹം പിൻമാറിയില്ല. മഹാത്മാവായ അദ്ദേഹത്തിന് ദയാനന്ദനെക്കുറിച്ചുള്ള ബഹുമാനം ഏതു വൈഷമ്യത്തേയും എതിരിടാനുള്ള മനശ്ശക്തി നൽകി. നിസ്തന്ദ്രമായ പരാക്രമത്തിൻെറ ഫലമായി ഉദ്ദേശിച്ചതു സാധിച്ചുവെന്നു പറഞ്ഞാൽ മതി. ന്യൂയോൎക്കിലെ സുപ്രസിദ്ധവിദ്യാഭ്യാസകാൎയ്യവിദഗ്ദ്ധനായ ഫെൽപ്പ്സ് ബി. എ. എൽ. എൽ. ബി. അലഹബാദിലെ 'പയണിയർ' പത്രപംക്തികളിൽ 'ഇൻഡ്യയിലെ പണ്ടത്തേയും ഇന്നത്തേയും വിദ്യാഭ്യാസരീതി,' എന്നതലക്കെട്ടോടുകൂടി എഴുതിയിരുന്നഉപന്യാസങ്ങളിൽ ഈ സ്ഥാപനംകൊണ്ടുള്ള പ്രയോജനത്തെപ്പററി സൎവ്വാതീതമായി പ്രശംസിച്ചിരുന്നു. ഗുരുകുലത്തെക്കുറിച്ച് സ്വാമി ദയാനന്ദനുണ്ടായിരുന്ന അഭിപ്രായത്തെ മുൻഷിറാം ഈ വിധമാണു പ്രകാശിപ്പിച്ചിരിക്കുന്നതു്.

"നാം ഏറെ കാലമായി ആഗ്രഹിച്ചിരിയ്ക്കുന്ന മതപരിഷ്കാരത്തിൻെറ യഥാൎത്ഥതത്വം വേദോക്തസിദ്ധാന്തങ്ങൾക്കു പ്രാധാന്യം നൽകുന്ന ഒരു വിദ്യാലയം സ്ഥാപിക്കുന്നതുകൊണ്ടു മാത്രമെ നടപ്പിൽവരുത്താൻ കഴിയുകയുള്ളുവെന്നാണ് മററു പലരുടേയും എന്നപോലെ എൻേറയും സ്ഥിരമായ ബോധം............സ്വഭാവസംസ്കാരവും മതൈക്യവും ജനങ്ങളുടെയിടയിൽ അവശ്യം പ്രചരിപ്പിക്കേണ്ടതാണെന്നു ഞങ്ങൾ നിശ്ചയിച്ചു. ഭാവിസന്താനങ്ങളെ നല്ലപൗരന്മാരും മതാസക്തരും ആക്കിത്തീൎക്കാൻ ആവശ്യമുള്ള സദാചാരമുറകൾ അവരെ ആദ്യമായി പരിശീലിപ്പിക്കാൻ ഞങ്ങൾ ആശിക്കയുണ്ടായി. വിജ്ഞാനലാഭത്തിനായി വിദ്യാഭ്യാസം ചെയ്യിക്കയാണല്ലൊ ആവശ്യം.

ഭാരതഖണ്ഡത്തിൻെറ നാനാഭാഗങ്ങളിലുമുള്ള വിദ്യാൎത്ഥികളുടെ കേന്ദ്രമായി രാജാക്കന്മാരുടേയും പ്രഭുക്കന്മാരുടേയും ഔദാൎയ്യസംഭാവനകളാൽ പരിപുഷ്ടമായി പഴയകാലത്തു് തക്ഷശിലയിലും നളന്ദയിലും വിളങ്ങിയിരുന്ന വിദ്യാമന്ദിരമായിരുന്നു ഞങ്ങൾ മാതൃകയായി അംഗീകരിച്ചതു്."

### ആദൎശവിദ്യാലയത്തിനുള്ള ആദൎശസ്ഥാനം.

സരസ്വതീപ്രതിഷ്ഠയ്ക്കു് ഒരു ക്ഷേത്രം നിൎമ്മിക്കാൻ തുടങ്ങുമ്പോൾ പ്രഥമമായും പ്രധാനമായും നോക്കേണ്ടതു് അതിൻെറ സ്ഥാനമാണ്. വിദ്യാലയസ്ഥാപനങ്ങളെല്ലാം പ്രകൃത്യാ രമണീയങ്ങളും ആരോഗ്യപ്രദമാ

യപരിതസ്ഥിതികളോടു കൂടിയവയും വിശേഷിച്ചും സുഖാവഹമായ ശീതോഷ്ണഭേദങ്ങളാൽ അനുഗ്രഹീതങ്ങളും ആയിരിക്കണം. ദുഷ്പ്രേരണകൾക്കു അധീനവും കലാപാകുലവുമായ നഗരജീവിതം അതിനു തീരെ യോജിക്കുന്നില്ല. പ്രസിദ്ധവും പരിശുദ്ധവുമായ സ്ഥലത്തുനിന്നു് അധികം അകലമല്ലാത്ത ഒരു സ്ഥാനം ഏറെ നന്നായിരിക്കും.

പ്രസ്തുതഗുരുകുലത്തിനു നിശ്ചയിച്ച കാംഗ്രി എന്ന ഗ്രാമം മേല്പറഞ്ഞ ശുഭലക്ഷണങ്ങളെല്ലാം തികഞ്ഞ ഒരു സ്ഥലമായി പൊതുവെ സ്വീകൃതമായി. ഈ ആവശ്യത്തിനു തൊള്ളായിരം ഏക്കർ ഭൂമി മുൻഷി അമൻസിംഗ് എന്ന മഹാമനസ്കനായ ഒരു മാന്യൻ പ്രദാനം ചെയ്തു.

ഹരിദ്വാരത്തിൽനിന്നു് അഞ്ചു മൈൽ അകലെ ഗംഗാനദിയുടെ തെക്കെ കരയിൽ ഹിമവന്നിതംബത്തിലെ വിതതവും സുഖാവഹവുമായ ഒരു മൈതാനത്തിലാണു് ഗുരുകുലത്തിനുള്ള സദനങ്ങൾ നിർമ്മിക്കാൻ ആരംഭിച്ചതു്.

ആനന്ദാരോഗ്യസുഖസങ്കുലമായ ശീതോഷ്ണസ്ഥിതിക്കു് സുപ്രസിദ്ധമായിരുന്നു അവിടം—പ്രകൃതിരാമണീയകമൊ ആരേയും ആകർഷിക്കുന്നതു്—പ്രകൃതിയുടെ പീയൂഷനിലയം—ഗംഗാനദിയുടെ ഉപാന്തസ്ഥം—മന്ദമാരുതനതാൽ സർവ്വദാ സംസേവ്യം-ഭാവനാശക്തിയെ ഉത്തേജിപ്പിക്കാൻ ഉചിതമായ പദം—പ്രകൃതിദേവിയെ ശക്തിയുക്തം പൂജിക്കാൻ പ്രേരിപ്പിക്കുന്ന പുണ്യസ്ഥാനം—ശാസ്ത്രതത്വവിജ്ഞാനീയങ്ങളുടെ ഗവേഷണങ്ങൾ കൊണ്ടു പ്രകാശിപ്പിക്കാൻ അത്യന്താപേക്ഷിതമായ അഗാധചിന്തയും ഏകാഗ്രതയും വിദ്യാർത്ഥികളിൽ ജനിപ്പിച്ചു പരിപോഷിപ്പിക്കുന്ന അത്ഭുതഭൂമി—ജനനമരണാദിയായ ദുരവഗാഹപ്രമേയങ്ങളെ പററി പരിചിന്തനം ചെയ്യുന്നുള്ള ഏകാന്തവാസസ്ഥലമായി മഹർഷിവര്യന്മാർ സ്വീകരിച്ച വിശ്രംഭാരാമം.

സ്ഥാപകോദ്ദേശ്യം.

വൈദികനിയമപ്രകാരം മനുഷ്യായുഷ്കാലത്തെ നാലായി വിഭജിക്കുന്നു. (1) ബ്രഹ്മചര്യം, (2) ഗാർഹസ്ഥ്യം, (3) വാനപ്രസ്ഥം, (4) സന്യാസം. ഈ നാലു നിലകളേയും ശരിയായി ഗ്രഹിച്ചു് തൃപ്തികരമായി നിർവ്വഹിച്ചാലെ ജീവിതം സഫലമാകയുള്ളു എന്നാണു് വേദവിധി. ജീവിതവിജയത്തിനപേക്ഷിതമായ വിജ്ഞാനബീജങ്ങളെ നട്ടു മുളപ്പിച്ചു ഫലിപ്പിക്കാനിടയാക്കുന്നതു ബ്രഹ്മചര്യത്തിലാകയാൽ ആ വിദ്യാർത്ഥിജീവിതമാണു് ചതുരാശ്രമങ്ങളിൽ പ്രധാനം. ഈ ബ്രഹ്മചര്യത്തെ പുനരുജ്ജീവിപ്പിക്കയാകുന്നു ഗുരുകുലത്തിന്റെ പ്രധാനോദ്ദേശ്യം. മററുദ്ദേശ്യങ്ങളിൽ ചില

ത്തുംതാഴെ കാണിക്കേണ്ടിയിരിക്കുന്നു.

2. സാമൂഹികമഹത്വത്തിൻെറ അടിസ്ഥാനം സാമ്രാജ്യികമഹത്വമാണെന്നു് ഭാരതവാസികൾ വിശ്വസിക്കുന്നു. വിദ്യാർത്ഥികൾക്കു ലഭിക്കുന്ന പരിശീലനം അവരെ സൽസ്വഭാവികളാക്കണം.

3. വിദ്യാർത്ഥികൾ ദരിദ്രരായിരിക്കണം. ലളിതജീവിതവും മഹദ്വിചാരവും അവർക്കുണ്ടാകണം. അങ്ങനെയുള്ളവർ മാത്രമെ രാജ്യസേവനത്തിനു അർഹരാകയുള്ളു.

4. വിദ്യാലയം അന്യൂനമായ ഒരു പര്യവേഷണശാല കൂടിയാകണമെന്നുണ്ട്. സംസ്കൃതത്തിലും ഇംഗ്ലീഷിലും വിദഗ്ദ്ധരായവരെയാണ് ഇതിൻെറ ഭാവിസന്താനങ്ങളായി പ്രതീക്ഷിയ്ക്കുന്നതു്. പുരാതനഗ്രന്ഥപ്രകാശിതമായ സംസ്കൃതസാഹിത്യം, പാശ്ചാത്യതത്വശാസ്ത്രം, മററു ശാസ്ത്രങ്ങൾ എന്നിവയിലും അഭ്യസനം ഇവിടെ നടത്താനാണ് ഉദ്യമം. ശാസ്ത്രസിദ്ധാന്തങ്ങളിൽ പര്യവേക്ഷണംകൊണ്ടു വിവേചനാവൈഭവവും വിഗ്രഹപ്രാപ്തിയും പ്രത്യക്ഷപ്പെടുത്താനുള്ള സൗകര്യങ്ങൾ അദ്ധ്യേതാക്കൾക്ക് ഉണ്ടാക്കിക്കൊടുക്കണം. അതിനാൽ നാലാമത്തെ ഉദ്ദേശ്യം വൈദികവിജ്ഞാനത്തിന് പുനരുജ്ജീവനം വരുത്തി ആത്മക്ഷയകരമായ അനാത്മവാദത്തിലും ആത്മഘാതകമായ അജ്ഞാനവാദത്തിലും മുഴുകിയിരിക്കുന്ന ജനതയ്ക്കു വേദങ്ങളുടേയും ശാസ്ത്രങ്ങളുടേയും ശരിയായ ബോധം ഉണ്ടാക്കി കൊടുക്കയാണ്.

5. മനുഷ്യസാധാരണങ്ങളായ സർവ്വമനശ്ശക്തികളേയും അഭിവൃദ്ധിപ്പെടുത്തുകയാണ് പിന്നത്തെ ഉദ്ദേശ്യം. ഇതിലേക്ക് ശരീരവും ബുദ്ധിയും അന്യോന്യം ഐക്യമായി അഭിവൃദ്ധമാകാനുള്ള പദ്ധതികളേർപ്പെടുത്തുക, ഈ വിശിഷ്ടസ്ഥാപനത്തിൻെറ ഒരു പ്രത്യേകവൈശിഷ്ട്യമായി പ്രകാശിക്കും. ഈ ഉദ്ദേശ്യങ്ങൾ സാധിക്കാൻ ഇവിടെ സ്വീകരിച്ചിട്ടുള്ള സരണികൾ ശ്ലാഘ്യയോഗ്യങ്ങളാണെന്നു യൂറോപ്യരും അമേരിക്കരും ആയ അസംഖ്യം സന്ദർശകന്മാർ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ജാർജ്ജ് ഫിഡ്സ്ജിറാൾഡ്. മിറൺ എച്ച് ഫെൽപ്സ്, റെവറൻഡ് സ്റ്റോക്സ്, റെവറൻഡ് ആൻഡ്രൂസ് മുതലായവർ അവരിൽ ചിലർ മാത്രമാണ്.

### ബോധനമാർഗ്ഗം.

നാട്ടുഭാഷകൾ മുഖേന നമ്മുടെ സ്കൂളുകളിലും കാളേജുകളിലും അ

ദ്ധ്യയനം നടത്തണമെന്നുള്ള അഭിപ്രായത്തെ പല യോഗ്യന്മാരും അമിതമായി ആക്ഷേപിച്ചിട്ടുണ്ടെങ്കിലും യഥാർത്ഥവിദ്യാഭ്യാസത്തിന്റെ ഉത്തമഫലം ലഭിക്കുന്നതിന് നാട്ടുഭാഷയോളം മറെറാന്നും പ്രയോജനപ്പെടുന്നതല്ലെന്നുള്ള വസ്തുതയെ ആരും നിഷേധിക്കാവുന്നതല്ല. അന്യഭാഷ എത്രത്തോളം പരിപൂർണ്ണതയോടു കൂടിയതായിരുന്നാലും ബോധനത്തിനുള്ള മാർഗ്ഗമാക്കിയാൽ അതുകൊണ്ടു സംഭവിക്കാവുന്ന കുറവ് മററുവിധം പരിഹരിക്കാൻ കഴിയുന്നതല്ല. അതിനാൽ ദേവനാഗരിലിപികളുള്ള ഹിൻഡിയാണ് ഇവിടെ സ്വീകരിച്ചിരിക്കുന്നത്. ഒന്നിലധികം കാരണങ്ങൾ കൊണ്ടു വേറൊരംഗീകരണം ഇത്രത്തോളം ഉചിതമായി ഭവിയ്ക്കുന്നതല്ലെന്ന് തീർത്തുപറയാം. ധനതത്വം, പ്രകൃതിവിജ്ഞാനീയം, രസതന്ത്രം മുതലായവ പോലും ഹിന്ദിയിലാണു പഠിപ്പിക്കുന്നതെന്നറിയുമ്പോൾ ചിലർ അത്ഭുതാധീനരായി തീർന്നേക്കാം. എങ്കിലും അതു യഥാർത്ഥമാണ്. വിദ്യാർത്ഥികളുടെ ഉപയോഗത്തിനായി ബാൽഫർസ്റ്റുവർട്ടിന്റെ പ്രകൃതിവിജ്ഞാനീയം ഫാർനാട്ടിന്റെ രസതന്ത്രം എന്നിവയെ ഹിന്ദിയിൽ തർജ്ജമ ചെയ്തിട്ടുണ്ട്. പ്രൊഫസർ എം. സി. സിൻഹാ ബി. ഏ. എം. എസ്സ്. സി. ഹിന്ദി മാത്രം ഉപയോഗിച്ചു സസ്യശാസ്ത്രം പഠിപ്പിക്കുന്നുവെന്നുള്ള കഥ ആരെയാണു വിസ്മയിപ്പിക്കാത്തത്. അദ്ദേഹം കൃഷിശാസ്ത്രപാഠങ്ങൾ നാട്ടുഭാഷ മുഖേനയുള്ള പ്രസംഗങ്ങൾ കൊണ്ട് അഭ്യസിപ്പിക്കുന്നു. ഈ പദ്ധതിയിൽ അസാമാന്യമായ അഭിവൃദ്ധി പ്രത്യക്ഷമായിട്ടുമുണ്ട്. ഐക്യസംസ്ഥാനത്തെ ലഫ്റ്റനന്റ് ഗവർണർ സർ ജേംസ് മെസ്റ്റൺ ഗുരുകുലം സന്ദർശിച്ചപ്പോൾ അദ്ദേഹം വാശിതലക്ഷ്യമായി ഒരു അഭിനന്ദനപ്രസംഗം ചെയ്കയും അതിൽ നാട്ടുഭാഷയെ അദ്ധ്യാപനമാർഗ്ഗമായി അംഗീകരിച്ചു ഫലപ്പെടുത്തിയ ഭാരവാഹികളെ അത്യന്തം ശ്ലാഘിക്കയും ചെയ്കയുണ്ടായി.

## സദാചാരവും മതവിഷയകവുമായ വിദ്യാഭ്യാസം.

കുറെ കാലം മുൻപ് ഈ പ്രമേയം പലർക്കും ശ്രദ്ധാവിഷയമാകയും ഇതിനൊരു തീരുമാനം കല്പിക്കാൻ ഭാരതത്തിലും പുറമെയുമുള്ള പല വിദ്യാഭ്യാസപ്രവർത്തകന്മാർ ചെയ്ത ശ്രമങ്ങളെല്ലാം വിഫലീഭവിക്കയും ഉണ്ടായിട്ടുണ്ട്. പരിഷ്കൃതരായ പാശ്ചാത്യർ ഈ കുരുക്ക് അറുക്കാൻ ഓരോ രാജ്യത്തിലും പ്രത്യേകമായും പല രാജ്യക്കാർ ചേർന്നും ആലോചിക്കയും പല അഭിപ്രായങ്ങളെഴുതി കൂട്ടുകയും ചെയ്തു. ഇൻഡ്യയിലാകട്ടെ ഇതിനൊരു തീരുമാനം കണ്ടുപിടിക്കാൻ മററു പല വൈഷമ്യങ്ങളേയും കൂടി തരണം ചെയ്യേണ്ടിയിരിക്കുന്നു. കുട്ടികളുടെ സദാചാരങ്ങളെപ്പററി പരിചിന്തനം

ചെയ്യാനുള്ള പ്രാപ്തിക്കനിദാനമായി മനസ്സംസ്കാരം ജനതയിൽ ഭൂരിപക്ഷം അക്ഷരാഭ്യാസവിഹീനരായിരിക്കുന്ന ഒരു നാട്ടിൽ എങ്ങനെയാണുണ്ടാവുക. അധികാരം ക്ഷയിച്ച് പ്രാധാന്യം നശിച്ച് അഭിമാനം നിലച്ച് വർദ്ധനമയുക്കുള്ള വിജ്ഞാനവും സാഹിത്യവും എന്തെന്നറിയാതെ രാത്രിയും പകലും ദാരിദ്ര്യപ്പിശാചിയെ പൊരുതു ജയിക്കേണ്ട ചുമതലയിൽ ഏർപ്പെട്ടിരിക്കുന്ന പാവങ്ങളുണ്ടോ ഇക്കഥയെപ്പററി ചിന്തിക്കാൻ പോകുന്നു. ഏതായാലും ഈ വിഷയത്തിൽ ശരിയായ മാർഗ്ഗം കണ്ടറിഞ്ഞു പ്രയോഗിക്കാതിരുന്നാൽ ഭാരതത്തിൻെറ ഭാവി എന്തായിത്തീരുമോ. ഈ കാര്യം ഗുരുകുലകാര്യക്കാരുടെ ശ്രദ്ധയിൽ പ്രത്യേകം പതിഞ്ഞു. ഇവിടത്തെ വിദ്യാർത്ഥികൾ മിക്ക സമയവും വിദ്വാന്മാരും സന്മാർഗ്ഗനിരതരും ആയ അദ്ധ്യാപകന്മാരുടെ നേരിട്ടുള്ള നോട്ടത്തിൽ കഴിഞ്ഞുകൂട്ടുന്നതു് പ്രയോജനശൂന്യമായിവരുമോ.! ലാലാമുൻഷിറാം, പ്രൊഫസർ രാമദേവൻ ബി. എ., എം. ആർ, എ. എസ്സ്. തുളസിറാംമിശ്ര എം. എ. എം. ആർ. എ. എസ്സ്., ബാലകൃഷ്ണൻ എം. എ. എന്നിവരുടെ ചുമതലയിൽ സദാചാരപരിശീലനത്തിന് ഏല്പെട്ടാൻ ആക്കാണു ആഗ്രഹം ജനിക്കാത്തതു്.

### ഭരണകാര്യവും ഭാരവാഹികളും.

ഒരു സ്ഥാപനത്തിന് എത്ര മൂലധനമുണ്ടായാലും ഭരണരീതിയുടെ ന്യൂനതകൊണ്ട് അഭിവൃദ്ധി ഇല്ലാതാകുന്നു. എന്നല്ല അചിരേണ അതു് നാമാവശേഷമാകയും ചെയ്യുന്നു. ഈ തത്വം വേണ്ടപോലെ ധരിച്ചിട്ടുള്ള ഭാരവാഹികൾ ഇതിൻെറ ഭരണത്തിനു സമർത്ഥമായ ഒരു കമ്മിററിയെയാണു നിശ്ചയിച്ചതു്. ജലന്ധരിലെ ഒരു അഭിഭാഷകനായ മിസ്റ്റർ രാമകൃഷ്ണൻപ്രസിഡൻറും ലാലാരോഷൻലാൽ ബി. എ. ബാർഅററ്ലാ ഉൾപ്പെട്ട മൂന്നു വൈസ്പ്രസിഡൻറുമാരും എം. കേദാരനാഥൻ സെക്രട്ടറിയും എം. ബിഷംബർനാഥൻ ബി. എ. എൽ. എൽ. ബി. ഖജാൻജിയും ഗുരുകുലത്തിലെ മൂന്നു പ്രൊഫസർമാർ കൂടിച്ചേർന്നു പതിനാലു പേർ അംഗങ്ങളും ആയി ഈ കമ്മററിയിൽ ഉൾപ്പെട്ടു. ആഭ്യന്തരഭരണം ഗുരുകുലത്തിലെ ശാസ്ത്രവിദഗ്ദ്ധന്മാർക്ക് മാത്രം അധീനമായി. വൈദഗ്ദ്ധ്യത്തിനും ആത്മത്യാഗത്തിനും സുപ്രസിദ്ധി നേടിയവർ ഉദ്യോഗസ്ഥന്മാരായിച്ചേർന്നു. അവർ സ്ഥിരാംഗങ്ങളും നിത്യാവശ്യത്തിനുള്ള സംഖ്യ മാത്രം ശമ്പളമായി പററുന്നവരുമാണു്.

1. എം. മുൻഷിറാം, (ഗവർണ്ണറും പ്രസിഡൻറും.)

2. പണ്ഡിതൻ കാശിനാഥശാസ്ത്രി, (സംസ്കൃതസാഹിത്യത്തിലും തത്വജ്ഞാനത്തിലും പ്രൊഫസ്സർ)

3. പ്രൊഫസ്സർ രാമദേവൻ ബി. എ. എം. ആർ. എ. എസ്സ്., (ഇംഗ്ലീഷുസാഹിത്യത്തിൽ സീനിയർപ്രൊഫസ്സർ)

4. പ്രൊഫസ്സർ ബാലകൃഷ്ണൻ എം. എ., (ചരിത്രത്തിലും ധനതത്വശാസ്ത്രത്തിലും പ്രൊഫസ്സർ)

5. പ്രൊഫസ്സർ തുളസിറാം എം. എ. എം. ആർ. എ. എസ്സ്., (പാശ്ചാത്യതത്വശാസ്ത്രപ്രൊഫസ്സർ)

6. പ്രൊഫസ്സർ വി. ജി. സതേ എം. എ., (രസായനശാസ്ത്രപ്രൊഫസ്സർ)

7. പ്രൊഫസ്സർ എം. സി. സിൻഹാ എം. എ. എം. എസ്സ്. സി., (സന്യശാസ്ത്രത്തിൽ പ്രൊഫസ്സർ, ഇംഗ്ലീഷുജൂനിയർ പ്രൊഫസ്സർ)

8. പ്രൊഫസ്സർ ലക്ഷ്മണദാസ് ബി. എ., (ഗണിതശാസ്ത്രപ്രൊഫസ്സർ)

9. മിസ്റ്റർ ഗോവർദ്ധനദാസ് ബി. എ., (സ്കൂൾഡിപ്പാർട്ടുമെൻറു ഹെഡ്മാസ്റ്റർ)

10. ഡാക്ടർ സുഖദേവൻ (മെഡിക്കൽ ആഫീസർ)

ഗുരുകുലം സംബന്ധിച്ചുള്ള പരമാധികാരം പഞ്ചാബിലെ ആര്യപ്രതിനിധിസഭയുടെ എക്സിക്യൂട്ടീവ് കമ്മിററിക്കാണ്. ഈ കമ്മിററിക്കാർ ഗവർണരുടേയും അസിസ്റ്റൻറു ഗവർണരുടേയും നിയമനം നടത്തുന്നു. ഭരണാധികാരം ഈ ഉദ്യോഗസ്ഥന്മാർ വഹിക്കുന്നു. വിദ്യാഭ്യാസകാര്യങ്ങളിൽ നോട്ടവും ഇവക്കുണ്ട്. അതിൽ വഴി കാണിക്കേണ്ട ഭാരവും മററാക്കുമല്ല. ഭരണാംഗങ്ങളുടെ ആലോചന, സഹകരണം എന്നിവ ആദരിച്ചു തന്നെ നടത്തണമെന്നുണ്ട്. ബോധനവിഷയകമായ ചുമതലയും ഭരണാധികാരവും വൈസ്പ്രിൻസിപ്പാളിൻേറയും ഹെഡ്മാസ്റ്ററുടേയും സഹകരണത്തോടുകൂടി പ്രിൻസിപ്പാൾ വഹിക്കുന്നു. കാളെജ്കൌൺസിലിൽ പ്രൊഫസർമാരും ഹെഡ്മാസ്റ്ററും അംഗങ്ങളാകുന്നു. വ്യവസ്ഥിതിയും ബോധനവും സംബന്ധിച്ച് പ്രിൻസിപ്പാളിനു വേണ്ട ഉപദേശങ്ങൾ നല്കുയാണ് ഇവരുടെ ജോലി. നിയമത്തെ അതിലംഘിച്ചു വല്ല കുറവും ചെയ്യുന്നവന് തക്കതായ ശിക്ഷ കൊടുക്കാനുള്ള പൂർണ്ണാധികാരവും കാളെജുകൌൺസിലിനുണ്ട്.

പാഠവിവരവും ദിനചര്യകളും.

വിദ്യാർത്ഥികൾക്ക് സംസ്കൃതഭാഷയും സാഹിത്യവും സംബന്ധിച്ചുള്ള നാനാമുഖങ്ങളായ വിജ്ഞാനങ്ങൾ നൽകുകയായിരിക്കും ഈ ഗുരുകുലത്തിലെ കൃത്യമെന്നും ഇവിടെ അഭ്യാസം കഴിഞ്ഞിറങ്ങുന്നവർ ഈ ഇരുപതാം നൂററാണ്ടിലെ ജീവിതമത്സരത്തിനു വിജയത്തിന് അനർഹരായ ഒരു കൂട്ടം സന്ന്യാസികളായി വരാനെ ഇടയുള്ളുവെന്നും സംശയിക്കുന്നവർ സാഹസികമായ ഒരു അനുമാനത്തിൽ ഉൽപ്ലവിക്കയാണു ചെയ്യുന്നതു്.

ഇവിടെ പതിനാറുകൊല്ലം അദ്ധ്യയനം നടത്തണം. വേദങ്ങളെല്ലാം അംഗങ്ങളോടും ഉപാംഗങ്ങളോടും കൂടി വശമാക്കണം. ആധുനിക സംസ്കൃതം, ഹിന്ദി, ഇംഗ്ലീഷ് ഈ ഭാഷകളും സാഹിത്യങ്ങളും ഒഴിക്കാൻ പാടില്ല. നവീനശാസ്ത്രങ്ങൾ, തത്വവിജ്ഞാനീയം, ഗണിതവിജ്ഞാനീയം, വാണിജ്യമുറകൾ, കൃഷിശാസ്ത്രം, ഔഷധശാസ്ത്രവും കലയും, അദ്ധ്യാപനധർമ്മം, ചിത്രമെഴുത്തു്, സാധനപാഠങ്ങൾ, പ്രായോഗികകിൻറർഗാർട്ടൻരീതി എന്നിവയും ഇവിടെ പഠിപ്പിക്കുന്നു. വിദ്യാഭ്യാസകാര്യത്തിൽ കാലാനുരൂപമായി വന്നിട്ടുള്ള ഭേദഗതികളനുസരിച്ചു പാഠവിവരങ്ങൾ തയാറാക്കാൻ അപ്പഴപ്പോൾ തിരഞ്ഞെടുക്കുന്നു. ഒരു വിദഗ്ദ്ധസംഘം ആലോചന നടത്തി നിർണ്ണയിക്കുന്ന വിഷയങ്ങളും ഗ്രന്ഥങ്ങളും പാഠങ്ങളുമാണു അംഗീകരിച്ചുപോരുന്നതു്. ഒരു വിദ്യാർത്ഥിസ്നാതകപദപ്രാപ്തിക്കായി (ഡിഗ്രിക്കുള്ള പരീക്ഷ) പോകുന്നതിനു മുൻപ് നാലുകൊല്ലം കാളേജിൽ പരിശീലനം നടത്തിയിരിക്കണം. ഗുരുകുലത്തിലെ പ്രവേശികപരീക്ഷ (മെട്രിക്കുലേഷൻ) കൊണ്ടു യോഗ്യനാണെന്നു കണ്ടവനെ ഈ പരിശീലനത്തിന് അർഹതയുള്ളൂ. സ്നാതകൻ മൂന്നു ശാഖകളിൽ വിജയം സമ്പാദിക്കണം. (1) വൈദികസംസ്കൃതസാഹിത്യം, അർവ്വാചീനസംസ്കൃതസാഹിത്യം. (2) ഇംഗ്ലീഷുഭാഷയും സാഹിത്യവും. (3) ചരിത്രവും ധനതത്വവും. തത്വവിജ്ഞാനീയം, രസവിജ്ഞാനീയം ഇത്യാദി ഏതെങ്കിലും ഒരു ശാസ്ത്രം. ഈ പരീക്ഷയ്ക്കുള്ള ഗ്രന്ഥങ്ങളുടെ വിവരം ഗ്രഹിയ്ക്കുന്നവർക്ക് ഇതു ഇൻഡ്യൻസർവ്വകലാശാലകളിലെ ബി. എ. പരീക്ഷയ്ക്കു മേലെയാണെന്നു കാണാം. ഇൻഡ്യൻ യൂണിവേഴ്സിററിയിലെ എം. എ. അല്ലെങ്കിൽ ഡി. എസ്സ്. സി. ക്കു തുല്യമായ വാചസ്പതിബിരുദം പണ്ഡിതയോഗത്തിൽ നിന്നു "പോസ്ററുഗ്രാഡ്വേററ്കോഴ്സി"ന് അനുമതി ലഭിക്കുന്നവർക്കു മാത്രമേ ആശിക്കാൻ തരമുള്ളു. ഇക്കൂട്ടർ രണ്ടു നവീന പ്രബന്ധങ്ങൾ സമർപ്പിക്കണം. ഒന്നു ശാസ്ത്രത്തിലും മറെറാന്നു സാഹിത്യത്തിലുമാണ്.

ഗുരുകുലത്തിലെ വാർഷികോത്സവത്തിനു കൂടുന്ന മഹായോഗത്തിൽ നിന്നു് ഈ ബിരുദ ദാനം ചെയ്യും. സ്കൂൾഡിപ്പാർട്ടുമെൻറിൽ ആകെ പത്തു ക്ലാസുണ്ടു്. ആറാമത്തെ ക്ലാസുമുതൽ ഇംഗ്ലീഷും അഭ്യസിക്കണം. വിദ്യാലയം തുടങ്ങിയപ്പോൾ നാലു ക്ലാസുണ്ടായിരുന്നു. അന്നത്തെ വിദ്യാർത്ഥികളുടെ സംഖ്യ അൻപത്തിമൂന്നാണു്. ഇപ്പോൾ പതിനാറു ക്ലാസുണ്ടു്. കാളേജുഡിപ്പാർട്ടുമെൻറിലെ ബ്രഹ്മചാരികളുടെ സംഖ്യയും ഇപ്പോൾ വളരെ വർദ്ധിച്ചിട്ടുണ്ടു്. ഇവിടെ അദ്ധ്യാപകന്മാരും വിദ്യാർത്ഥികളുമായുള്ള സഹവാസം ആനന്ദമയമാണു്. ഗൃഹവാസത്തിൽനിന്നു ഭിന്നമായ ഒരു മനസ്ഥിതി വിദ്യാർത്ഥികളിൽ കാണുന്നേയില്ല.

ഉറക്കമുണർത്താനുള്ള ആശ്രമത്തിലെ മണിയുടെ നാദംകേട്ടു രാത്രി നാലു മണിക്കു സീനിയർ ബ്രഹ്മചാരികളും നാലരമണിക്കു ജൂനിയർ ബ്രഹ്മചാരികളും മേൽനോട്ടത്തിനുള്ള ചുമതലക്കാരും ഉണർന്നു ശയനോപകരണങ്ങളെല്ലാം മാറ്റിയശേഷം ഗംഗാനദിയിൽ കുളിക്കാൻ പോകുന്നു. കുട്ടികളിൽ മിക്കപേർക്കും അദ്ധ്യാപകന്മാർക്കും നീന്താൻ വശമുണ്ടു്. കൂടക്കൂടെ ഈ ആനന്ദമയമായ വിനോദത്തിൽ ചില മത്സരപ്രദർശനങ്ങളും ഉണ്ടാകാറുണ്ടു്. തണുപ്പു കലശലായിരിക്കുന്ന കാലങ്ങളിൽ കുളി പ്രത്യേകം കെട്ടിയിട്ടുള്ള മുറികളിലാണു്. കുളിക്കു മുൻപേ വിദ്യാർത്ഥികൾ കായികവ്യായാമവും ഡ്രില്ലും ചെയ്യുന്നു. അഞ്ചരയ്ക്കും ആറിനും മദ്ധ്യേ അവർ സന്ധ്യ, അഗ്നിഹോത്രം മുതലായ അനുദിനയജ്ഞങ്ങൾ നടത്തുന്നു. ഇതുകഴിഞ്ഞു് (ശുദ്ധമായ പാലു്) ആഹാരം കഴിക്കുന്നു. ആറേകാൽമുതൽ പത്തരവരെ മുറപ്രകാരമുള്ള ക്ലാസ്സ് നടക്കുന്നു. അപ്പോഴേക്കും രാവിലത്തെ ആഹാരത്തിനുള്ള സമയമായി. മാംസോപയോഗം ഇവിടെയില്ല. രണ്ടേമുക്കാൽ മണിവരെ അദ്ധ്യേതാക്കൾ വിശ്രമസൌഖ്യം അനുഭവിക്കുന്നു. സീനിയർ ബ്രഹ്മചാരികളിൽ പലരും ഈയവസരത്തിൽ ഗ്രന്ഥശാലയിലിരുന്നു ഗ്രന്ഥപാരായണം ചെയ്കയായിരിക്കും. പിന്നീടു് അഞ്ചേകാൽ മണിവരെ അദ്ധ്യാപനകർമ്മം തുടരുന്നു. അതുകഴിഞ്ഞിട്ടു് ഓരോ കളികളിൽ ഏർപ്പെടുന്നു. അത്താഴംകഴിഞ്ഞു് എല്ലാവരും ശയനഗൃഹങ്ങളിൽ പ്രവേശിച്ചു് അന്നന്നു പഠിച്ച പാഠങ്ങളെ വീണ്ടും വായിക്കുന്നു. ഒൻപതുമണിക്കു ബ്രഹ്മചാരികളെല്ലാം നിദ്രതുടരുന്നു. കാളേജുവിദ്യാർത്ഥികൾ ദിവസേനയുള്ള ജോലിവിവരത്തിനു ഡയറി വെയ്ക്കണമെന്നു് ഏർപ്പാടുണ്ടു്.

### പ്രവേശനത്തിനുള്ള നിബന്ധന.

താഴെപ്പറയുന്ന നിബന്ധനകളനുസരിക്കുന്ന ബ്രഹ്മചാരികൾക്കു പ്രവേശനം അനുവദിക്കുന്നതാണു്.

1. വേദാരംഭസംസ്കാരം വേദവിധികളനുസരിച്ച നിർവ്വഹിക്കുന്നവർ
2. പ്രവേശനകാലത്ത് ആറിൽ കുറയാതെയും എട്ടിൽ കൂടാതെയും വയസ്സ് ചെന്നവർ
3. ശാരീരികമായൊ മാനസികമായൊ സൌഖ്യസ്ഥിതി അവലംബിക്കുന്നവർ
4. ഇരുപത്തഞ്ചു വയസ്സുവരെ വിവാഹമൊ വിവാഹനിശ്ചയമൊ ചെയ്യുന്നതല്ലെന്നു രക്ഷാകർത്താക്കന്മാരെക്കൊണ്ട് ഉറപ്പു കൊടുപ്പിക്കുന്നവർ

വിവാഹകാര്യം സംബന്ധിച്ച് രക്ഷാകർത്താക്കന്മാർ രേഖാമൂലമായ ഉടമ്പടിയാണു കൊടുക്കേണ്ടത്. പഠിച്ചുതീരുന്നതുവരെ ഗുലകുലത്തിൽനിന്നു പിൻതിരിപ്പിക്കുന്നതല്ലെന്നും ഭക്ഷണച്ചെലവിനും മററുമായി ആളൊന്നിനു മാസംതോറും പത്തുരൂപാവീതം കൊടുത്തുകൊള്ളാമെന്നുംകൂടി ഉടമ്പടി ചെയ്തിരിക്കണം.

പ്രവേശനത്തിനുള്ള അപേക്ഷഫാറത്തിൽ രക്ഷാകർത്താക്കന്മാർ വിദ്യാർത്ഥികളെ സംബന്ധിച്ച് എല്ലാ വിവരങ്ങളും എഴുതിയിരിക്കണം. ആരംഭത്തിൽ ഡാക്ടരുടെ പരിശോധനയും ആവശ്യമാണ്. എല്ലാം തൃപ്തികരമായെന്നു കാണുന്നപക്ഷം ഗുരുകുലപ്രവേശനത്തിനു പ്രതിനിധിസഭ അനുവാദം കൊടുക്കും. ആണ്ടുതോറും നാനാഭാഗങ്ങളിൽനിന്നു അസംഖ്യം അപേക്ഷകൾ വന്നുകൊണ്ടിരിക്കുന്നു. മൂലധനത്തിന്റെ കുറവുനിമിത്തം കൊല്ലത്തിൽ ശരാശരി ഇരുപത്തഞ്ചിലധികംപേരെ ചേർക്കാൻ സാധിക്കുന്നില്ല. പിതൃരഹിതരൊ ദരിദ്രരൊ ആയ കുട്ടികളുടെ ചെലവു ഗുരുകുലംകൊണ്ടുതന്നെ നടത്തുന്ന വിഷയത്തിൽ സഭ നിവൃത്തിയുള്ളിടത്തോളം ശ്രദ്ധവയ്ക്കുന്നുണ്ട്. പഠിത്തത്തിനുള്ള ചെലവ് ആരും ചെയ്യേണ്ടതില്ല. മൂലധനം വേണ്ടേടത്തോളം ഉണ്ടായാൽ രക്ഷാകർത്താക്കന്മാർക്ക യാതൊരുവക ധനവ്യയവുംകൂടാതെ എല്ലാ വിദ്യാർത്ഥികളേയും പഠിപ്പിക്കണമെന്നാണ് ഉദ്ദേശ്യം.

### കുട്ടികളുടെ നിയന്ത്രണം.

ഗുരുകുലവാസികൾക്ക് അനർഹമായ സ്വാതന്ത്ര്യം കൊടുക്കുന്നപക്ഷം സ്ഥാപനോദ്ദേശ്യം നിഷ്പ്രയോജനമായിതീരും. വേണ്ടേടത്തു പരിപൂർണ്ണസ്വാതന്ത്ര്യം അനുവദിച്ചിട്ടുണ്ട്. എന്നാൽ കുററംകാണാൻ തയ്യാറായിരിക്കുന്നവരുടെ ദൃഷ്ടിയിൽ കഠിനമായി തോന്നുന്ന ചില നിയന്ത്രണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ഇവ ഒഴിച്ചുവയ്ക്കാൻ പാടില്ലാത്തവയാണെന്നു അധികൃതന്മാർ വിശ്വസിക്കുന്നു.

തനിക്കോ തൻെറ അടുത്ത ബന്ധുക്കൾക്കോ മാതാപിതാക്കന്മാൎക്കോ കഠിനമായ രോഗം ബാധിക്കുമ്പോഴോ അവരുടെ മരണം സംഭവിക്കുമ്പോഴോ അല്ലാതെ സ്ഥലം വിട്ടുപോകാൻ വിദ്യാൎത്ഥിയെ അനുവദിക്കുന്നതല്ല. സവാരിക്കോ മററു വല്ല കാൎയ്യത്തിനൊ ഗുരുകുലസ്ഥാനത്തുനിന്നു പുറത്തേക്കു പോകുന്ന വിദ്യാർത്ഥിയോടൊന്നിച്ച് ഒരു അദ്ധ്യാപകനൊ ഒരു നോട്ടക്കാരനൊ ഉണ്ടായിരിക്കുന്നതാണ്. രക്ഷാകൎത്താവൊ അടുത്ത ബന്ധുക്കളൊ മാത്രമെ ഗുരുകുലവാസത്തിനിടയിൽ വിദ്യാർത്ഥിയെ സന്ദൎശിക്കാൻ പാടുള്ളു. ഒരു മാസത്തിൽ ഒന്നിലധികംതവണ സന്ദൎശനം അനുവദിക്കുന്നതല്ല. സന്ദൎശനങ്ങൾ ഭരണകൎത്താവിൻെറ നിബന്ധനപ്രകാരമായിരിക്കും. സന്ദൎശകന്മാർ ഗുരുകുലത്തിലെ അതിഥികളുമായിരിക്കും. ഈ സന്ദൎശനം ഒരുതവണ രണ്ടു ദിവസത്തിലധികം നീണ്ടുനിന്നുകൂടാ. വിദ്യാൎത്ഥികൾ മാസത്തിൽ ഒരുപ്രാവശ്യമെ രക്ഷാകൎത്താക്കന്മാൎക്ക് എഴുതാവൂ. എഴുത്തുകൾ വരുന്നതും പോകുന്നതും ഭരണകാൎയ്യക്കാരൻെറ നോട്ടത്തിലായിരിക്കും. വിദ്യാൎത്ഥി ധനവാൻെറ പുത്രനായാലുംശരി പാവപ്പെട്ടവൻെറ ആയാലും ശരി ആഹാരം വസ്ത്രധാരണം മുതലായ എല്ലാ സംഗതികളിലും തുല്യമായിട്ടെ ഗുരുകുലത്തിൽ കരുതുകയുള്ളു. വസ്ത്രം, ശയ്യോപകരണങ്ങൾ എന്നിവ ആരോഗ്യം ദേഹസ്ഥിതി ഇത്യാദി സംഗതികളനുസരിച്ചായിരിക്കും നിശ്ചയിക്കുന്നതു്. വിദ്യാഭ്യാസകാൎയ്യത്തിനാവശ്യമുള്ള പുസ്തകങ്ങൾ, എഴുതാനുള്ള സാധനങ്ങൾ, മററുപകരണങ്ങൾ മുതലായവ പ്രതിനിധിസഭയുടെ ചെലവിൽ വിദ്യാൎത്ഥികൾക്കു കൊടുക്കും. ഗുരുകുലനിവാസികളുടെ ആവശ്യത്തിന് ഒരു ഡാക്ടരെ ഏൎപ്പെടുത്തിയിട്ടുണ്ട്. ആവശ്യമുണ്ടെന്നു കാണുന്നപക്ഷം പ്രത്യേകം ഡാക്ടർമാരെയും വരുത്തും. ഔഷധസജ്ജീകരണങ്ങളോടുകൂടിയ ഒരു നല്ല ഡിസ്പെൻസറി അവിടെത്തന്നെയുണ്ട്. എല്ലാവരെയും പതിവായി ഡാക്ടർമാർ പരിശോധന നടത്തും. എന്നു മാത്രമല്ല, പരിശോധനാവസരത്തിൽ കാണുന്ന അഭിപ്രായങ്ങൾ പ്രത്യേകമൊരു പുസ്തകത്തിൽ എഴുതിവയ്ക്കുകയും ചെയ്യും. പാകപാത്രങ്ങളും ആഹാരസാധനങ്ങളും ഡാക്ടർ പരിശോധനയിൽനിന്നു ഒഴിച്ചിട്ടില്ല. മെജർ കമലപ്രസാദ് ഐ. എം. എസ്. ഇവിടം സന്ദൎശിച്ച് ഇങ്ങനെ അഭിപ്രായം കുറിച്ചിട്ടുണ്ട്.

‘എൻെറ അഭിപ്രായത്തിൽ ഇവിടത്തെ ഏൎപ്പാടുകളെല്ലാം അത്യന്തം തൃപ്തികരമായിരിക്കുന്നു. കുട്ടികളുടെ ശരീരാവസ്ഥയും സ്ഥലത്തിൻെറ പരിതസ്ഥിതികളും കണ്ടിട്ട് ഇതു് ഒന്നാംതരം ഒരു സുഖവാസസ്ഥലംതന്നെയെന്നു പ്രത്യക്ഷമാകുന്നു.’

(തുടരും)

# ജീവിതനയം.

(P. R. N. N.)

മനുഷ്യരെ കർമ്മപ്രവീണരല്ലാതാക്കുന്ന ഒരു ക്ഷീണവശം ഗ്രന്ഥാഭ്യസനത്തിനുണ്ട്. ആദർശം എല്ലായ്പോഴും പ്രായോഗികപരിധിയിൽനിന്ന് അകന്നിരിക്കുന്നു. സങ്കല്പമാത്രങ്ങളായ മാനസികവിഷയങ്ങളിൽ ശ്രദ്ധയെ കേന്ദ്രീകരിക്കുന്നതുകൊണ്ട് മനസ്സിന്റെ കർമ്മകുശലതയേയും സഹനശക്തിയേയും പ്രായേണ നിഹനിക്കുന്നു. ഹൃദയാവർജ്ജകചിന്തയാൽമാത്രം നീതവും സ്വതന്ത്രചിന്താഗതിക്ക് അധീനവുമായ കല്പിതകഥകളിലെ വീരപുരുഷന്മാരിൽമാത്രം നമ്മുടെ സങ്കല്പശക്തി ഉപജീവിക്കുന്നതായാൽ നാം അനാശാസ്യനൈഷ്കർമ്മ്യം, ദൌർബ്ബല്യം എന്നിവയിൽ വളർന്ന് തന്ദ്രീലാളിതവൃത്തിയായി, അഹിതാനുഭവങ്ങളെ തരണം ചെയ്‌വാൻ അക്ഷമരായി, സംഭാവ്യങ്ങളായ ദുർദ്ദശകളോടു എതിരിടുവാൻ അശക്തരായി ഭവിക്കുന്നു. സങ്കല്പവീക്ഷണംചെയ്ത വിദൂരസംഭവമൊ ഭാവനാസൃഷ്ടമായ ചിന്തയൊ അത്യാഹിതങ്ങളെ തരണംചെയ്‌വാൻ കാര്യക്ഷമങ്ങളാകുന്നില്ല. നാം ആ അവസരത്തിൽ സന്നദ്ധരല്ല, നമ്മുടെ അവസരം ഉചിതമല്ല, അഥവാ അങ്ങിനെയെല്ലാമിരുന്നാൽ ആത്മശക്തിക്കുറവുകൊണ്ടു നാം കർമ്മമൌഢ്യം അനുഭവിക്കുന്നു. ഒരു നിശ്ചയാന്തത്തിൽ എത്തുന്നതിനു പല പ്രാവശ്യവും ചിന്തിക്കേണ്ടതായിരിക്കുന്നു. അപ്പോഴേക്കും കർമ്മത്തിനുള്ള അവസരം നഷ്ടപ്പെട്ടുന്നതാണ്. ഒരു വസ്തുവിന്റെ സുഖസാദ്ധ്യത്തിനു നാം ഏററവും സുകരമായ ഒരു മാർഗ്ഗത്തെ ഗവേഷണം ചെയ്യുമ്പോൾ അതു പലപ്പോഴും നമ്മുടെ കൈയ്യിൽനിന്നു വഴുതുകയൊ, മററൊരുവന്റെ കർമ്മാഢ്യമായ ഹസ്തങ്ങളിൽ നിപതിക്കയൊ ചെയ്യുന്നു. ഗ്രന്ഥപരിശീലനം ചെയ്യുന്ന ഒരു യുവാവ് ലോകഗതി തന്റെ നിർദ്ദേശങ്ങളോടൊ, വിചാരവീചികളോടൊ സമീപിക്കുന്നില്ലെന്നു അറിയുന്നതുതന്നെ അത്യന്തം ശ്രമകാരണമായിരിക്കുന്നു. ഗ്രന്ഥങ്ങളിൽനിന്നൊ, ഏകാന്തചിന്തയിൽനിന്നൊ നിങ്ങൾക്കു സിദ്ധിക്കുന്ന ജ്ഞാനം പ്രായോഗികപരിശീലനംകൊണ്ടും സൂക്ഷ്മാവലോകനംകൊണ്ടും സംസ്കരിക്കപ്പെടാഞ്ഞാൽ അതു ലോകത്തെ അളക്കുവാൻ പര്യാപ്തമല്ല. നിങ്ങളുടെ ശീലം ക്രമത്തിലധികം ഉയർന്നൊ നിരാശപററുമ്പോൾ തീരെ അധഃപതിച്ചൊമാത്രം ഇരിക്കുന്നതാണ്. ഈ ആദർശഭ്രാന്തും കവികളുടെ ദിവാസ്വപ്നവും (വസ്തു എങ്ങിനെ ഇരിക്കണമെന്നല്ലാതെ എങ്ങിനെ ഇരിക്കുന്നു എന്നു ഇവർ പറയാറില്ല.) ഇന്നത്തെ പല ഗ്രന്ഥങ്ങളിലും കാണാൻ ഇടവരുന്നുണ്ട്. വസ്തുസ്വഭാവ

മെന്തെന്നു അന്വേഷിക്കതന്നെ വേണ്ട. ഒരു റോഡിനെക്കുറിച്ചു വൎണ്ണിച്ചു പറഞ്ഞിട്ടുള്ളതു ധരിക്കുന്നതിൽഭേദം അതിന്മേൽക്കൂടി പ്രയാണംചെയ്തറിയുന്നതാണ്. ജീവിതസംരംഭങ്ങൾ നിങ്ങൾ നിരീക്ഷിക്കുന്നതുപോലെ അല്ലാതെ വിവിധ തോതിലും, പ്രത്യേകത്വേനയും നടക്കുന്നതായി നിങ്ങൾക്കു ബോദ്ധ്യപ്പെടുന്നതാണ്. നിങ്ങളുടെ ചിന്താപരിസരങ്ങളിൽക്കൂടി എത്തിനോക്കീട്ടില്ലാത്ത പല കാൎയ്യങ്ങളും നിൎവ്വഹിക്കുന്നതിനായി ജനങ്ങൾ വ്യാപൃതരായിരിക്കുന്നതു കാണാം. നിങ്ങൾ അത്യന്തം ആനന്ദപ്രദങ്ങളെന്ന് എണ്ണുന്നവയെ അവർ തീരെ അവഹേളിക്കുന്നതായും ഇരുന്നേക്കാം. നന്മയും തിന്മയും, വിവേകവും സ്ഖലിതവും അത്യന്തം സങ്കലനംചെയ്തും ഹിതോപദേശങ്ങളിൽ കാണാത്ത പല ശീലവിശേഷങ്ങൾ പരസ്പരസംഘടനംചെയ്തും അനുഭവപ്പെടുന്നതാണ്. സകല സന്ധികളിലും വിവേകത്തോടും ശ്രദ്ധയോടും കാക്കുന്നവരാരുമില്ല. അതുപോലെതന്നെ സൎവ്വത്ര കണ്ണടച്ചിരിക്കുന്ന ഒരു മണ്ടനും ലോകത്തിലില്ല. ഗ്രന്ഥങ്ങളിൽനിന്നു നേരിട്ടല്ലാതെ ലോകവിജ്ഞാനം ഗ്രഹിച്ചു വിവിധവിഷയങ്ങളെപ്പററി ജനങ്ങൾ പ്രതിപാദിക്കുന്നതു ലോകയാത്ര തുടങ്ങുന്ന നിങ്ങൾ കേട്ടു പരിഭ്രമിക്കരുത്. ലോകരംഗത്തിൽ ഇറങ്ങുമ്പോൾ ഗ്രന്ഥസമ്പാദിതജ്ഞാനത്തിന്റെ പ്രകാശം സംഭാഷണവിഷയമാകുമ്പോൾ അതിന്റെ നവീനത്വം അല്പം മങ്ങും. അത്രതന്നെയല്ല സാമാന്യബുദ്ധി ഒരുവന്റെയും ജന്മാവകാശമല്ലാത്തതുകൊണ്ടു ലോകപരിചയം സിദ്ധിച്ച ഒരുവൻ അവന്റെ അവലോകനംകൊണ്ടും അനുഭവം കൊണ്ടും ജ്ഞാനം സമ്പാദിച്ചിട്ടുണ്ടാവാം. നിങ്ങൾക്കു പ്രമാണങ്ങളുടേയും, വസ്തുസ്വരൂപത്തിന്റേയും ജ്ഞാനം അധികമുണ്ടെങ്കിൽ അവയെക്കുറിച്ചുള്ള സാമാന്യബോധവും പ്രവൃത്തിപാടവവും അവനു നിങ്ങളേക്കാൾ അധികമുണ്ടായിരിക്കുന്നതാണ്. നിത്യപരിശീലനംകൊണ്ടു കൎമ്മകുശലന്മാരായ ചിലർ യാതൊരു ഗ്രന്ഥസഹായവുംകൂടാതെതന്നെ പല ശാസ്ത്രതത്വങ്ങളും അനുഷ്ഠിക്കുന്നതായി നമുക്കു അനുഭവമുണ്ടു. ഗ്രന്ഥസാഹ്യം സിദ്ധിച്ചിട്ടില്ലാത്തവർ അജ്ഞന്മാരെന്നുള്ള പണ്ഡിതാഭിപ്രായം തങ്ങളുടെ മൗഢ്യത്തെ വിളംബരം ചെയ്യുന്ന ഒരു പരസ്യം മാത്രമാണ്.

ജീവിതനയത്തിൽ ഗൗരവം ഒരു പ്രധാന അവയവമാണ്. അതിന്റെ ഒരു അംശമെങ്കിലും ദുർവ്വ്യയം ചെയ്തുപോകുന്നു. വികാരത്തിൽനിന്നു തീരെ മുക്തരായവർ അപൂൎവ്വമായിട്ടേ കാണപ്പെടുന്നുള്ളൂ. എങ്കിലും അത്യന്തപൈശാചികഭാവം അതിപ്രധാനരംഗത്തെ സ്വീകരിക്കരുത്. പരിഹാസ്യനെന്ന നിലയിൽ അറിയപ്പെടാതിരിക്കത്തക്കവണ്ണം ജീവിക്കുക. വിനോദയജ്ഞത്തിനുള്ള ഒരു പശുവായിരിപ്പാൻ ഒരിക്കലും ശ്രമിക്കരുത്. സാമാന്യരീതിയിൽ എങ്കിലുമുള്ള ഒരു ജീവിതരീതിയും സാമാന്യബുദ്ധിയും

പ്രദൎശിപ്പിച്ചു് മഹത്വത്തിൽ മതിപ്പും വാസനയും ഉണ്ടെന്നു് വിശദപ്പെടുത്തുക. വിശിഷ്ടങ്ങളെന്നു തന്നത്താൻ അഭിമാനിക്കുന്നതെങ്കിലും മററുള്ളവർ തീരെ അവഗണിക്കുന്ന ചില കാൎയ്യങ്ങളെ പ്രദൎശിപ്പിക്കുന്നതിന്നു മോഹിക്കുന്ന ചിലരുണ്ടു്. അതുപോലെതന്നെ സ്വാപരാധങ്ങളെ തങ്ങളിൽ തന്നെ നിഗ്രഹനംചെയ്തു വിജ്ഞന്മാരെന്നു പേർ സമ്പാദിക്കുന്നവരുമുണ്ടു്. വിജ്ഞാനവിഷയത്തെക്കുറിച്ചു മാത്രമേ സംസാരിക്കൂ എന്നോ, ഫലിതമേ പറകയുള്ളൂ എന്നോ ഭാവിക്കരുതു്. താൻ പെരുമാറുന്ന സംഘത്തിന്റെ സമനില സ്വീകരിക്കയും അവൎക്കു സഹവാസസ്വാതന്ത്ര്യമുണ്ടായിരിക്കയും വേണം. മററുള്ളവൎക്കു നീരസം തോന്നാത്തതും തനിക്കു ഹാനികരമല്ലാത്തതും തുറന്നു പറയണം. സ്വാഭിപ്രായം എല്ലായ്പോഴുമുണ്ടായിരിക്കണം. മററുള്ളവരുടെ ഏതു നടപടികൾ നിങ്ങൾക്കു സന്തോഷമൊ ഇതു തുറന്നു പറയുകയും അവരെക്കുറിച്ചു് മററുള്ളവർ പറഞ്ഞതു് ഒരിക്കലും അവരോടു പറയാതിരിക്കയും വേണം. നിങ്ങളുടെ കൈവശം പ്രദൎശിപ്പിക്കാൻ ഒന്നുമില്ലെങ്കിലും ഫലിതം കേട്ടു രസിക്കുന്നതിനും മഹദ്വാക്യങ്ങളെ ബഹുമാനിക്കുന്നതിനും ശീലിക്കുക. ഈ സ്വഭാവം മററുള്ളവരുടെ ദൃഷ്ടിയിൽ നിങ്ങളെ താഴ്ത്തുന്നതല്ല. നിങ്ങൾക്കു പരിചിതമെങ്കിലും അന്യന്മാർ അതുതന്നെ പറയുന്നെങ്കിൽ ശ്രദ്ധിച്ചു കേൾക്കണം. നിങ്ങൾക്കു പ്രിയമായ എന്തെങ്കിലും ഒന്നു് സദാ സംഭാഷണവിഷയമാക്കയും നിങ്ങൾ സംഭാഷകനാകയും ചെയ്യരുതു്. ഈ മാൎഗ്ഗം കമ്പിനിയിൽ നിങ്ങളെ പരിശീലിപ്പിക്കുമെങ്കിലും അഭിവൃദ്ധിപ്പെടുത്തുകയില്ല. നിങ്ങളുടേതെന്നു് പരന്യമായ ആശയങ്ങളെ സംഭാഷണത്തിൽ ഒരിക്കലും അവതരിപ്പിക്കരുതു്. മററുള്ളവൎക്കു അജ്ഞാതമായ ഒരു വിഷയത്തെ പ്രതിപാദിച്ചു് അവരുടെ പ്രജ്ഞയ്ക്കു് കുഴപ്പം ഉണ്ടാക്കിത്തീൎക്കുന്ന ചില അൎത്ഥശൂന്യമായ വിഷയത്തെ സ്വസംഘങ്ങളുടെ തലക്കുമീതെ പൊരിഞ്ഞു് അവരിൽ മൗഢ്യദ്യോതകമായ ഒരു മന്ദസ്മിതമുളവാക്കുന്നതിനേക്കാൾ അവരിൽ ഒരുപോലെ രസോല്ലാദനത്തിന്നു തക്കവണ്ണം ഒരു വിഷയത്തെക്കുറിച്ചു് പ്രതിപാദിക്കുന്നതു് വളരെ വിഷമമുള്ളതാണു്. യുക്തിവാദം ചെയ്യുന്നതിനു് അതിതാല്പൎയ്യം കാണിക്കരുതു്. പുറപ്പെട്ടപ്പോൾ സംഗ്രഹിച്ചിരിക്കുന്ന പല സംഗതികളും ഉപയോഗശൂന്യമായി തീരുന്നതുകൊണ്ടു് നിങ്ങളുടെ അറിവിനെക്കുറിച്ചു് അവജ്ഞയ്ക്കിടയുണ്ടു്. സ്വാഭിപ്രായങ്ങളെ ഓരോന്നായി പ്രതിപാദിച്ചു് കഴിവുള്ളിടത്തെല്ലാം പൂൎവ്വപക്ഷവും ചെയ്തു് ഒരു വിഷയത്തെ സ്ഥാപിക്കുന്നതിനേക്കാൾ നല്ലതു നിങ്ങൾക്കു അതിനെക്കുറിച്ചുള്ള അഭിപ്രായം സൂചിപ്പിക്കയാണു്. പ്രതിപക്ഷിയുടെ ആശയത്തെ ഖണ്ഡിച്ചു് അവയെ ദുൎഘടസ്ഥാനത്തേക്കാക്കുന്നതിൽപരം നന്നായിട്ടുള്ളതു മററുള്ളവരുടെ ആശാപരമ്പരകളിൽ പ്രവേശിച്ചു് അവരോടു യോജി

ച്ചു പെരുമാറുന്നതാണ്. അങ്ങിനെ ചെയ്താൽ പലതും പഠിക്കാനുണ്ടാകും.

ആശയങ്ങളുടെ എന്നു തന്നെയല്ല മററു റവ്ത്തിന്റെയും 'ഒററമരത്തിൽ കുരങ്ങാകുന്ന' അഭിപ്രായം ഒഴിച്ചുവയ്ക്കണം. യുക്തിവാദതൈക്ഷ്ണ്യമല്ല, പ്രായോഗികജ്ഞാനമാണ് ആശയങ്ങളുടെ പരിശുദ്ധ പരിണാമമെന്ന് ഓർത്തിരിക്കണം. നല്ലപോലെ അറിഞ്ഞ ഒന്നിനെക്കുറിച്ച് യുക്തിവാദം ചെയ്യുന്നതല്ല. സാമാന്യബുദ്ധിയെയും, സുഗമമായ അന്വേഷണത്തെയും ഇതു മലിനപ്പെടുത്തുന്നു. നിങ്ങളുടെ പ്രാമാണ്യത്തെ മററുള്ളവരിൽ പ്രദർശിപ്പിച്ച് അവരെ മിത്രങ്ങളാക്കാമെന്ന് വിചാരിക്കരുത്. മററുള്ളവരുടെ സ്തുതിയെ ഹഠാൽ സ്വീകരിക്കാതെ അവരുടെ സന്മനസ്സു നിങ്ങളിൽ ഉണ്ടാകട്ടെ. സ്തുതിക്കായി നിങ്ങൾക്കുള്ള അവകാശത്തെ മുറുകെപ്പിടിക്കയൊ മററുള്ളവരുടെ ക്ഷീണതയിൽ കഠിനമായി ആക്ഷേപിക്കയൊ അരുത്.

നിങ്ങളേക്കാൾ ഉയർന്ന പദത്തിലുള്ളവരുടെ തുല്യനിലയിൽ ഉള്ള സഹവാസത്തിന് പ്രാമാണ്യം കല്പിക്കരുത്. അതുപോലെതന്നെ മഹാന്മാരുടെ ആ നിലയെ പരീക്ഷിക്കയുമരുത്. രണ്ടു പക്ഷത്തിലും വാസ്തവമായ അനുഭാവം ഉണ്ടാകയില്ല. ഒന്നാമത്തെ കൂട്ടർ നിങ്ങൾക്കു ഒരു പ്രതിബന്ധമായും രണ്ടാമത്തെവർ നിങ്ങളെ ഒരു ഉപദ്രവിയായും എണ്ണുന്നതാണ്. ഒരു ബുദ്ധിമാൻ എന്ന യശസ്സോടെ ഒരു സംഘത്തിൽ ചേരാൻ മോഹിക്കരുത്. എന്നാൽ അസൂയയോടുകൂടിയ നോട്ടത്തിനു നിങ്ങൾ സദാ ലക്ഷ്യമായിരിക്കും.

നിങ്ങൾ ഒന്നും പറയാതെ സാമാന്യാവകാശത്തോടും ഒതുക്കത്തോടും പെരുമാറിയാൽ നിങ്ങളുടെ സാന്നിദ്ധ്യം അവിടക്കാവശ്യമില്ല. നിങ്ങൾ സുശിക്ഷിതമനോഭാവം കാണിച്ചാൽ അതു നിങ്ങൾക്ക് അവകാശമില്ലാത്ത ഒന്നിനെ സ്വാധീനമാക്കുന്നതായി തോന്നുന്നതാണ്. നിങ്ങൾ അനവധാനതയോടെ പെരുമാറിയാൽ നിങ്ങൾ പരിഹാസ്യരാകും. മററുള്ളവരേക്കാൾ അറിവോ, ഫലിതമൊ, വാസനയൊ നിങ്ങൾക്കുണ്ടെന്നു വന്നാൽ അവർ നിങ്ങളെ വെറുക്കും. ഒരു രക്ഷാമാർഗ്ഗവും നിങ്ങൾക്കില്ല. സംഭാഷണചാതുരിയേക്കാൾ പാട്ടുപാടുന്നതിനെയാണ് ആളുകൾ അധികം ഇഷ്ടപ്പെടുന്നത്. എല്ലാവരും നല്ല ശാരീരമുള്ളവരായിരിക്കയില്ല. പക്ഷെ എല്ലാവരും മററുള്ളവരേപ്പോലെ വിദ്വാനെന്നു നടിക്കാറുണ്ട്. മഹാന്മാരുടെ വിരുന്നിന് സാഹിത്യകാരന്മാരെ ആരും ക്ഷണിക്കാറില്ല. നടഗായകരെ ക്ഷണിക്കുന്നുമുണ്ട്. കുരങ്ങന്മാരേയും തത്തകളേയും വളർത്തുന്ന ഉദ്ദേശം ഇതിൽനിന്നു ഏറെ വ്യത്യാസപ്പെട്ടതല്ല.

# കൃഷ്ണഗാഥയും ചെറുശ്ശേരിയും.

(ഡി. പത്മനാഭനുണ്ണി എം. എ.)

ഗ്രന്ഥാവസാനത്തിൽ 'കൃഷ്ണസ്വർഗതിരീരിതാ' എന്നു പറഞ്ഞിരിയ്ക്കുന്നതിലും വിമർശകന്മാർ വലിയ 'ന്യൂനത' കാണുന്നു. 'ഇതിനു മുമ്പുള്ള ഘട്ടങ്ങളിലും ഈ രീതിയിൽതന്നെ പറകയും, ഉടൻതന്നെ അടുത്ത ഘട്ടം ആരംഭിക്കപ്പെടുകയും ചെയ്യുന്നതു' കണ്ടുകൊണ്ടിരിക്കുന്ന വായനക്കാർ പ്രകൃത്യാ സ്വർഗ്ഗാരോഹണം കഴിഞ്ഞിട്ടും ഗ്രന്ഥസമാപ്തി വന്നിട്ടില്ലെന്ന് ആശങ്കിക്കും എന്നുള്ളതാണ് ഈ 'ന്യൂനത', ഏതെങ്കിലും ഒരാളുടെ ജീവചരിത്രത്തിൽ ജനനം, ബാല്യകാലം, വിദ്യാഭ്യാസം എന്നിങ്ങനെ പല അദ്ധ്യായങ്ങളും കടന്ന് ഒടുവിൽ മരണം എന്ന ഭാഗവും വായിച്ചതിനു ശേഷം ജീവചരിത്രം കുറെ കൂടി ഉണ്ടായിരിക്കുമെന്ന് വല്ല മണ്ടന്മാരും ആശങ്കിക്കുന്ന പക്ഷം അവരുടെ ആശങ്ക ശമിക്കുന്നതിന് പിന്നെ യാതൊന്നും ഗ്രന്ഥത്തിൽ കാണാതിരുന്നാൽ ആ ഒരു സംഗതി മാത്രം മതിയാകുന്നതാണല്ലൊ.

മേൽപറഞ്ഞ കാരണങ്ങളാൽ 'ആജ്ഞയാ കോലഭൂപസ്യ' എന്ന പദ്യം പ്രക്ഷിപ്തമാണെന്നു കാണിയ്ക്കുന്നതിന് ഈ വിമർശകന്മാർ കൊണ്ടുവന്നിട്ടുള്ള യുക്തികൾ ഒന്നുംതന്നെ സുസമ്മതങ്ങളല്ലെന്നു തീർത്തു പറയാവുന്നതാണ്. ആ സ്ഥിതിയ്ക്ക് ഈ സംസ്കൃതപദ്യത്തിന്റെ 'സ്രഷ്ടികർത്താവ്' ആരാണെന്നുള്ള സംഗതിയെപ്പററി വിമർശകന്മാരുടെ അനുമാനം വളരെയൊന്നും പരിശോധിക്കേണ്ട ആവശ്യമില്ല. എങ്കിലും ശ്രീഹർഷന്റെ നൈഷധീയചരിതവും കൃഷ്ണഗാഥയും തമ്മിൽ സാദൃശ്യപൂർത്തിക്കുള്ള 'ഒരു ന്യൂനത സർഗാന്തവും ഘട്ടാവസാനവും ഐകരൂപ്യമില്ലാതെ ഇരിക്കുന്ന'താണെന്ന് ഈ വിമർശകന്മാരെപ്പോലെ പണ്ടാരെങ്കിലും വിചാരിച്ചിരുന്നെങ്കിൽ,

"ഉൽപത്സ്യതേസ്തി മമകോപിസമാനധർമ്മാ
കാലോഹ്യയം നിരവധിർവിപുലാ ച പൃത്ഥ്വീ"

എന്ന് ഭവഭൂതിവാക്യത്തിൽ ഈ വിമർശകന്മാർക്ക ചാരിതാർത്ഥ്യം നേടാവുന്നതാണ്.

ഇവരുടെ അടുത്ത ഉദ്യമം ചെറുശ്ശേരി എന്നതു ഗ്രന്ഥകർത്താവിന്റെ ഇല്ലപ്പേരല്ലെന്നു സ്ഥാപിക്കുന്നതിനാണ്. നമ്പൂതിരിമാർ സാധാരണ ഓരോരുത്തരുടേയും ഇല്ലപ്പേരു പറഞ്ഞു വിളിക്കാറുള്ളതുകൊണ്ട് ചെ

രുശ്ശേരി ഇല്ലത്തുപ്പേരാണെങ്കിൽ അതു ഗ്രന്ഥകർത്താവിന്റെയും തന്മൂലം ഗ്രന്ഥത്തിന്റെയും നാമമായി വന്നേക്കാവുന്നതാണ്. എന്നാൽ ഗ്രന്ഥകർത്താവിന്റെ പേരുകൊണ്ടുതന്നെ ഗ്രന്ഥത്തേയും അഭിധാനം ചെയ്യുന്ന ഒരു രീതി നാട്ടിൽ സാധാരണയല്ലെന്ന് അവർ അഭിപ്രായപ്പെടുന്നു. ഈ അവസരത്തിൽ ശിശുപാലവധം സംസ്കൃതകാവ്യത്തിന് മാഘമെന്ന് ഒരു അപരാഭിധാനമുണ്ടെന്നും അതു് ഗ്രന്ഥകർത്താവിന്റെ നാമധേയത്താലുണ്ടായതാണെന്നും ഇവർ ഓർമ്മിക്കാതിരിക്കുന്നില്ല. വാദത്തിനു അവകാശമില്ലാത്തപോരായ്മയെന്നു ഭയപ്പെട്ടു തിരസ്കരിക്കുക മാത്രമെ ചെയ്യുന്നുള്ളു. 'ചെറുശ്ശേരിയുടെ എരിശ്ശേരി' എന്ന ഐതിഹ്യം സുഗ്രഹീതനാമാക്കളുടെ നാമധേയത്തോട് ഘടിപ്പിച്ചു പറയുവാൻ പാടില്ലാത്ത വിധം ബാലിശമായിരിക്കുന്നുപോലും.!! ഈ ഐതിഹ്യത്തിൽ കൃഷ്ണഗാഥയെ എരിശ്ശേരിയോട് അഭേദം കല്പിക്കുന്നതിന് ഹേതുവായ സാദൃശ്യം എന്താണെന്ന് മനസ്സിലാകുന്നില്ലെന്ന് ഇവർ പറയുന്നതു് യഥാർത്ഥമാണെന്നുതന്നെ തോന്നുന്നു. എരിശ്ശേരി എന്ന പദത്തിന്റെ വ്യാഖ്യാനം തന്നെ നോക്കുക. എരിശ്ശേരി=എരിച്ച കറി; എരിച്ച എന്നുള്ളതിന് എരിവു അധികമുള്ള എന്നർത്ഥം.! ഈ അർത്ഥം അനുഭവവിരുദ്ധമാകകൊണ്ടാണുപേക്ഷിക്കുന്നതു്. എരിച്ച എന്നതു് എരിഞ്ഞു എന്നതിന്റെ പ്രയോജകകൃതിയാണെന്നു ധരിച്ചില്ല. അതു പോകട്ടെ. എരിശ്ശേരിയിൽ "കഷണം മർദ്ദിച്ചു പാകപ്പെടുത്തുന്നതു് പതിവാണെ"ന്നും തന്നിമിത്തം അതിൽ കഷണം കാണാൻ ഇടയില്ലെന്നും കൂടി പറഞ്ഞിരിക്കുന്നു. ഈ പുതിയ പ്രയോഗം പാചകചിന്താമണിയിൽ ചേർത്താൽ നന്നായിരിക്കും. "എരിശ്ശേരി സാധാരണന്മാരായ സദ്യയൂണികൾക്കുള്ള ഭോജ്യവസ്തുവാണെ"ന്നും, "ചെറുശ്ശേരി അസാധാരണന്മാരായ സഹൃദയന്മാർക്കുള്ള ആസ്വാദ്യപദാർത്ഥമാണെ"ന്നും കൃഷ്ണഗാഥയെ പുളിശ്ശേരിയാക്കി കല്പിക്കേണ്ടതായിരുന്നെന്നുമാണ് മറെറാരഭിപ്രായം. 'നാലു കറികളിൽ ഒന്ന്' എന്ന മാന്യപദവി കൈക്കലാക്കിയിരുന്ന എരിശ്ശേരിയ്ക്കു വന്ന അധഃപതനം നോക്കു! കൃഷ്ണഗാഥയെ എരിശ്ശേരിയാക്കിപ്പറഞ്ഞതായാൽ ആ ഗ്രന്ഥത്തെ പ്രശംസിക്കുകയല്ല, പുഛിക്കുകയാണെന്നുള്ള സംഗതി എങ്ങനെ ഇവർ വിസ്മരിച്ചുപോയെന്ന് മനസ്സിലാകുന്നില്ല. കൃഷ്ണഗാഥാകർത്താവു് ഒരു അവധൂതനെന്നും, അദ്ദേഹത്തെ ആരും അധിക്ഷേപിക്കുന്നതല്ലെന്നും, അധിക്ഷേപിച്ചാൽ തന്നെ അദ്ദേഹം മൗനം ദീക്ഷിക്കുകയല്ലാതെ മറുപടി പറയുന്നതല്ലെന്നും, മറുപടി പറഞ്ഞാൽപോലും അതിന്റെ രീതി ഇതായിരിക്കയില്ലെന്നും മററുമുള്ള നിസ്സാരങ്ങളായ ഊഹങ്ങളെ അടിസ്ഥാനപ്പെടുത്തി ഈ ഐതിഹ്യം കേവലം തള്ളിക്കളയുന്നതിനു വളരെപ്പേർക്ക് മനസ്സുണ്ടാകുമെന്നു തോന്നുന്നില്ല. വിമർശകന്മാരുടെ ഈ ഐതിഹ്യവിശകലനം കൊ

ണ്ടു് ശ്രീമാൻ പി. കെ. നാരായണപിള്ള പുറപ്പെടുവിച്ചിട്ടുള്ള ഗുരുതരങ്ങളായ അഭിപ്രായങ്ങൾക്കു് ഒട്ടും ലാഘവം തട്ടുന്നുമില്ല. അതുകൊണ്ടു് 'ആജ്ഞയാകോലഭൂപസ്യ' എന്ന ശ്ലോകത്തിന്റെ ആവിർഭാവത്തെപ്പററി അനുമാനിച്ചതുപോലെ ഈ ഐതിഹ്യത്തിന്റെ ഉത്ഭവത്തെപ്പററിയുള്ള ഇവരുടെ ഊഹങ്ങളും അർത്ഥശൂന്യമാണെന്നു മാത്രമേ പറയേണ്ടതുള്ളൂ.

ഇനി ചെറുശ്ശേരി എന്നതു് ഗ്രന്ഥനാമമാണെന്നും, ആ നാമം 'ഗ്രന്ഥത്തിലെ ആഭ്യന്തരമായ പ്രധാനവൃത്തത്തെ പുരസ്കരിച്ചു വന്നുകൂടിയതായിരിക്കണമെന്നും' ആണു് ഇവർ സ്ഥാപിക്കുന്നതു്. ആ പേരിന്റെ ഉത്ഭവം അവരുടെ അഭിപ്രായപ്രകാരം ഇങ്ങനെയാണു്. സംസ്കൃതത്തിലെ ഗണമാണു് തമിഴിലെ ചീരു്; ചീരുതന്നെ ശീലു്; ഈ കാവ്യത്തിൽ രണ്ടാമത്തെ അടി ആദ്യത്തെ അടിയെ അപേക്ഷിച്ചു ചെറുതായിരിക്കുന്നതുകൊണ്ടു് വൃത്തത്തിന്റെ ആദിമനാമരൂപം 'ചെറുചീരു്' എന്നാണു്. ചകാരത്തിനു് ഊഷ്മധ്വനി വന്നു "ചെറുചീരു്" "ചെറുശീരാ"യി. പിന്നീടു ചെറുശീരു് ചെറുശേരെന്നു മാറി; ഒടുവിൽ ഇകാരം ചേർത്തു് ചെറുശേരിയുമാക്കി. ഇവിടെ പരിണാമദശ അറുതിപ്പെട്ടുപോയതുകൊണ്ടു് ആ രൂപം പിന്നെ ഒരിക്കലും "ചെറുശ്ശേരി" എന്നു് ആയിത്തീർന്നുമില്ല.

ഈ വാദത്തിന്റെ യാഥാർത്ഥ്യം പരിശോധിക്കുക. സംസ്കൃതത്തിലെ ഗണവും, തമിഴിലെ ചീരും ഏകദേശം ഒന്നുതന്നെ. എന്നാൽ ആ ചീരിനും, മലയാളത്തിലെ ശീലിനും തമ്മിൽ യാതൊരു സംബന്ധവുമില്ല. എന്തെന്നാൽ തമിഴിലെ ചീരു് ഒരു ഗണവും, മലയാളത്തിലെ ശീലു് ഒരു പാദവുമാകുന്നു. ഇവ രണ്ടും ഒന്നാണെന്നു വിചാരിച്ചു് അപ്രകാരം ഉപയോഗിക്കുന്നതിനു് ഒരിക്കലും ഇടയില്ല. ഇനി അവ രണ്ടും ഒന്നുതന്നെ എന്നു തെററിദ്ധരിച്ചു് ഉപയോഗിച്ചുവന്നു എന്നുതന്നെ വിചാരിക്കുക. എന്നാൽതന്നെ വലുതും ചെറുതുമായ രണ്ടു വാദങ്ങളുള്ള ഒരു വൃത്തത്തിനു് ചെറിയ പദത്തെ അടിസ്ഥാനപ്പെടുത്തി പേരിടാൻ കാരണമെന്താണു്.? ഒരു കാലിനു നീളംകുറഞ്ഞ മനുഷ്യനെ "ഞൊണ്ടി"യെന്നു വിളിക്കുന്നതുപോലെ ഈ പേരിട്ടുപോയതാണോ.? വലിയ പദത്തെ അടിസ്ഥാനപ്പെടുത്തി വൻചേരിയാക്കാമായിരുന്നില്ലേ.? ഈ ദീർഘമായ ഉപന്യാസത്തിൽ ഈ സംഗതിയെപ്പററി ചിന്തിച്ചുപോലുമില്ല. അതു പോകട്ടെ; വൃത്തത്തിന്റെ ആദിമനാമം ചെറുചീരു് എന്നായിരുന്നു എന്നാണല്ലോ പറഞ്ഞിരിക്കുന്നതു്. കൃഷ്ണഗാഥയ്ക്കു മുമ്പോ പിമ്പോ എഴുതിയിട്ടുള്ള വേറെ ഏതെങ്കിലും പാട്ടുകൾക്കു ചെറുചീരു് എന്നോ ചെറുശേരു് എന്നോ നാമമുള്ളതായി കണ്ടിട്ടുണ്ടോ.? കൃഷ്ണഗാഥയിലെ വൃത്തം തൽക്കർത്താവു് ആദ്യ

മായി നിർമ്മിച്ചതല്ല. ഐതിഹ്യപ്രകാരം അതു് ഒരു സ്ത്രീയുടെ "അമ്മാളുന്ന" എന്ന പാട്ടിനെ മാതൃകയായി സ്വീകരിച്ചെഴുതിയിട്ടുള്ളതാകുന്നു. ഈ ഐതിഹ്യം മുഴുവൻ അവിശ്വസിക്കേണ്ട ആവശ്യമില്ല. എന്നാൽ ആ സ്ത്രീ പാടിയതുതന്നെ അക്കാലത്തു നടപ്പുണ്ടായിരുന്ന ചില പഴയ പാട്ടുകളെ അനുകരിച്ചാണെന്നുള്ള സംഗതികൂടി നാം ഓർമ്മിക്കേണ്ടതായിട്ടുണ്ടു്.

> "ഒന്നാകുംകുന്നിന്മേലോരടിക്കുന്നുമ്മേ-
> ലൊന്നല്ലോ്മങ്കമാർ പാലനട്ടു.
> പാലക്കിലവന്നു പൂവന്നു കാവന്നു
> പാലക്കുപാൽകൊടു പാർവ്വതിയെ"

എന്നിത്യാദി പാട്ടുകൾ ഇക്കാലത്തു പാടുന്ന രീതി പരിഷ്ക്കരിച്ചിട്ടുണ്ടെങ്കിലും കൃഷ്ണഗാഥയിലെ മഞ്ജരിവൃത്തവുമായി യാതൊരു വ്യത്യാസവും ഇല്ലെന്നുള്ളതു പ്രത്യക്ഷമാണല്ലോ. ഇങ്ങനെ പല പാട്ടുകളും ഉണ്ടായിരുന്ന സ്ഥിതിക്ക് കൃഷ്ണഗാഥക്കു മാത്രം ഈ വൃത്തത്തിന്റെ മുടന്തു കണ്ടു് ആ പ്രകാരം ഒരു പേരു കൊടുക്കുന്നതിന് സരസകവിയായ തൽക്കർത്താവു് ഒരിക്കലും തുനിയുകയില്ല. ഇനിയും ചീരു ശേരിയാകുന്നതിനു മുമ്പു് എത്രമാത്രം രൂപാന്തരപ്രാപ്തിക്കു് അടിമപ്പെടണമെന്നു നോക്കുക. ചീരു്—ചേരു്—ശേരു്—ശേരി. ഈ രൂപാന്തരപ്രാപ്തിക്കു നിരുക്തശാസ്ത്രം അനുവദിക്കുമോ എന്നു് സംശയിക്കേണ്ടിയിരിക്കുന്നു. സംവൃതരേഫത്തിൽ അവസാനിക്കുന്ന താരു്, പാരു്, ചേരു്, ഊരു് എന്നിങ്ങനെ വളരെ പദങ്ങൾ മലയാളത്തിലുണ്ടു്. ഇവക്കൊന്നും ഉണ്ടാകാത്തതായ ഒരു വികാരം ഈ ചെറുശ്ശേരിനു മാത്രം വന്നുവെന്നു വിചാരിക്കുന്നതിന് യാതൊരു ന്യായവുമില്ല. അതുപോലെ ചിരു് ചേരായി മാറേണ്ട ആവശ്യവുമില്ല. അതിനാൽ ഗാഥയ്ക്കു ചെറുശീരെന്നും, ചെറുശീലെന്നും വല്ല "വയോവൃദ്ധകളും പറഞ്ഞു കേട്ടിട്ടുണ്ടെ"ങ്കിൽ അതു് ആ മുത്തശ്ശിമാരുടെ അജ്ഞാനംകൊണ്ടും, അതു സ്വീകരിക്കുന്നതു് വിമർശകന്മാരുടെ ദുശ്ശാഠ്യംകൊണ്ടും മാത്രമാകുന്നു.

"കവി ഈ കൃതിയെ ഗാഥ എന്നു പറയുന്നതിനാണു് ഇഷ്ടപ്പെട്ടിരുന്ന"തെന്നു് ഇവർ സമ്മതിക്കുന്നു. ആ പദത്തിനു പദ്യമെന്നും, ഗാനമെന്നും മററും നിഘണ്ടുവിൽ അർത്ഥം കൊടുത്തിട്ടുണ്ടെന്നും അവർക്കറിയാം. ഗാഥാവൃത്തത്തിന്റെ ലക്ഷണം

> പദത്തിനേററക്കുറവോ
> നിയമങ്ങൾക്കുഭേദമോ
> വരുന്നമററുവൃത്തങ്ങ-
> ളെല്ലാംഗാഥയിലുൾപ്പെട്ടും.

എന്നാണെന്നും അവർ ധരിച്ചിട്ടുണ്ടു്. എന്നിട്ടും ഗാഥയെന്ന പേരു് ഈ

ഗ്രന്ഥത്തിനു വരാൻ പാടില്ലെന്നാണ് ഇവരുടെ ഉദ്ദേശ്യം!. "ഗാഥാവൃത്തത്തിൽ രചിതമല്ലാത്തൊരു കൃതിക്കു ഗാഥയെന്നു പേരിടുന്നതു ഭംഗിയല്ല; വായനക്കാരെ തെററിദ്ധരിപ്പിച്ചേക്കും. ആ പേരിടുന്നതു അലൌകികവുമാണ്. എങ്കിലും ആ പേരുകൊണ്ടു ഞാൻ എന്റെ കൃതിയെ നിർദ്ദേശിക്കുന്നു. അങ്ങനെ വിളിക്കണമെങ്കിൽ അതു മററുള്ളവരാകട്ടെ; വായനക്കാരുടെ തെററിദ്ധാരണ നീക്കാൻ ചെറുശ്ശേരി എന്നു പേരിടാം." ഇങ്ങനെ പൂർവാപരവിരുദ്ധങ്ങളായ വിചാരങ്ങൾ കൃഷ്ണഗാഥാകർത്താവിന്റെ ഉള്ളിൽ കൂടിക്കടന്നുപോകുമെന്നു വിചാരിക്കുന്നവരുടെ ബുദ്ധിക്ക് എന്തോ നല്ല ചൊവ്വില്ല എന്നു മാത്രമേ പറവാൻ വഴി കാണുന്നുള്ളൂ.

ശ്രീ എന്ന പദത്തിന്റെ തത്ഭവമാണ് ചീര് എന്നും ഇവർ വാദിക്കാതിരിക്കുന്നില്ല. ഏതെങ്കിലും ഒരു സമസ്തപദത്തിന്റെ അവസാനത്തിൽ നില്ക്കുന്ന ശ്രീ ചീരെന്നു മാറുന്നതായി ഒരുദാഹരണമെങ്കിലും ഭാഷയിൽ എടുത്തു കാണിച്ചിരുന്നെങ്കിൽ ഈ വാദത്തിനു വല്ലതുമൊരു അടിസ്ഥാനമുണ്ടെന്നു വിചാരിക്കാമായിരുന്നു. അതില്ലാത്ത സ്ഥിതിക്ക് ആ വാദവും, അതിനെ പിൻതുടർന്ന് 'ചെറു' എന്ന പദത്തിനു ചെറുപ്പമെന്ന് അർത്ഥം കല്പിച്ചു പ്രസ്തുതകൃതിയിൽ "കൃഷ്ണന്റെ ശൈശവശോഭയും, യൌവനശ്രീയും വർണ്ണിക്കുന്നതുകൊണ്ട് അഭ്യന്തരവിഷയത്തെക്കൂടി സൂചിപ്പിക്കുന്നു" എന്നുള്ള വാദവും ഒന്നുപോലെ ബാലിശമാകുന്നു.

ഈ കൃതിക്കു പെട്ടെന്നു പേരിടാനും ഇടയില്ലത്രെ.! കാരണം, "പാട്ട് എന്നു കേൾക്കുമ്പോൾ ആ കൃതിയെക്കുറിച്ചു വലിയ മതിപ്പുണ്ടാകുന്നില്ല" എന്നുള്ളതാണ്. കഷ്ടം! കണ്ണശ്ശപ്പണിക്കർ മുതലായ നിരവധി പ്രാചീനകവികളുടെ ഉൽകൃഷ്ടകവനങ്ങൾ മാത്രമല്ല, എഴുത്തച്ഛന്റെ കിളിപ്പാട്ട്, കുഞ്ചൻനമ്പ്യാരുടെ തുള്ളപ്പാട്ട്, രാമപുരത്തുവാര്യരുടെ വഞ്ചിപ്പാട്ട് എന്നിങ്ങനെ അനേകം കാവ്യതല്ലജങ്ങൾക്കു ഈ വിമർശകന്മാരുടെ 'മതിപ്പ്' കിട്ടാതായിപ്പോയല്ലോ.!! കേരളിയുടെ ഭാഗ്യദോഷം തന്നെ. എന്നു മാത്രമോ? "നടന്മാർ, ഗായകന്മാർ മുതലായവരെപ്പററി പണ്ടുപണ്ടേ പുച്ഛമായിട്ടാണു ശബ്ദശാസ്ത്രജ്ഞന്മാർ കരുതിവരുന്നതു" എന്ന പ്രലപനം നിമിത്തം നാട്യശാസ്ത്രകർത്താവായ ഭരതമുനിക്കു മാത്രമല്ല, നടരാജനായ ഭഗവാൻ ശ്രീപരമേശ്വരനു പോലും ഈ "ശബ്ദശാസ്ത്രജ്ഞന്മാർ" മൂലം സംഭവിച്ച അധഃപതനം അത്യന്തം പരിതാപകരംതന്നെ!.

ആകപ്പാടെ ഏതാവൽപര്യന്തമുള്ള വാദകോലാഹലം സൂക്ഷ്മമായി പരിശോധിച്ചാൽ ഇവരുടെ ഈ വിമർശനത്തിനു "അസംബന്ധഭണ്ഡാഗാരം" എന്നു പേരിടുന്നപക്ഷം അതു ഒട്ടും അയുക്തമോ അവാസ്തവമോ ആയിപ്പോകുന്നതല്ല.

"ചെറുശ്ശേരി" ഗ്രന്ഥനാമമാണെന്നു സ്ഥാപിക്കുന്നതിനുവേണ്ടി ഇവർ എടുത്തു കാണിച്ചിട്ടുള്ള പ്രമാണങ്ങളിൽ ഒരു സംഗതി മാത്രമെ നമ്മുടെ ചിന്തക്കു വിഷയമാകേണ്ടതുള്ളു. അതു് ബയിലി, ഗുണ്ടർട്ടു് എന്നീ രണ്ടു ധീരന്മാരും അവരുടെ ശബ്ദകോശങ്ങളിൽ ചെറുശ്ശേരി എന്നുള്ളതു് ഒരു പുസ്തകത്തിൻെറ പേരാണു് എന്നു പറഞ്ഞതു എന്തുകൊണ്ടാണെന്നുള്ളതാണു്. ഈ രണ്ടു ധീരന്മാരും, ഗുണ്ടർട്ടു് വിശേഷിച്ചും തങ്ങളുടെ ശബ്ദകോശം കഴിയുന്നതു പരിപൂൎണ്ണമാക്കിത്തീൎക്കുവാൻ സ്തുത്യൎഹമാകുംവണ്ണം പ്രയത്നിച്ചിട്ടുണ്ടു്. ഗ്രന്ഥങ്ങളിൽ കണ്ടിടത്തോളം അവർ സാധിച്ചിട്ടുമുണ്ടു്, എന്നാൽ ഗ്രന്ഥങ്ങളിൽ കാണ്മാൻ കഴിയാത്തവയെ അവർ കേവലം ഉപേക്ഷിക്കുക തന്നെ ചെയ്തിരിക്കുന്നു. അക്കൂട്ടത്തിൽ ചെറുശ്ശേരി എന്ന പദവും അവർ തെററിദ്ധരിച്ചുപോയെന്നു വിചാരിക്കുന്നതിൽ വലിയ അസാംഗത്യമൊന്നുമില്ല.

എല്ലാംകൊണ്ടും "കൃഷ്ണഗാഥാ" എന്ന സുപ്രസിദ്ധനാമത്തെ കഴുത്തിൽപിടിച്ചു തള്ളുന്നതിനു് കോട്ടയം പണ്ഡിതന്മാർ ചെയ്തിട്ടുള്ള ശ്രമം ഫലവത്തായിപ്പരിണമിച്ചിട്ടില്ലെന്നുള്ളതു തീൎച്ചതന്നെ. ആ ഗ്രന്ഥം പൂന്താനത്തിൻെറ കൃതിയാണെന്നു് ഇവർ അഭിപ്രായപ്പെടുന്നതിനെപ്പററി ഇനി ഒരവസരത്തിൽ പ്രസ്താവിച്ചുകൊള്ളാം.

# പുസ്തകാഭിപ്രായം.

—:)o(:—

## "ചിലപ്പതികാരം."

പരിഭാഷകൻ:- നെന്മാറെ പടിഞ്ഞാറെ പാറയിൽ നാരായണൻനായർ അവർകൾ.

വില 1—8—0

തമിഴഭാഷാസാഹിത്യത്തിൽ അതിപ്രധാനവും പുരാതനവുമായ പഞ്ചമഹാകാവ്യങ്ങളിൽ ഒന്നായ "ചിലപ്പതികാര"ത്തിൻെറ ഗദ്യപദ്യസമ്മിളിതമായ ഒരു വിവൎത്തനമാണു് പ്രസ്തുതമഹാകാവ്യം. രസാത്മകമായ വാക്യം കാവ്യമെന്നിരിക്കെ, മിക്കവാറും ഗദ്യരൂപേണയുള്ള ഈ ഗ്രന്ഥവി

വത്തനത്തിനു മൂലത്തെ അനുകരിച്ച് പദ്യത്തിൽതന്നെ ആകാഞ്ഞതുകൊണ്ട് —ഗദ്യത്തെക്കാളധികം കർണ്ണസുഖവും മററും പദ്യത്തിനേറുമെങ്കിലും— പായത്തക്ക അപകർഷമൊന്നും സംഭവിച്ചിട്ടുള്ളതായി ഞങ്ങൾക്കു തോന്നിയിട്ടില്ല. വിശേഷിച്ചു തർജ്ജമയുടെ പ്രയോജനങ്ങളിൽ ഒന്ന് "മൂലവാക്യാത്ഥഗ്രഹണ"മാകകൊണ്ട് ഗദ്യവിവത്തനം അതിനൊരുപായമല്ലായ്കയും അല്ല. "അപ്രസിദ്ധപദപ്രയോഗബഹുളവും ഗൂഢനിക്ഷിപ്തസാരവും ദുരവഗാഹാത്ഥകല്പനവു"മായ ഈ ഗ്രന്ഥം വിവത്തനംചെയ്ക എന്നുള്ളതു് രസകരമായ ഒരു വിനോദകൃത്യവുമല്ല. ഭാഷാന്തരത്തിന്റെ ജീവൻ തന്മയത്വമായിരിക്കെ, അതു് ഈ തർജ്ജിമയിൽ വന്നിട്ടുണ്ടോ എന്നു തീർച്ചയായി പറവാനുള്ള വിദ്വത്വം ഞങ്ങൾക്കില്ലെങ്കിലും, കൊച്ചിഭാഷാപരിഷ്കരണക്കമ്മിററിൽ പ്രസാധിതമായ ഒരു മഹാകാവ്യം അങ്ങിനെ അല്ലാതെ വരാൻ തരമില്ലെന്നു വിശ്വസിക്കാവുന്നതാണല്ലോ. ഭാഷാന്തരം സുഗമവും രസാവഹവും ആയിട്ടുണ്ടെന്നഭിപ്രായപ്പെടാൻ ഞങ്ങൾക്കു വളരെ സന്തോഷമുണ്ട്. വിശേഷിച്ചു കൈരളിയുടെ പ്രത്യേകസ്വത്തായ ദ്രാവിഡവൃത്തങ്ങളിൽ തർജ്ജിമ ചെയ്തിട്ടുള്ള ചില പാട്ടുകൾ വളരെ ഹൃദ്യങ്ങളായും ഇരിക്കുന്നു. സാധാരണ കാവ്യങ്ങളിലെപോലെ നഗരാർണ്ണവശൈലത്തുക്കളുടെ വർണ്ണനവും രസോല്ക്കർഷഹേതുക്കളായ അലങ്കാരപ്രയോഗങ്ങളുടെ ബഹുലതയും ഈ കാവ്യത്തിൽ സുലഭമാണ്. എങ്കിലും വേലുപോലുള്ള നയനങ്ങളും ചുണങ്ങണിഞ്ഞ മുലകളും വിലക്ഷണസ്വഭാവത്തിലുള്ള വർണ്ണനകളായിത്തോന്നിപ്പോകുന്നു. "മാനലംകണ്ണികൾതമ്മെച്ചമയിച്ചങ്ങാനക്കഴുത്തിലിരുത്തിക്കൊണ്ടുവേലിക്കവട്ടമുണ്ടെന്നു-'തമുക്ക'ടിച്ചുപരസ്യംചെയ്യുന്നതും, ഒരുകുമിഴമലരുവരച്ചതുപോലുള്ള മൂക്കും, കോവപ്പത്തിനൊത്തധരവും, മലർനിറഞ്ഞപുന്നമരത്തിലന്നുമറിച്ചരിക്കുന്നതുംമററും നമുക്കു പുതുമയായിത്തന്നെയിരിക്കും. ദക്ഷിണഇൻഡ്യയിലെ പ്രശസ്തജനസ്ഥാനങ്ങളായിരുന്ന ചോളചേരപാണ്ഡ്യരാജ്യങ്ങളുടെ വർണ്ണന, അവിടത്തെ രാജാക്കന്മാരുടേയും പ്രജകളുടേയും പരിതസ്ഥിതികൾ മുതലായി പ്രയോജനകരങ്ങളായ പല ചരിത്രകാര്യങ്ങളും പുരാണമായ വരുത്തീട്ടുള്ള ഈ ധർമ്മകാവ്യത്തിൽനിന്നും മനസ്സിലാക്കാവുന്നതാണ്. നമ്മുടെ ഭഗവതീക്ഷേത്രങ്ങളിലെ വെളിച്ചപ്പാടന്മാരുടെ വെളിപാടുകളും അവരിൽ സാമാന്യജനങ്ങൾക്കുള്ള ഭക്തിവിശ്വാസങ്ങളും ഒററമുലച്ചി മുതലായ പ്രതിഷ്ഠാസംഭവങ്ങളും മററും ആലോചിക്കുമ്പോൾ ഇതിലെ നായികയായ കണ്ണകീദേവിയല്ലേ നമ്മുടെ ഭഗവതിമാരിൽ അധികവും എന്നുകൂടി ശങ്കിച്ചുപോകുന്നു. എതായാലും ഇതിലെ പല സംഭവങ്ങൾക്കും കേരളത്തോടു പ്രത്യേകബന്ധമുള്ളതുകൊണ്ടും മററും കേരളീയർ തികച്ചും വായിച്ചിരിക്കേണ്ട ഒരു ഗ്രന്ഥമാണിതെന്ന് നിസ്സംശയം അഭിപ്രായപ്പെടാം. വടക്കേപ്പാട്ട മി: നാരാ

യന്നൻനായരുടെ അവതാരിക ഈ ഗ്രന്ഥത്തിനൊരലങ്കാരമായും ഭവിച്ചിട്ടുണ്ടു്. വിദ്യാവൃദ്ധനും വയോവൃദ്ധനുമായ പരിഭാഷകന്, തമിഴിൽനിന്നും അനർഘങ്ങളായ പല കാവ്യരത്നങ്ങളും തന്മയത്വത്തോടുകൂടി ഭാഷാന്തരം ചെയ്തു കൈരളിയെ അലങ്കരിക്കുവാൻ വേണ്ട ആയുസ്സും ഓജസ്സും സർവ്വശക്തൻ നല്കുമാറാകട്ടെ എന്നു് ഞങ്ങൾ ഹൃദയപൂർവ്വം പ്രാർത്ഥിക്കുന്നു.

## ദുരന്തദുശ്ശങ്ക.

ഗ്രന്ഥകർത്താ:- ശ്രീമാൻ കൈനിക്കര കുമാരപിള്ള അവർകൾ ബി. എ., എൽ. ടി.

ഹെഡ്മാസ്റ്റർ, ഹൈസ്കൂൾ, കരുവാററ—ഹരിപ്പാട്.

വില 1. ക.

ഷെക്സ്പിയർ മഹാകവിയുടെ ഒതെല്ലോ എന്ന പ്രസിദ്ധനാടകത്തിന്റെ വിവർത്തനമായ "ദുരന്തദുശ്ശങ്ക"യാണ് ഞങ്ങളുടെ മുമ്പിൽ ഇരിക്കുന്നതു്. സ്വാഹങ്കാരപരിഹാരത്തിനായി, വിവർത്തനകർത്താവു് തന്റെ നിർമ്മിതിയെ ഒരു കടലാസുകപ്പലായി രൂപണംചെയ്തു കാലസമുദ്രത്തിലേക്കാണു് തള്ളിയതെങ്കിലും സാഹിത്യസമുദ്രത്തിലെ ചില തിമിംഗലങ്ങളുടെ പടവെട്ടലിന് അതു സംഗതിയായിത്തീർന്നിരിയ്ക്കുന്നു. സംസ്കൃതിപരിധിയെയൊ സംഹാരസരണിയേയൊ ബലമായി അവലംബിക്കാതെ "ദുരന്തദുശ്ശങ്കയെ" അതിന്റെ രൂപത്തിൽ പര്യവേക്ഷണം ചെയ്യണമെന്നേ ഞങ്ങൾ വിചാരിക്കുന്നുള്ളു. ഭാരതം, രാമായണം, ഭാഗവതം എന്നീ കിളിപ്പാട്ടുകൾ മൂലഗ്രന്ഥങ്ങളോട് എത്ര യോജിക്കുന്നുണ്ടെന്നറിയാതെതന്നെ അവയെ അത്യാദരഭക്തിയോടെ ആസ്വദിച്ചുപോരുന്നുണ്ടല്ലൊ.

ആഖ്യായികയും നാടകവും ഒരേ ഗതിയെ അവലംബിച്ച് അധികദൂരം പ്രയാണം ചെയ്യുന്ന രണ്ടു സാഹിത്യപ്രസ്ഥാനങ്ങളാണ്. എന്നാൽ അവയെ വേർതിരിക്കുന്ന ഉപാധികളും ധാരാളമുണ്ടു്. കഥയിലെ വേഷങ്ങളെക്കൊണ്ടു മാത്രം കാര്യനിർവ്വഹണം നാടകകർത്താവു ചെയ്യിക്കുമ്പോൾ ആഖ്യായികാകാരൻ രംഗപ്രവേശം ചെയ്തു നിർവ്വഹണം സാധിക്കുന്നു. എങ്കിലും ആഖ്യാനത്തെ കഴിയുന്നത്ര കുറക്കുവാൻ തക്കവണ്ണം പാത്രസൃഷ്ടി ചെയ്യുന്ന നോവൽകർത്താവിന്റെ വിജയം ആദരണീയമെന്നു ത

ന്നേ പറയേണ്ടൂ. സി. വി. യുടെ ആഖ്യായികകളിൽ 'ധർമ്മരാജാ'വിനുള്ള മഹിമ ഇതാണെന്നു സൂക്ഷിച്ചാലറിയാം.

പരാവർത്തനം നാടകരൂപത്തിലല്ലാതെ ഒരു നോവൽസമ്പ്രദായത്തെയാണ് അനുകരിച്ചിരിക്കുന്നതു്. പ്രകാശനവൈവിധ്യവും വിഖ്യാതങ്ങളായ വ്യാഖ്യാനപരമ്പരകളും ഒരു വായനക്കാരനെ സ്വതന്ത്രചിന്തയ്ക്കു ശക്തനാക്കുന്നതാണ്. ആ വിധമായ വിജ്ഞാനം സമ്പാദിച്ചതിനു ശേഷം ആ നാടകത്തിലെ പാത്രങ്ങളോട് അടുത്തു സഹവസിക്കയും ചെയ്യുമ്പോഴും സ്വാനുഭൂതിപ്രകടിതമായ ഒരു കൃതിയായി 'ദുരന്തദുശ്ശങ്ക' അവതരിച്ചു എന്നു അതിന്റെ മുഖവുരകൊണ്ടു തെളിയുന്നുണ്ട്. പക്ഷേ വീക്ഷണകോണം മാറുന്നതുകൊണ്ട് വസ്തുസ്വരൂപം ഭിന്നമായി തോന്നിയേക്കാം.

പാഠഭേദങ്ങളെക്കൊണ്ടും വ്യാഖ്യാതാക്കളുടെ അഭിപ്രായഭേദം കൊണ്ടും വൈവിധ്യരൂപം സിദ്ധിച്ചിട്ടുള്ള ശാകുന്തളം ഭാരതീയരുടെ അമൂല്യസാഹിത്യസമ്പത്താണ്. കവിയോ—ഷേക്സ്പിയറെ അതിശയിക്കുമെന്നു പറയുന്നതു സ്വാഭിമാനമെങ്കിൽ—പ്രതിഭാവിശേഷത്താൽ അനുഗ്രഹീതനുമാണ്. ഭാരതത്തിലെ മററു ഭാഷകളിലേക്ക് എന്നു മാത്രമല്ല, പാശ്ചാത്യഭാഷകളിലേക്കുകൂടി ശാകുന്തളം വിവർത്തനം ചെയ്തിട്ടുണ്ട്. ഒരു പക്ഷേ, അല്ല നിശ്ചയമായി തന്നെ, കവിഹൃദയം അങ്ങിനെ തന്നെ പകർന്നിട്ടില്ലെങ്കിലും സംസ്കൃതാനഭിജ്ഞന്മാർ വിവർത്തനംകൊണ്ടു ചാരിതാർത്ഥ്യം അടയുന്നുണ്ട്.

മി: കുമാരപിള്ള നാടകരൂപത്തിൽതന്നെ ഏതെങ്കിലും ഒരു പാഠം അവലംബിച്ചു വിവർത്തനം ചെയ്തിരുന്നെങ്കിൽ രണ്ടുവിധ ദോഷങ്ങൾ അതിനുണ്ടാകുവാനിടയുണ്ട്. വ്യാഖ്യാതൃഭേദങ്ങളുടെ അഭിപ്രായഗതിയോ വശ്യവാക്കായ മഹാകവിയുടെ ശബ്ദപ്രയോഗചാതുരിയോ നഷ്ടമായി, കഥ ഒരുപക്ഷേ നിർജ്ജീവമായേക്കും. ആശയം വിശദമാകുന്നതുവരെ സ്വാഭിപ്രായരൂപത്തിൽ പറഞ്ഞു വായനക്കാരെ മനസ്സിലാക്കുവാൻ ഈ രീതി ഉപകരിക്കുമെന്നുള്ളതുകൊണ്ടായിരിക്കണം ഇതു സ്വീകൃതമായിട്ടുള്ളതു്. പ്രധാനാപ്രധാനഭാഗങ്ങൾ എന്നു ഗണിക്കുന്നിടത്തു് അഭിരുചിഭേദംകൊണ്ടും വീക്ഷണകോണത്തിന്റെ വ്യത്യാസംകൊണ്ടും ഒരുവനു തോന്നുന്ന ലക്ഷ്യം മററവൻ കണ്ടില്ലെന്നോ അറിഞ്ഞില്ലെന്നോ വന്നേക്കാം.

ഒരു ഭാഷയിൽനിന്നു മറെറാന്നിലേക്ക് വിവർത്തനംചെയ്യുന്ന ഗ്രന്ഥങ്ങൾ മൂലഗ്രന്ഥത്തോട് എത്രത്തോളം അടുത്തിട്ടുണ്ടെന്നു നോക്കുന്നതു് രണ്ടു ഭാഷകളിലും ഒരുപോലെ പാണ്ഡിത്യമുള്ളവരുടെ കടമയാണ്. ചിരാഭ്യസനംകൊണ്ട് മൂലകൃതിയിൽ വന്നുപോയ പക്ഷപാതം പലപ്പോഴും വിവർത്തനങ്ങളിൽ അവഹേളനം ഉണ്ടാക്കുന്നതാണ്. എന്നാൽ വിവർത്തനം വായിക്കുന്നവരിൽ ചിലരെങ്കിലും മൂലകൃതിയിലെ ഭാഷയോട് യാതൊരു

ബന്ധമില്ലാത്തവരെങ്കിലും വിവർത്തനഭാഷാസാഹിത്യത്തിൽ പ്രാവീണ്യമുള്ളവർ ആയിരിക്കാം. അവർ ഈ ഗ്രന്ഥം മൂലത്തിൽനിന്നും എത്ര വഴിവിട്ടിരിക്കുന്നു എന്നു് നോക്കാറില്ല. മററു കൃതികളോടുള്ള സാദൃശ്യത്തിലൊ, വായിക്കുമ്പോഴുണ്ടാവുന്ന രസാനുഭൂതിയിലൊ വിവർത്തനത്തെ തുലനം ചെയ്തു് സ്വീകാര്യത്യാജ്യങ്ങളായി പരിഗണിക്കുന്നു.

അഭിജ്ഞാനശാകുന്തളത്തിനു മലയാളഭാഷയിൽ പദാനുപദമായി ഏഴോ എട്ടോ വിവർത്തനങ്ങളുണ്ടു്. മൂലത്തോടു് അത്യന്തസാദൃശ്യമുള്ള തർജ്ജമയേക്കാൾ ജനങ്ങൾക്കു് അങ്ങിനെയല്ലാത്ത ഒന്നിനോടാണു് അത്യന്തകൌതുകം തോന്നുന്നതു്. തർജ്ജമകൾക്കു വായനക്കാരുടെ ഹൃദയത്തെ സ്പർശിക്കുന്നതിനുള്ള ശക്തിവ്യത്യാസം ഈ അഭിപ്രായത്തിനു് ആശ്രയമായിരിക്കുന്നു.

ഭാവഗാംഭീര്യമുള്ള ഒരു ഗ്രന്ഥത്തെ വിവർത്തനം ചെയ്ക എന്നതു് സുഖസാദ്ധ്യമല്ലെന്നും ആ ഇനത്തിൽ പെട്ട ഒതല്ലൊ വിവർത്തനാനർഹമെന്നും സമ്മതിക്കതന്നെ ചെയ്യാം. എങ്കിലും മഹാകവിയുടെ കഥാബന്ധം അറിഞ്ഞു് ആംഗ്ലഭാഷാനഭിജ്ഞന്മാർ രസിപ്പാനിടവരുന്നതു് അഭിലഷണീയമല്ലെന്നു വരുമോ? അതോടുകൂടി മൂലത്തിൽ നിറഞ്ഞു തുളുമ്പുന്ന രസം കുറെയെങ്കിലും ആസ്വദിപ്പാനിടവരുന്നതു് സന്തോഷാവഹംതന്നെ. മി: കുമാരപിള്ളയുടെ ശ്രമം പരിപൂർണ്ണവിജയമല്ലെന്നു് സ്ഥാപിക്കുന്ന പക്ഷത്തിലും ആ വിവർത്തനം ആസ്വാദനാർഹമെന്നെ തെളിയുന്നുള്ളു. ഇംഗ്ലീഷുഭാഷാഭ്യസനം സാമാന്യമായൊ ഇന്നത്തെ നിലയ്ക്കുള്ള ഉൽകൃഷ്ടാഭ്യസനം വിശേഷമായൊ ഉണ്ടായിരുന്നാലും കാര്യം മതിയാവുകയില്ലെന്നും വല്ല ഡിഗ്രിയും ആയാൽതന്നെ കഷ്ടിച്ചു മതിയാകുമെന്നും ഉള്ള നിലയ്ക്കു് ദുരന്തദുശ്ശങ്ക മാത്രം വായിച്ചു് എത്രത്തോളം രസിക്കാമെന്നു പരീക്ഷിക്കേണ്ടതാണു്. ഇതിലെ നായികയുടെ ചാരിത്രം, ദയ പ്രേമം എന്നിവ ഒരുവനെ സ്വർഗ്ഗസുഖം അനുഭവിപ്പിക്കുന്നുണ്ടു്. ഇയാഗോ രസിക്കുന്ന നരകം എതെന്നറിവാൻ ഒരുവന്റെ ഇന്ദ്രിയങ്ങൾ ശക്തങ്ങളുമല്ല. ഇങ്ങനെ ഓരോ വേഷങ്ങളെക്കുറിച്ചും ഓരോവിധ അനുഭൂതി വായനക്കാർക്കുണ്ടാകുന്നുണ്ടു്. പക്ഷെ ഹൃദയമുണ്ടായിരിക്കണമെന്നുള്ളതു് വിസ്മരിക്കാവുന്നതല്ല.

ദുരന്തദുശ്ശങ്കയിലെ ഭാഷാരീതി അഭിപ്രായവ്യത്യാസത്തിനു് അവകാശമുള്ളതാണു്. ഭാഷയുടെ ഊർജ്ജസ്വലതയ്ക്കു് ഗീർവാണപദങ്ങളുടെ ബാഹുല്യം അപേക്ഷണീയമെന്നു് ഒരു പക്ഷക്കാരുണ്ടു്. ഞങ്ങൾ അതിനോടു് അശേഷവും യോജിക്കുന്നില്ല. 'ദുർഗ്ഗേശനന്ദിനി'യുടെ ഭാഷാരീതിക്കു് ആവശ്യമുള്ള എല്ലാ ഗുണങ്ങളുമുണ്ടെന്നുതന്നെയാണു് പൊതുവെയുള്ള സമ്മതം. അലങ്കാരങ്ങളുടെ വിപുലപ്രയോഗം കൊണ്ടു് ഭാഷ കൃത്രിമമെന്നു പലപ്പോഴും തോന്നിയേക്കാം. വിവർത്തനകർത്താവിന്റെ ആഖ്യാനങ്ങളും

കഥയിലെ വേഷങ്ങളുടെ സംഭാഷണവും ഒരേ ശ്രുതിയിൽ തന്നെ മുഴുന്നോട്ടു പോകുന്നു. അതു രസാസ്വാദനത്തിന് അല്പം പ്രതിബന്ധമായി കാണുന്നുണ്ട്.

കഥയിൽ അന്തർഭവിച്ചിരിക്കുന്ന രഹസ്യങ്ങളേയും രസസ്തംഭനം ചെയ്യിരിക്കുന്ന ചില സംഭാഷണങ്ങളേയും ഗ്രന്ഥകർത്താവു വ്യാഖ്യാനിച്ചു വായനക്കാരുടെ ചിന്താശീലത്തെ ധ്വംസിക്കയോ അഥവാ അവഗണിക്കയോ ചെയ്യുന്നുണ്ട്.

ആഖ്യാനങ്ങളിൽ പ്രയോഗിച്ചിരിക്കുന്ന കൃതികൾ കാലഗണനയിൽ നിരങ്കുശങ്ങളായിരിക്കുന്നു എന്നു പലയിടത്തും കാണ്മാനുണ്ടു. പ്രയോജകരൂപക്രിയകളോടു് അതിനുള്ള പ്രത്യയം ചേർത്തു വാക്യത്തിന് ചില ദിക്കിൽ അഹാര്യമാടി വരുത്തീട്ടില്ലേ എന്നു സംശയിക്കുന്നു.

മൂലഗ്രന്ഥത്തിന്റെ അംഗിയായരസം പാത്രംമാറിയതുകൊണ്ടു് ഭംഗംവരാതെ ഇതുപോലുള്ള ഗ്രന്ഥങ്ങൾ തൽകർത്താവിന്റെ പാകശാലയിൽനിന്നു പുറപ്പെടണമെന്നു് അഭ്യർത്ഥിക്കയും അതിന് സന്മനസ്സും ശക്തിയും അനുഗ്രഹത്തിനു നൽകണമെന്നു് പ്രാർത്ഥിക്കയും ചെയ്തുകൊള്ളുന്നു. മൂലവിവർത്തനങ്ങൾ തമ്മിൽ പദപ്രയോഗവൈകല്യങ്ങളുടെ ന്യൂനാധികഭാവം രണ്ടു സാഹിത്യങ്ങൾക്കുള്ള ഗുരുലഘുത്വത്തെ ആശ്രയിച്ചിരിക്കുമെന്നു മാത്രമേ ഞങ്ങൾക്കു പറവാനുള്ളു. മി: കുമാരപിള്ളയുടെ ശ്രമത്തിന് സകല വിജയവും ആശംസിച്ചുകൊള്ളുന്നു.

# വിഹായസവിഹാരം.

(പതിമൂന്നാംഅദ്ധ്യായം)

(എം. രാജരാജവർമ്മതമ്പുരാൻ എം. എ., ബി. എൽ.)

അന്തരിക്ഷത്തിലുള്ള ആവി മഴയിൽ പര്യവസാനിക്കുന്നു. അതിനുള്ള മുന്നരങ്ങാണ് മേഘങ്ങൾ. ആകാശത്തുണ്ടാകുന്ന മൂടൽമഞ്ഞുതന്നെയാണു് മേഘം. അല്പിഷ്ഠങ്ങളായ ജലകണങ്ങളുടെ സമവായമാണതു്. ആ കണങ്ങൾക്കുള്ള വ്യാസം ഒരിഞ്ചിന്റെ മൂവായിരത്തിലൊരുഭാഗംമാത്രമാകുന്നു: അവ കീഴോട്ടു പതിക്കാതെ ആകാശത്തിൽ തൂങ്ങിക്കിടക്കുന്ന

തെങ്ങനെയെന്ന് നിങ്ങൾക്കു തോന്നിയേക്കാം. ഈ കണങ്ങൾ പൊള്ളയാണെന്ന് ചിലർ വിശ്വസിച്ചിരുന്നു. അതു തെറ്റാണ്. ഘനം കുറയുന്ന സാധനങ്ങൾ കീഴോട്ടു വീഴാൻ താമസിക്കുമെന്നാൎക്കുമറിയാം. പഞ്ഞി പറക്കുന്നില്ലേ? ഏറ്റവും ഘനം കൂടിയ പദാൎത്ഥമാണു സ്വൎണ്ണം. അതും ലേശാക്കിക്കഴിയുമ്പോൾ കാറ്റത്തു പറക്കുന്നുണ്ട്. ഘനം കുറഞ്ഞ ജലകണങ്ങൾ അതുപോലെ വായുവിൽ പൊന്തിനില്ക്കുന്നു. ആവി സചിന്നമാകുന്ന (Condense) ക്രമത്തിനു അവയ്ക്കു ദൃഢത കൂടി ചെറുതുള്ളികൾ ഒന്നിച്ചുചേൎന്ന് ഘനമേറി മഴത്തുള്ളികളായി പെയ്യുന്നു. മഴത്തുള്ളികൾക്ക് ഒരിഞ്ചിന്റെ ഇരുപതിലൊന്നു മുതൽ പത്തിലൊന്നു വരെ വ്യാസമുണ്ടാകും.

വായുവിന്റെ തണുപ്പ് ഹിമസ്ഥത്ത് (Freezingpoint) വരുമ്പോൾ ആവി കട്ടിമഞ്ഞാകുന്നു (Snow). ഘനീഭവത്തിന്റെ അവസ്ഥാന്തരമത്രെയിതു്. കട്ടിമഞ്ഞിന്റെ ഓരോ പരലിലും (Crystal), ഉപ്പുകല്ലിനുള്ളപോലെ, ആറു മുഖങ്ങളുണ്ടായിരിക്കും.

കരകം (Hail) കട്ടിമഞ്ഞുപോലെ ആവിയുടെ വികാരമല്ല. ജലകണങ്ങൾ കഠിനങ്ങളാകുന്നതാണ്. ആലിപ്പഴമെന്നാണ് നാം അതിനു പേർ പറയാറുള്ളതു്. കല്ലു പെറുക്കി എറിയുംപോലെയാണ് അവ വീഴുന്നതു്. അശനിവൎഷം (Thunderstorm) ഉണ്ടാകുമ്പോഴാണ് മിക്കവാറും ആലിപ്പഴങ്ങൾ പൊഴിയുന്നതു്. അതിനാൽ വിദ്യുച്ഛക്തിയുടെ ആഘാതം നിമിത്തമുണ്ടാകുന്നവയാണെന്ന് ഒരു ദുൎബ്ബോധം പലൎക്കുമുണ്ട്. അതു പിശകാണ്. എന്തെന്നാൽ വിദ്യുച്ഛക്തി മിക്കവാറും ഒരു കാൎയ്യ (effect) മാണ്, കാരണമല്ല. കരകങ്ങളുണ്ടാകുന്നതെങ്ങനെയെന്നു പറയാം. വലിയ കൊടുങ്കാറ്റിന്റെഗതി ഊൎദ്ധ്വമുഖമായിരിക്കുമ്പോൾ, മഴത്തുള്ളികൾ മേലോട്ട് ഉയരുന്നു. മണിക്കൂറിൽ ഇരുപത്തിഅഞ്ചു മൈൽ വേഗത്തിൽ കാറ്റടിച്ചാൽ മഴത്തുള്ളികൾ പൊങ്ങും. ആ തുള്ളികൾക്ക് മേലാകാശത്തുള്ള അതിശൈത്യത്തോടു സമ്പൎക്കമുണ്ടാകുമ്പോൾ കട്ടിയുണ്ടാകുന്നു. അപ്പോൾ അവ കീഴോട്ടു പതിച്ചുതുടങ്ങുന്നു. എന്നാൽ കാറ്റിന്റെ ചുഴലിയിലകപ്പെട്ട് പിന്നെയും മേലോട്ടു പൊങ്ങുന്നു. കീഴോട്ട് വീഴുമ്പോൾ ഉരുകിത്തുടങ്ങിയ ഭാഗം മേലോട്ടു പോകുമ്പോൾ പിന്നെയും കട്ടിപിടിക്കുന്നു. ഇങ്ങനെ മേലോട്ടും കീഴോട്ടുമുള്ള പന്താട്ടത്തിൽ, മത്തിട്ടു തൈർകലക്കുമ്പോൾ വെണ്ണ കട്ടിപിടിച്ചുരുളുംപോലെ, വൎദ്ധമാനമായ വലിപ്പത്തെ പ്രാപിക്കുന്നു. ഒടുവിൽ വാത്യാകേന്ദ്രത്തിന്റെ (Storm centre) ഇരുപുറത്തുമായി പൊഴിഞ്ഞുവീഴുന്നു. ഇതു നിമിത്തമത്രെ വാത്യാവൎഷമുണ്ടാകുന്ന പ്രദേശങ്ങളിൽ അങ്ങുമിങ്ങും ആലിപ്പഴം വീഴുകയും നടുക്ക് വീഴാതെയുമിരിക്കുന്നതു്. നടുക്കു മഴ മാത്രമെ പെയ്യുന്നുള്ളു. കരകങ്ങൾ പാറക്കല്ലുപോലെ വീഴും. പതിനാലു ഇഞ്ചു വ്യാസമുള്ള കരകങ്ങൾ വീഴാറുണ്ട്! ധ്രുവമപ

ത്രാനദിയുടെ പരിസരങ്ങളിലാണ് കരകങ്ങൾ ധാരാളം വീഴാറുള്ളത്. കേരളത്തിലും ചിലപ്പോൾ അവയുണ്ടാകാറുണ്ട്. വാത്യാവർഷങ്ങളുള്ളപ്പോളാണ് അവ വീഴാനെളുപ്പം. ഏററവും ചൂടും ഈർപ്പവുമുള്ള പ്രദേശങ്ങളിൽ കരകപാതം സാധാരണയാണ്. കൃഷികൾക്കും കെട്ടിടങ്ങൾക്കും കരകവർഷം വളരെ ഹാനികരമാകുന്നു. മിന്നൽകമ്പിവച്ചാൽ രക്ഷയുണ്ടെന്നു ചിലർ വിചാരിക്കുന്നു. അതുകൊണ്ട് ഒരു പ്രയോജനവുമില്ല. ധാരാളം വൃക്ഷങ്ങൾ വച്ചു പിടിപ്പിച്ചാൽ ആലിപ്പഴങ്ങളുടെ ആഘാതത്തിന് ഏതാണ്ടു കുറവുണ്ടാകും. എന്തെന്നാൽ തറ പെട്ടെന്നു ചൂടുപിടിക്കുമ്പോഴാണ് കൊടുങ്കാററിളകുന്നത്. മരത്തണലുനിമിത്തം തറക്ക് അത്രയെളുപ്പം ചൂടു വരില്ല.

പരന്നു നിരന്ന പ്രദേശങ്ങളിലെക്കാൾ മലമ്പ്രദേശങ്ങളിൽ മഴ കൂടുതലുണ്ടാകുമെന്ന് ആർക്കും അനുഭവമാണ്. വായുവിനു മേലോട്ടുള്ള ഗതി പൊടുന്നനെയുണ്ടായി അതു തണുക്കുന്നതുകൊണ്ട് ഇപ്രകാരം സംഭവിക്കുന്നതാണ്. ഹിന്ദുസ്ഥാനത്തു ഹിമവൽപരിസരങ്ങളിലും പടിഞ്ഞാറെ അതിർത്തിയിലുള്ള പർവതപ്രാന്തങ്ങളിലു(Westernghats)മാണു മഴയധികം. ബങ്കാൾ ഉൾക്കടലിന്റെ വടക്കുപടിഞ്ഞാറുഭാഗത്ത് ഖാൽസിയാശൈലങ്ങളിലാണ് മഴ കൂടുതൽ. അവിടെ നാലായിരം അടിപ്പൊക്കത്തിൽ മല കോട്ടപോലെ പൊങ്ങിനില്ക്കുന്നു. ഈ ശൈലപരമ്പരയിലുള്ള ചിറാപ്പുഞ്ചി എന്ന സ്ഥലത്താണ് ഏററവും കൂടുതൽ മഴ. ആണ്ടൊന്നുക്കു അഞ്ഞൂറ് ഇഞ്ചിൽ കൂടുതൽ മഴ അവിടെയുണ്ടാകുന്നു. പാതിയും ജൂൺ ജൂലായി മാസങ്ങളിലായി വീഴും. പടിഞ്ഞാറൻ അതിർത്തി മലകളിൽ മഹാബലേശ്വരമലയിൽ ആണ്ടിൽ ഇരുന്നൂററി അമ്പതിഞ്ചു മഴ പെയ്യാറുണ്ട്. നേരെമറിച്ചാണ് കിഴക്കൻസമുദ്രതീരങ്ങളിലും ദക്ഷിണാപഥത്തിലെ (Deccan) സമതലഭൂമികളിലും. അവിടങ്ങളിൽ മഴ വളരെ കുറവാണ്; എന്നുതന്നെയല്ല, അനാവൃഷ്ടികൊണ്ടുള്ള നാശങ്ങൾ പലപ്പോഴും പററാറുണ്ട്.

യൂറോപ്പിൽ മൂവായിരവും ഹിന്ദുസ്ഥാനത്തു നാലായിരവും അടിപൊക്കത്തിൽ നിബിഡങ്ങളായ മേഘതതികളുണ്ടാകുമ്പോൾ അതിവർഷമുണ്ടാകുന്നു. വായുസമ്മർദ്ദം സർവദാ ഏറുന്ന പ്രദേശങ്ങളിൽ മഴ കുറയും. അസ്ത്രേലിയാരാജ്യത്തിന്റെ മധ്യപ്രദേശത്തു പത്തിഞ്ചിൽ കൂടുതലായി കൊല്ലത്തിൽ മഴയുണ്ടാകാറില്ല. ആ മാതിരി പ്രദേശങ്ങളിൽ ആൾപ്പാപ്പു വളരെ ചുരുങ്ങും. സൈകതങ്ങൾ ഭയങ്കരങ്ങളാകുന്നത് അതുകൊണ്ടല്ലെ?

# ഉദ്ധാരണങ്ങൾ.

:)o(:

## വ്യവസായവും വിദ്യാഭ്യാസവും.

മദ്രാസ് മഹാജനസഭ സജ്ജീകരിച്ചിരുന്ന അഖിലേന്ത്യാ സ്വദേശിപ്രദർശനം ഉൽഘാടനം ചെയ്തുകൊണ്ട് സർ. എം. വിശ്വേശ്വരയ്യ ചെയ്ത പ്രസംഗത്തിൽ ഇങ്ങിനെ കാണുന്നു.

യന്ത്രത്തിന്റെ സഹായത്തോടുകൂടി വസ്ത്രനിർമ്മാണം എത്രയും ആദായകരമായിരിക്കുന്ന ഇക്കാലത്ത് കൈകൊണ്ടു നൂൽനൂറ്റ് കൈകൊണ്ട് നെയ്തു ഖദർ ഉണ്ടാക്കുന്നത് ഒരു വിഫലമായ ശ്രമമായിരിക്കുമെന്നും അതിനുവേണ്ടി ഉപയോഗിക്കുന്ന സമയവും ശക്തിയും കുറേക്കൂടി ആദായകരമായി വിനിയോഗിക്കപ്പെടാമെന്നും ഈ ഇടക്കാലത്തു കരുതിയിരുന്നവരിൽ ഒരാളാണ് ഞാൻ. എന്നാൽ തൊഴിലില്ലാത്തവരുടെ സംഖ്യ ക്രമാതീതമായി വർദ്ധിക്കുകയും തൊഴിലില്ലായ്മക്ക് സാവകാശമുണ്ടാകത്തക്കവണ്ണം ജനങ്ങളുടെ ഇടയിൽ സംഘടിതമായ ശ്രമങ്ങൾ ഒന്നുംതന്നെ ഇല്ലാതിരിക്കയും ചെയ്യുന്ന രാജ്യത്തിന്റെ ഇന്നത്തെ അവസ്ഥയിൽ ഖദർപ്രചരണം അത്യന്തം പ്രയോജനകരവും സൃഷ്ടിപരവുമായ ഒരുദ്ദേശം നിറവേററുന്നുണ്ടെന്നും മഹാത്മാഗാന്ധിയുടെ സാർവ്വത്രികമായ നേതൃത്വത്തിൽ കാൺഗ്രസ്സ് ഖദർ പ്രചരണത്തിനായി ചെയ്തുവരുന്ന പരിശ്രമങ്ങൾ പൂർണ്ണമായും സാധൂകരിക്കപ്പെടാമെന്നും സുബോധമുള്ള ഏവരും സമ്മതിക്കുകതന്നെ ചെയ്യും. ഭാവിയിൽ എപ്പോഴെങ്കിലും കുറച്ചുകൂടി വിവേകപൂർവ്വമായ ഒരു സാമ്പത്തികനയത്തിന് ഗവർമ്മെൻറിന്റെ മനോഭാവം അധീനമാകുമ്പോൾ ഇന്നു ഖദറിൽ വിനിയോഗിക്കപ്പെടുന്ന ശ്രമങ്ങളിൽ അല്പഭാഗമെങ്കിലും കുറച്ചുകൂടി ആദായകരമായ തൊഴിലുകളിലേക്ക് ഗാന്ധിജിതന്നെ തിരിച്ചുവിടുമെന്നുള്ളതിൽ എനിക്കു സംശയമില്ല.

ഇന്ന് ഇൻഡ്യക്കുണ്ടായിരിക്കുന്ന സാമ്പത്തികദോഷങ്ങൾക്കു ശമനമുണ്ടാക്കാനുള്ള രണ്ടു കൈകണ്ട പ്രതിവിധികൾ വ്യവസായവും വിദ്യാഭ്യാസവുമാണ്. ഇനി വരാൻ പോകുന്ന കാലത്തെ പ്രധാന പ്രശ്നം രാഷ്ട്രീയത്തേക്കാൾ കൂടുതൽ സാമ്പത്തികമായിരിക്കും. അന്ന് ഇൻഡ്യ പരിഷ്കൃതമായ ബാഹ്യലോകത്തിനു പിന്നിലായിപ്പോകാതിരിക്കണമെങ്കിൽ വിപുലമായ വ്യവസായാഭിവൃദ്ധിയും സാങ്കേതികപരിജ്ഞാനത്തിന്റെ പരിമിതിയില്ലാത്ത പ്രചാരണവും അത്യന്താപേക്ഷിതമാകുന്നു.

## പ്രകൃതിയും കുഞ്ഞും.

പ്രകൃതിക്ക് കുഞ്ഞുങ്ങളിൽ ഉന്മേഷോല്ലാസഹേതുകമായ ഒരു സ്വാധീനശക്തിയുണ്ടെന്ന് സയുക്തികം തെളിയിച്ചുകൊണ്ട് ഒരു വിദ്യാഭ്യാസ പ്രവർത്തകയായ മിസ്സ്. കോറിഗോർഡൺ ഹിന്ദുവിൽ എഴുതിയിട്ടുള്ള ഒരു ചെറുലേഖനഭാഗമാണ് താഴെ ഉദ്ധരിക്കുന്നത്.

പ്രകൃതിയായ ലോകം കുഞ്ഞിന്റെ "ന്യായമായ പാരമ്പര്യസമ്പത്താണെ"ന്ന് ഒരു പ്രസിദ്ധ വിദ്യാഭ്യാസപ്രവർത്തകൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. അങ്ങിനെയിരിക്കെ അവകാശിക്ക് അവിടെ പര്യടനം ചെയ്യുന്നതിനും തദാരാമത്തിന്റെ ഗുണങ്ങളും നിയമങ്ങളും അറിയുന്നതിനും, ജീവിതത്തിൽ ഉപയോഗപ്രദമായിട്ടുള്ള അറിവു നേടുന്നതിനും ഉള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കേണ്ടതാണല്ലോ.

പ്രകൃതിയുടെ സാർവ്വജനീനമായ ആകർഷണങ്ങളും അവകാശങ്ങളുംകൊണ്ടാണ് കുഞ്ഞിനുള്ള ബുദ്ധിജന്യങ്ങളും വികാരോദ്ദീപകങ്ങളുമായ പല ആഗ്രഹങ്ങളേയും ഉണർത്തുന്നത്. പ്രകൃതിയിൽ സദാ ഉണ്ടായിക്കൊണ്ടിരിക്കുന്ന പരിവർത്തനങ്ങളും, സ്ഥിരമല്ലാത്ത ആകർഷണവും കുഞ്ഞിന്റെ ഹൃദയത്തേയും മനസ്സിനേയും ആത്മാവിനേയും വശീകരിക്കുന്നു. സ്വാതന്ത്ര്യവും ഉന്മേഷപരവുമായ ബാല്യകാലത്തിനു യോജിച്ച കൂട്ടുകെട്ടുകളും ഉണ്ടാക്കിക്കൊടുക്കുന്നു. നാട്ടിൻപുറത്തു വളർത്തപ്പെട്ട കുഞ്ഞു പ്രത്യേകിച്ചും ഭാഗ്യവാനാണ്. വേർഡ്സ്വർത്തിനെപ്പോലെ അയാളുടെ ബാല്യകാലസ്മരണകളും അനുഭവവും, അനന്തരജീവിതത്തിലെ വിഷമതകളെ ലഘൂകരിച്ച്, ആനന്ദം നല്കുവാൻ പര്യാപ്തമായിത്തീരുന്നതാണ്.

അരുവി, തടാകം, നദി, സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, വായുമണ്ഡലം, ആകാശം, മൃഗങ്ങൾ, ചെടികൾ ഇവ വളരെ ആകർഷണീയങ്ങളും, വിവിധ ഘട്ടങ്ങളിൽ വിവിധരൂപത്തിൽ ആകർഷിക്കുന്നവയുമാണ്. കുട്ടിക്കാലം മുതൽ പ്രകൃതി കുഞ്ഞുങ്ങളെ അതിന്റെ സ്വന്തങ്ങളെ എങ്ങിനെ ഭകരിപ്പിക്കുന്നു എന്ന് നാം മനസ്സിലാക്കുകയാണെങ്കിൽ ചെറുപ്പകാലത്ത് പ്രകൃതിയുമായുള്ള കുട്ടികളുടെ സംഘടനം എത്ര പ്രാധാന്യമർഹിക്കുന്നതാണെന്നു സ്പഷ്ടമാകുന്നതാണ്.

കുട്ടികൾക്ക് ആദ്യമായി ചില ധാരണകളുണ്ടാകുന്നത് ആനന്ദം നല്കുന്ന ഇന്ദ്രിയങ്ങൾ വഴിയ്ക്കാണ്. കാററ് കുട്ടിയുടെ കവിൾത്തടത്തിൽ മൃദുവായി തടവുകയും, സൂര്യൻ ചൂടു പിടിപ്പിയ്ക്കുകയും ചെയ്യുന്നു. തന്മൂലം മനസ്സിൽ ഒരു നല്ല ബോധമുദിയ്ക്കുകയും, പ്രവൃത്തിയ്ക്കുള്ള ശക്തികൾ അയാളിൽ ഉണ്ടാകുകയും ചെയ്യുന്നു. ബാല്യകാലത്ത് സുന്ദരങ്ങളായ വസ്തുക്കൾ ധാരാളം സന്തോഷം നല്കുന്നതു നല്ലപോലെ അറിയാവുന്ന പ്രകൃ

തിമാതാവു്, ഇന്ദ്രിയാനുഭവങ്ങൾ മുഖേന, വികസിച്ചുവരുന്ന മനസ്സിന്റെ ആവശ്യങ്ങൾ സുലഭമായി സാധിച്ചുംകൊടുക്കുന്നു.

## സമ്മിശ്രവിദ്യാഭ്യാസം.

ഇ. എ. ആഷ് ടൻ 'എഡ്യുക്കേഷൻ ഔട്ട്ലുക്കി'ൽ എഴുതിയിട്ടുള്ള ഒരു ലേഖനത്തിന്റെ ചില ഭാഗങ്ങളാണു് താഴെ ഉദ്ധരിക്കുന്നതു്.

ദീർഘകാലത്തെ അനുഭവത്തിൽ നിന്നും ഇപ്പോഴത്തെ സമ്മിശ്രവിദ്യാഭ്യാസത്തിലുള്ള ഗുണങ്ങളേക്കാൾ അധികം ദോഷങ്ങളുണ്ടെന്നു് എനിക്കു ബോദ്ധ്യപ്പെട്ടിരിക്കുന്നു. സമ്മിശ്രവിദ്യാഭ്യാസത്തിനുണ്ടെന്നു പറയുന്ന പ്രധാനഗുണങ്ങൾ, ബാലികാബാലന്മാർ പരസ്പരം കൂടക്കൂടെ കൂട്ടിമുട്ടുന്നതുകൊണ്ടു് ജിജ്ഞാസയേയും പ്രായമാകുന്നതിനു മുമ്പെയുള്ള കാമവികാരവിജൃംഭണത്തേയും തടയുന്നു; ഓരോ വർഗ്ഗത്തിനു മററതു് സ്വാധീനപ്പെടുന്നു; കുടുംബജീവിതത്തിന്റെ അടിസ്ഥാനത്തെ ബലിഷ്ഠമാക്കുന്നു എന്നിവയാണു്. താത്വികമായി നോക്കുകയാണെങ്കിൽ ഈ വാദങ്ങൾ ശരിതന്നെയാണു്. എന്നാൽ എതിർശക്തികളെപ്പററി ശരിയായി ആലോചിക്കുന്നില്ല. പള്ളിക്കൂടത്തിലെ അദ്ധ്യാപകന്മാർ അദ്ധ്യേതാക്കളെപ്പോലെയെങ്കിലും പ്രാധാന്യമുള്ളവരാണു്. എന്നാൽ എന്റെ അഭിപ്രായത്തിൽ അവരാണു് കുററക്കാർ.

ഒരു സമ്മിശ്രവിദ്യാലയത്തിൽ രണ്ടു വർഗ്ഗക്കാർക്കും കൂടക്കൂടെ ഇടപെടേണ്ടിവരും. ബാലികാബാലന്മാരുടെ സ്നേഹത്തേക്കാൾ കവിഞ്ഞു് ഒന്നു് ഉണ്ടാകുക എന്നതു സ്വാഭാവികമല്ലെ.? പ്രായമാകുന്ന ഘട്ടത്തിൽ വികാരങ്ങൾക്കു് പ്രകടനമാർഗ്ഗം ആവശ്യമാണു്. ഇല്ലെങ്കിൽ ആപൽക്കരവുമാണു്. എന്നാൽ അദ്ധ്യാപകന്മാരുടെ മനസ്ഥിതി എന്തു്.? ചിലപ്പോൾ സഹിഷ്ണുതാഭാവം കൈക്കൊള്ളുകയും മിക്കപ്പോഴും വിരോധം കാണിക്കുകയും ഈ തൊഴിൽക്കാരുടെ ആയുധങ്ങളായ ശകാരം, ആക്ഷേപം, മുള്ളുവാക്കുകൾ ഉപയോഗിക്കുക മുതലായവകൊണ്ടു തടയുകയും ചെയ്യുന്നു. ഇവ പരാജയപ്പെടുന്നു എങ്കിൽ ഹെഡ്മാസ്റ്ററുടെ കഠിനമായ ഒരു പ്രസംഗം ബാലികയെ അശ്രുകണം പൊഴിപ്പിക്കയും ബാലനെ ലജ്ജിതനാക്കുകയും ചെയ്യും. ഇതിന്റെ വിചിത്രമായ ഫലം ഒരു വർഗ്ഗത്തിനു് മററെ വർഗ്ഗത്തിനോടുള്ള സ്നേഹം ലജ്ജാകരമായ ഒന്നാണെന്നു തോന്നുകയും അതിനെ മർദ്ദിക്കുകയും ചെയ്യുകയൊ അല്ലെങ്കിൽ രണ്ടുകൂട്ടരും അതിനെ കുറെക്കൂടി ഗൗരവതരമായി വിചാരിക്കുകയൊ ആണു്. രണ്ടും ആപൽഹേതുകങ്ങളാകുന്നു.

സമ്മിശ്രവിദ്യാലയത്തിലെ ചെറുപ്പക്കാരായ അദ്ധ്യാപകന്മാരും പ്രായമായ പെൺകുട്ടികളും തമ്മിലുള്ള ബന്ധത്തിൽ നിന്നും വേറൊരു വിഷമമുണ്ടാകുന്നു. കാളേജിൽനിന്നും പുറത്തുവന്ന ചെറുപ്പക്കാരായ വാദ്ധ്യാന്മാർക്ക് പെൺകുട്ടികളിൽ അനുരാഗമുണ്ടാകുന്നതും ഉടനെ വിവാഹം ചെയ്യുന്നതുമായ രണ്ടു സംഭവങ്ങൾ എനിക്കറിയാം. ദുഃഖപര്യവസായിയായ വേറൊരു സംഭവവും എനിക്കറിയാം. ഇങ്ങനെ അപൂർവ്വമായിട്ടേ സംഭവിക്കയുള്ളു എന്നു വാദിക്കുമായിരിക്കാം. ഒരുക്ഷേ ഇനിയും ഈ വക സംഭവങ്ങൾ ഉണ്ടാകയുമാകാം. എന്നാൽ നില അത്യക്ഷേപാർഹമാണ്. അദ്ധ്യേതാക്കളുടെയും അദ്ധ്യാപകന്മാരുടെയും മാതാപിതാക്കളുടേയും ഇടയിൽ വളരെ അസമാധാനവും വാദപ്രതിവാദങ്ങളും ഇതുമൂലം ഉണ്ടാകുന്നു.

# കുറിപ്പുകൾ.

പത്രബന്ധുക്കൾ അറിവാൻ.

'ഗുരുനാഥൻ' മാസിക ഡിപ്പാർട്ടുമെൻറിൽ ഉൾപ്പെട്ട എല്ലാ സർക്കാർ മലയാളം മിഡിൽസ്കൂളുകളിലും പതിവായി അയച്ചുകൊണ്ടിരുന്നു. എന്നാൽ അതിൻെറ വരിസംഖ്യ ഗവർമ്മെൻറിൽനിന്നുമാണ് ഇവിടെ ലഭിച്ചിരുന്നതു്. ഇപ്പോഴത്തെ സാമ്പത്തികാധഃപതനം മൂലം മാസിക മുതലായവ വരുത്തുന്നതിന് തൽക്കാലം പണമില്ലെന്നു പെൺപള്ളിക്കൂടം മേലധികാരികളിൽ നിന്നും ഞങ്ങൾക്ക് കത്തുകൾ കിട്ടിയിരിക്കുന്നു. എന്നിരുന്നാലും കുറെക്കാലമായി മുടക്കംകൂടാതെ മാസിക അയച്ചുകൊണ്ടിരുന്ന പതിവിനെ ഈ ലററർ കിട്ടിയിട്ടും ഭേദപ്പെടുത്തിയില്ല. കാരണം മറെറാന്നുമല്ല, വി. എം. സ്കൂളിൽ ഒരു മാസിക എടുക്കുമെന്നും വരിസംഖ്യ ഡിപ്പാർട്ടുമെൻറിൽനിന്നും തരുന്നില്ലെങ്കിൽ തത്താതുസ്കൂളിലെ അദ്ധ്യാപകന്മാർ ആ ഭാരം വഹിച്ചു ഞങ്ങളെ സഹായിയ്ക്കുമെന്നും വിശ്വസിച്ചുകൊണ്ടാണ് മാസിക തുടന്ന് അയച്ചുകൊണ്ടിരിക്കുന്നതു്. അതുകൊണ്ടു് ഒരദ്ധ്യാപകന് ഒരു മാസം മുക്കാൽ ചക്രത്തിൽ അധികം ചിലവു വരികയില്ല. വി. എം. ഗേൾസ്സ്കൂളുകാർ ആ വിധം സഹായിക്കുമെന്ന് വിശ്വസിക്കുന്നു.

ഇപ്പോൾ മിഡ്ഡ പ്രൈമറിസ്കൂളുകളിലും മാസിക എടുത്തുവരുന്നി

ല്ല. അവിടെയും മാസിക പ്രചരിപ്പിക്കാനായി ഞങ്ങളുടെ ഒരു പ്രധാന പ്രവൎത്തകനായ മി: പി. ആർ. നീലകണ്ഠൻനായരവർകൾ പുറപ്പെട്ടിട്ടുണ്ട്. അദ്ദേഹം അറിയിച്ചിട്ടുള്ള പ്രകാരം പല പ്രൈമറിസ്കൂളുകളിലേക്കും മാസിക അയച്ചിട്ടുമുണ്ട്. മാസിക കിട്ടിയിട്ടുള്ള പ്രൈമറിസ്കൂളുകാർ ഉടനെ വരിസംഖ്യ മണിയോഡറയച്ചുതന്നു സഹായിക്കണമെന്നപേക്ഷ.

എല്ലാ പ്രൈമറിസ്കൂളുകളിലുംകൂടി ഒരു പ്രതി 'ഗുരുനാഥൻ' വരുത്തി സഹായിക്കണമെന്നാണു ഞങ്ങളുടെ അപേക്ഷ. എല്ലാ അദ്ധ്യാപകന്മാരുംകൂടി വരിസംഖ്യകൊടുത്ത് സ്കൂൾവകയായിട്ട് ഹെഡ്മാസ്റ്ററുടെ മേൽവിലാസത്തിൽ ഒരു മാസിക വരുത്തുന്നതായാൽ അതു കാൎയ്യക്ഷമവും പ്രായോഗികവുമായിരിക്കുമെന്ന് വിശ്വസിക്കുന്നു. എന്നാൽ മി: നീലകണ്ഠൻനായർ പോയ സ്ഥലത്തെല്ലാം അപ്രകാരം ഏൎപ്പാടുചെയ്തിട്ടുണ്ട്. എങ്കിലും ഈ സ്കൂൾവൎഷത്തിൽ എല്ലാ സ്ഥലത്തും അദ്ദേഹത്തിന് എത്താൻ സാധിക്കാത്തതുകൊണ്ട് പ്രൈമറി സ്കൂൾ അദ്ധ്യാപകന്മാർ കഴിയുന്നത്ര വേഗത്തിൽ മാസിക വരുത്തി ഞങ്ങളെ സഹായിക്കണമെന്നപേക്ഷ.

## അദ്ധ്യാപകശമ്പളക്കുറവ്.

ഇപ്പോഴത്തെ സാമ്പത്തികാധഃപതനംനിമിത്തം ഇംഗ്ലണ്ടിലെ അദ്ധ്യാപകന്മാരുടെ ശമ്പളം പതിനഞ്ചു ശതമാനംകുറക്കുവാൻ ഗവൎമ്മെന്റു ശ്രമിച്ചുവല്ലൊ. എന്നാൽ അവിടത്തെ അദ്ധ്യാപകന്മാരുടെ സംഘടനയുടെയും അവിശ്രാന്തപരിശ്രമത്തിന്റെയും ഫലമായി ഈ നിശ്ചയത്തിൽ ഒരു ഭേദഗതി വരുത്തുകയും ശമ്പളക്കുറവ് പതിനഞ്ചിനുപകരം പത്തു ശതമാനം കുറക്കുകയും ചെയ്യുന്നതിന് അവൎക്കു സാധിച്ചിരിക്കുന്നു. രാജ്യത്തിലെ ഈ സാമ്പത്തികവിഷമാവസ്ഥയിൽ അദ്ധ്യാപകന്മാൎക്കു അല്പം ത്യാഗം സഹിക്കേണ്ടിവരുമെന്ന് അവൎക്കു അറിയാമായിരുന്നെങ്കിലും, ശമ്പളത്തിൽ പതിനഞ്ചുശതമാനം കുറവുചെയ്യുവാൻ അവൎക്കു തീരെ സമ്മതമല്ലായിരുന്നു. അതുകൊണ്ട് അവർ കഠിനമായ പ്രക്ഷോഭണവും ആരംഭിച്ചു. അവരുടെ അടുത്ത ശ്രമം അതു കഴിയുന്നിടത്തോളം കുറച്ചുകാലംമാത്രമെ നിലനില്ക്കുന്നുള്ളു എന്നു കാണിക്കുന്നതിലായിരിക്കും. ഇൻഡ്യയുടെ വിവിധഭാഗങ്ങളിലെ അദ്ധ്യാപകശമ്പളത്തിലും സഹായധനത്തിലും വരുത്തിയിട്ടുള്ള കുറവ് ഒരുപോലെയല്ല. എന്നാൽ അദ്ധ്യാപകസമാജങ്ങൾ ഈ വിഷയത്തിൽ എന്താണ് ചെയ്യുന്നതു്? ചില സ്ഥലങ്ങളിൽ അങ്ങിനെ ഒന്നില്ല. ചിലതു് കാൎയ്യക്ഷമതയൊ ശക്തിയൊ ഇല്ലാത്തതാണ്. ഇൻഡ്യയിലെ അദ്ധ്യാപകവൃന്ദം അവരുടെ ബ്രിട്ടീഷുസഹോദരന്മാരിൽനിന്നും ഒരു പാഠം പഠിക്കേണ്ടതാണ്. ഈ സംഗതിയെക്കുറിച്ച് തിരുവി

താംക്കൂർ ഗവമ്മെണ്ടിന്റെ നയമെന്തെന്ന് ഇതേവരെ പരസ്യമാക്കിയിട്ടില്ലെന്ന് തോന്നുന്നു. ശമ്പളം കുറവുചെയ്യുന്നതിനെപ്പററി ഒന്നും പുറത്തായിട്ടില്ലെങ്കിലും, വിദ്യാഭ്യാസവകുപ്പിലെ ചിലവു ചുരുക്കുവാനുദ്ദേശമുണ്ടെന്നു തീർച്ചയാണ്. എന്നാൽ വിദ്യാഭ്യാസസ്ഥാപനങ്ങൾക്കു നൽകിവരുന്ന സഹായധനവും മററും കുറക്കുന്നതു ശരിയല്ല. പല ഗ്രാൻറുപള്ളിക്കൂടങ്ങളും കുട്ടികളില്ലാതെ നടത്തുന്നുണ്ട്. അവ നിറുത്തുകയും ഉള്ളവയ്ക്കു നല്ല സഹായധനം കൊടുക്കുകയുമാണു ഗവമ്മെൻറു ചെയ്യേണ്ടതു്. അതോടുകൂടി ഈ ഡിപ്പാർട്ടുമെൻറിലെ അനാവശ്യ ഉദ്യോഗങ്ങളും കുറെ കുറക്കേണ്ടതാണ്.

### മദിരാശിയിലെ വിദ്യാഭ്യാസവാരം.

പാലക്കാട്ടുവെച്ചു കൂടിയ ഇരുപത്തിമൂന്നാമത്തെ മദിരാശി വിദ്യാഭ്യാസസമ്മേളനത്തിലെ പ്രമേയമനുസരിച്ച് ഒക്ടോബർമാസാവസാനത്തിൽ ഒരു വിദ്യാഭ്യാസവാരം നടത്തിയിരിക്കുന്നു. ഇതു് ഉൽഘാടനം ചെയ്തതു് വിദ്യാഭ്യാസഡയറക്ടർ മി: ഗ്രീവ് ആണ്. മദിരാശിയിലും അതിനടുത്തും പല സമ്മേളനങ്ങൾ കൂടുകയും ഗംഭീരങ്ങളായ പ്രസംഗങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. തന്മൂലം പല അദ്ധ്യാപകന്മാർക്കും സമ്മേളിക്കുന്നതിനും ആ പാവനമായ തൊഴിലിന്റെ മാഹാത്മ്യം മനസ്സിലാക്കുന്നതിനും സാധിച്ചിട്ടുണ്ട്. വിദ്യാഭ്യാസവാരത്തിലെ കാര്യപരിപാടി രൂപവൽക്കരിച്ചിരുന്നതു്, പൊതുജനങ്ങൾക്കു കുട്ടികൾ വിദ്യാലയങ്ങളിൽ ചെയ്യുന്ന ജോലിയെപ്പററി പ്രത്യക്ഷമായ അറിവു നൽകുകയും, വിദ്യാഭ്യാസത്തിനായി ബുദ്ധിപൂർവ്വകം ചിലവാക്കുന്നതു് ഗുണകരമായ ഒരു കാര്യത്തിനുവേണ്ടി പണം നിക്ഷേപിക്കുകയാണെന്നു മനസ്സിലാക്കുകയും ചെയ്യണമെന്നുള്ള ഉദ്ദേശത്തോടുകൂടിയായിരുന്നു. വിദ്യാഭ്യാസവാരം വിജയപ്രദമായിരുന്നു എന്നാണു പത്രങ്ങളിലേയും മററും റിപ്പോർട്ടുകൾകൊണ്ടു മനസ്സിലാക്കേണ്ടതു്. ആണ്ടുതോറും ഇതു തുടൎന്നുകൊണ്ടുപോകയാണെങ്കിൽ കൂടുതൽ വിജയകരവും നാട്ടുകാൎക്കു ഗുണകരവുമായിത്തീരാതിരിക്കയില്ല. വിദ്യാഭ്യാസവാരംകൊണ്ടു് പല സൽഫലങ്ങളും ഉണ്ടാകുന്നതാണ്. ഒന്നാമതായി അദ്ധ്യാപകന്മാൎക്കു സമ്മേളിക്കുവാനും അവരുടെ ഉത്തരവാദിത്വങ്ങളേയും പ്രവൃത്തിശ്രേഷ്ഠതയേയും മനസ്സിലാക്കുന്നതിനുമുള്ള ഒരു കേന്ദ്രമായിത്തീരുന്നു. അതു് അദ്ധ്യാപകലോകത്തേയും പൊതുജനങ്ങളേയും സംഘടിപ്പിക്കുന്നു. പൊതുജനങ്ങളുടെ സഹകരണംകൂടാതെ ഒരു വിദ്യാഭ്യാസപ്രവൃത്തിയും സഫലമായിത്തീരുന്നതല്ല. അതു് ജനങ്ങളെ ആകൎഷിക്കുന്നതിനും വിദ്യാഭ്യാസത്തിൽ അവൎക്കു താല്പര്യം ജനിപ്പിക്കുന്നതിനും സഹായിക്കുന്നു. ഇൻഡ്യയുടെ ഇതരഭാഗങ്ങളിലും വിദ്യാഭ്യാസസ്ഥാപനങ്ങൾ ഇങ്ങിനെ പ്രവൃത്തി

ച്ചാൽ നന്നായിരിക്കും. ഇതുപോലെ കേരളത്തിലുമൊരു വിദ്യാഭ്യാസവാരം നടത്തി വിദ്യാഭ്യാസപരമായ ഉൽബോധനങ്ങളും, നൂതനപ്രവൎത്തനങ്ങളും നൽകുന്നതു നന്നായിരിക്കും.

പരേതനായ മി: പി. ടി. ശ്രീനിവാസയ്യങ്കാർ എം. ഏ.

തെക്കെ ഇൻഡ്യയിലെ ഒരു പ്രശസ്ത വിദ്യാഭ്യാസപ്രവൎത്തകനും സുപ്രസിദ്ധ ചരിത്രകാരനും ആയിരുന്ന പി. ടി. ശ്രീനിവാസയ്യങ്കാർ എം. ഏ. നിൎയ്യാതനായിരിക്കുന്നതായി അറിയുന്നു. ചരിത്രസംബന്ധമായി അദ്ദേഹം എഴുതിയിട്ടുള്ള പുസ്തകങ്ങൾ അദ്ദേഹത്തിന്റെ അഗാധപാണ്ഡിത്യത്തിനും പൎയ്യാലോചനശീലത്തിനും ഉത്തമോദാഹരണങ്ങളാണ്. അദ്ദേഹത്തിന്റെ മരണംമൂലം ഇൻഡ്യക്ക് ഒരു നല്ല വിദ്യാഭ്യാസപ്രവൎത്തകനും ചരിത്രകാരനും നഷ്ടമായിരിക്കുന്നു. തമിഴർ അദ്ദേഹത്തിന്റെ ഓൎമ്മയെ നിലനിറുത്തുന്നതിനുവേണ്ടി ചിലതു പ്രവൎത്തിക്കുവാനുദ്ദേശിക്കുന്നതു് ഉചിതം തന്നെയാണ്.

രവീന്ദ്രനാഥടാഗോർ.

മഹാകവി രവീന്ദ്രനാഥടാഗോറിന് എഴുപതു വയസ്സു തികയുന്ന ഈ ശുഭാവസരത്തിൽ ഞങ്ങൾ അദ്ദേഹത്തിന് മംഗളമാശംസിച്ചുകൊള്ളുന്നു. ലോകസാഹിത്യത്തിൽ അദ്ദേഹം ഒരു ശാശ്വതസ്ഥാനം കരസ്ഥമാക്കിയിട്ടുണ്ട്. ഗീതാഞ്ജലിയുടെ കൎത്താവെന്നോ ഒരു കവിയെന്നോ ഉള്ള നിലയിൽ മാത്രമല്ല അദ്ദേഹം പ്രസിദ്ധനായിത്തീൎന്നിട്ടുള്ളതു്. ഒരു നോവലെഴുത്തുകാരൻ, നാടകകൎത്താവ്, ഉൽകൃഷ്ടചിന്തകൻ എന്നീ നിലകളിലും അദ്ദേഹം തന്റെ യശഃപതാക ലോകത്തിന്റെ നാനാഭാഗത്തും നാട്ടിയിട്ടുണ്ട്. ശാന്തിനികേതനത്തിന്റെ സ്ഥാപനംമുഖേന അദ്ദേഹം ചെയ്തിട്ടുള്ള മഹത്തായ വിദ്യാഭ്യാസസേവനത്തെയും വിദ്യാഭ്യാസതല്പരന്മാരായ എല്ലാവരും അഭിനന്ദിക്കുന്നതാണ്. ഭാരതത്തിന്റെ യശസ്സിനെ സാക്ഷാൽകരിക്കുന്ന ആധുനികമഹാന്മാരിൽ ഒരാൾ അദ്ദേഹമാണെന്നുള്ളതിനു സംശയമില്ല. ജ്ഞാനവൃദ്ധനും വയോവൃദ്ധനും ആയ ഈ മഹാകവിക്ക് ഞങ്ങൾ ആയുരാരോഗ്യസമ്പൽസമൃദ്ധിയെ ആശംസിച്ചുകൊള്ളുന്നു.